K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
Date.............
MANNARKKAD

# പ്രസന്നകേരളം

സി. നാരായണപിള്ള

## പട്ടം താണുപിള്ള

[ഒരു തൂലികാചിത്രം]



ഒരുന്നൂററിപ്പതിന്നാലു ചിങ്ങമാസം പത്താം തീയതി തിരുവിതാംകൂർ സ്റ്റേററകോൺഗ്രസ്സ് സംഘടിത ശക്തിയോടെ ആരംഭിച്ച നിയമനിഷേധ പ്രസ്ഥാനത്തിന്റെ മാ[illegible]ലികൾ ഇന്ത്യയിൽ മാത്രമല്ല വിദേശങ്ങളിൽകൂടി വ്യാപിക്കുകയുണ്ടായി. ആ നിയമലംഘനപരിപാടികളുടെ നിഷ്പക്ഷമായ ഒരു ചരിത്രം ലിഖിതപ്പെടുത്തുവാനൊരുങ്ങുന്ന ഗ്രന്ഥകാരന് ആ വീരചരിതത്തിലെ അനിഷേധ്യനായകനായ ശ്രീ പട്ടം താണുപിള്ളയ്ക്കു അങ്ങനെയൊരു വിഷമഘട്ടം തിരുവിതാംകൂറിൽ സംജാതമാക്കിയതിലും അതികഠിനമായ യാതനകളനുഭവിക്കുവാൻ പൊതുജനങ്ങളെ ഇളക്കിവിട്ടതിലും ഉണ്ടായിരുന്ന ഉത്തരവാദിത്വം എത്രമാത്രമായിരുന്നുവെന്നു പരിഗണിച്ചു വിധി നിർണ്ണയിക്കേണ്ടി വരുമെന്നുള്ള കാര്യം തികച്ചും നിർവിവാദമാണ്. അന്യാദൃശ്യവും അവിസ്മരണീയവുമായ ആ ശോകനാടകത്തിലെ ഹൃദയഭേദകങ്ങളായ മിക്ക രംഗങ്ങളും ഇനിയും രചിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. തിരുവിതാംകൂറിനെ ഒരററം മുതൽ മററെ അററംവരെ ഇളക്കിമറിച്ചു ഏതൊരു ഭാരതീയനേയും പുളകം കൊള്ളിച്ച പ്രസ്തുത സംഭവങ്ങൾക്കുള്ള ഉത്തരവാദിത്വത്തിൽ ഒരു വലിയ ഭാഗം ശ്രീ പട്ടം താണുപിള്ളയുടെ ചുമലിൽതന്നെ വന്നലയ്ക്കുമെന്നുള്ളതു തീർച്ചയാണ്. എങ്കിലും ആ ശോകനാടകത്തിൽ അദ്ദേഹത്തിനുള്ള പങ്കു ഒരു ശോകാത്മക ചരിത്രത്തിലെ കഥാനായകനുള്ളതു മാത്രമാണ്. ഉന്നതാശയനായ ഒരു ജനകീയ നേതാവിനു മാത്രം അനുഭവപ്പെടുന്ന അത്യഗാധമായ വിഷാദാത്മകത്വത്തോടു കൂടിയാണ് ഏതൊരു വിപത്തിൽനിന്നു ജനങ്ങളെ അകററി നിറുത്തുവാൻ അദ്ദേഹം ശ്രമംചെയ്തുവോ ആ വിപത്തിൽതന്നെ അദ്ദേഹം അവരെക്കൊണ്ടുചെന്നു ചാടിച്ചതു്.

ശ്രീ പട്ടം താണുപിള്ളയെപ്പററി ചിന്തിക്കുമ്പോൾ മുൻപറഞ്ഞ വികാരങ്ങൾ രൂപമെടുക്കുന്ന ഒരു ചിത്രമാണ് ഞാൻ പുരോഭാഗത്തു ദർശിക്കുന്നതു്. 1113 മിഥുനമാസത്തിലെ ദ്വിതീയവാരത്തിൽ അന്നു തിരുവിതാംകൂർ സ്റ്റേററ്കോൺഗ്രസ്സ് ആഫീസ്സായിരുന്ന വൻറോസ് ബംഗ്ലാവിലെ ഒരു പ്രക്ഷുബ്ധരംഗം ചിത്രകാരന്റെ ഓർമ്മയിൽ വരുന്നു. അതിപ്രധാനമായ ചില കാര്യങ്ങളെപ്പററി ആലോചന നടത്തുവാൻ സ്റ്റേററ്കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി സമ്മേളിച്ചിരിക്കയാണ്. ശ്രീ താണുപിള്ള അദ്ധ്യക്ഷപീഠത്തിൽ ഇരിക്കുന്നു. വർക്കിംഗ് കമ്മിററിയിലെ വലിയ തോക്കുകൾ എല്ലാംതന്നെ ഹാജരുണ്ട്. പ്രകൃത്യാ ഗാംഭീര്യം തുളുമ്പുന്ന മി. താണുപിള്ളയുടെ മുഖം അന്നു വികാരവിക്ഷുബ്ധതകൊണ്ടു മ്ലാനമായിരിക്കുന്നു. തല പിറകോട്ടു പിടിച്ചു മുൻഭാഗത്തുള്ള ഭിത്തിയിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു അദ്ദേഹം മൗനം ദീക്ഷിക്കുകയാണ്. അമർത്തപ്പെട്ട രോഷത്തിന്റെയും കക്ഷി മത്സരങ്ങളുടെയും ഗൂഢാലോചനകളുടെയും പ്രതിധ്വനികൾ ഇടക്കിടയ്ക്കു നാലുപാടും മുഴങ്ങുന്നുണ്ട്. കഷ്ടിച്ചു മൂന്നു മാസം മാത്രം പ്രായമുണ്ടായിരുന്ന സ്റ്റേററ് കോൺഗ്രസ്സ് സംഘടന ശിഥിലപ്പെട്ടുപോയേക്കുമെന്നുള്ള ഉൽക്കണ്ഠയോടുകൂടി ആവേശഭരിതരായി പുറത്തു കൂട്ടം കൂടിയിരുന്ന യുവാക്കന്മാർ മന്ദസ്വരത്തിലും ചിലപ്പോൾ ശബ്ദമുയർത്തിയും വാഗ്വാദങ്ങൾ ചെയ്യുന്നുണ്ട്. ദിവാൻജിയുടെ ഭരണവൈകല്യങ്ങളെ പരാമർശിച്ചു തയ്യാറാക്കിയിരുന്നതും മഹാരാജാവുതിരുമനസ്സിലേക്ക് സമർപ്പിക്കുവാൻ നിശ്ചയിച്ചിരുന്നതുമായ ചരിത്രപ്രസിദ്ധമാകുവാൻ പോകുന്ന മെമ്മോറിയൽ കത്തഴിഞ്ഞു മേശമേൽ ചിതറി കിടക്കുന്നു. അതിൽ ഒപ്പുവയ്ക്കുവാനാണ് കമ്മിററി അംഗങ്ങൾ അന്നു മുഖ്യമായി സമ്മേളിച്ചിരിക്കുന്നതു്. അഭിപ്രായവൈരുദ്ധ്യങ്ങൾകൊണ്ടു അന്നുവരെ നീട്ടിക്കൊണ്ടുപോയ കർത്തവ്യം നിർവഹിച്ചിട്ടു അന്നു രാത്രിതന്നെ തെരഞ്ഞെടുപ്പ് പ്രചരണങ്ങൾക്കായി മാവേലിക്കരയ്ക്കു പോകുവാൻ കോൺഗ്രസ്സ് പ്രവർത്തകന്മാർ കാത്തുനിൽക്കുകയാണ്. ആരോപണങ്ങളും പ്രത്യാരോപണങ്ങളും ആത്മാർത്ഥതയെപ്പററിയുള്ള ആശങ്കാപ്രകടനങ്ങളും കൊണ്ടു അന്തരീക്ഷം ഇടക്കിടയ്ക്കു ചൂടുപിടിക്കുന്നുണ്ട്. ചില വർക്കിംഗ് കമ്മിററി അംഗങ്ങൾ അവരുടെ രാജിക്കത്തുകൾ കീശയിൽ വഹിച്ചുകൊണ്ടാണ് യോഗത്തിൽ സന്നിഹിതരായിട്ടുള്ളതു്. തിരുവിതാംകൂർ ജനതയുടെ ചിരകാലപ്രതീക്ഷകളുടെ വൽസലസന്താനമായ സ്റ്റേററ്കോൺഗ്രസ്സ് സംഘടന ശിഥിലപ്പെട്ടുപോയേക്കുമെന്നു ഭയന്നു അകംനൊന്തു് ചിന്തിച്ചുകൊണ്ടു ശ്രീ താണുപിള്ള വാഗ്വാദങ്ങളിൽനിന്നു വിരമിച്ചിരിക്കയാണ്. അദ്ദേഹത്തിന്റെ വാദഗതികളോടു അനുകൂലിക്കുവാൻ അദ്ദേഹം അല്ലാതെ അന്നു അവിടെ ആരും ഉണ്ടായിരുന്നില്ല. രാത്രി മണി പന്ത്രണ്ടടിച്ചു. അക്ഷമരായ ചില വർക്കിംഗ് കമ്മിററി അംഗങ്ങൾ അപഹാസ്യസ്വരത്തിൽ ഒന്നു ചിരിച്ചിട്ടു അവരുടെ റെയിൽ സഞ്ചികൾ കയ്യിലെടുത്തു പുറത്തേക്ക് നടന്നു. മററു ചിലർ അവരുടെ രാജി പ്രമാണങ്ങൾ പുറത്തു കാട്ടി ഭീഷണിപ്പെടുത്തി. അനിയന്ത്രിതമായ പ്രക്ഷുബ്ധതയുടെയും അസഹിഷ്ണുത നിറഞ്ഞ അവഹേളനങ്ങളുടെയും അപശബ്ദങ്ങൾ വെളിയിൽനിന്നു കേട്ടുതുടങ്ങി. ശ്രീ താണുപിള്ള മേശപ്പുറത്തു കിടന്ന സ്റ്റീൽപേനാ എടുത്തു മഷിയിൽ മുക്കി. ചുററുപാടും നിശ്ശബ്ദത വ്യാപിച്ചു. ജിജ്ഞാസുക്കളായ പ്രേക്ഷകന്മാർ ശ്വാസമടക്കി നിന്നു അദ്ധ്യക്ഷനെ നോക്കി. അർദ്ധരാത്രിയുടെ കട്ടത്ത നിശ്ശബ്ദതയിൽ ശ്രീ താണുപിള്ളയുടെ സ്വരം മോഹനഗംഭീരമായി ഹാളിൽ മുഴങ്ങി. "ഈ പ്രമാണം നമ്മുടെ ഭാവിപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നറിഞ്ഞുകൊണ്ടുതന്നെ ഞാൻ ഇതിൽ ഒപ്പുവയ്ക്കുന്നു. എന്റെ പ്രസ്താവന നിങ്ങൾക്കു ഒരു മുന്നറിവായിരിക്കട്ടെ." വീണ്ടും ഹാളിലെങ്ങും നിശ്ശബ്ദത വ്യാപിച്ചു. മി. താണുപിള്ള ചിതറിക്കിടന്ന കടലാസ്സുകൾ വലിച്ചുവച്ചു അവസാനപ്പുറത്തു അദ്ദേഹത്തിന്റെ ഒപ്പു രേഖപ്പെടുത്തി. മററു വർക്കിംഗ് കമ്മിററി അംഗങ്ങൾ ഒന്നൊന്നായി അദ്ദേഹത്തെ അനുകരിച്ചു. സ്റ്റേററ് കോൺഗ്രസ്സ് സംഘടന രക്ഷപെട്ടു. എങ്കിലും താണുപിള്ളയുടെ പ്രവചനം പ്രത്യക്ഷരം ശരിയായിരുന്നുവെന്നു അനന്തരസംഭവങ്ങൾ തെളിയിച്ചു. ദിവാൻജിയെപ്പററി ചെയ്ത ആരോപണങ്ങൾ കൂടാതെയാണ് സ്റ്റേററ്കോൺഗ്രസ്സ് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയിരുന്നതെങ്കിൽ ഒരു പക്ഷെ ആ രാഷ്ട്രീയ സംഘടനയുടെ ചരിത്രം ഇന്നത്തേതിൽനിന്നു [illegible] വ്യത്യസ്ഥമായിരുന്നേനെ. ശ്രീ താണുപിള്ളയുടെ ആത്മാർത്ഥതയെ അന്നു ചോദ്യം ചെയ്ത മഹാരഥന്മാരിൽ ഒരു വലിയ വിഭാഗം ഇന്നെവിടെയാണെന്നു പൊതുജനങ്ങൾക്കറിയാം. സ്റ്റേററ്കോൺഗ്രസ്സ് സംഘടനയുടെ തോളിൽ ചവുട്ടിനിന്നു മുകളിലേക്കു കുതിച്ചുപൊങ്ങിയവരുണ്ട്. മാപ്പു ചോദിച്ചു അപ്പക്കഷണങ്ങൾ വാങ്ങി ആനന്ദിക്കുന്നവരുണ്ട്. "നക്കാപ്പിച്ച" കാത്തുകിടക്കുന്നവരുണ്ട്. മധ്യമാർഗ്ഗം തളർന്നു വീണുപോയവരുണ്ട്. അവരൊക്കെ അന്നത്തെ അർദ്ധരാത്രിയുടെ വിജനതയിൽ ആ പ്രമാണത്തിൽ ഒപ്പുവയ്ക്കുന്നതു് അന്യാദൃശ്യമായ ധീരത എന്നു തെററിദ്ധരിച്ചവരാണ്. എങ്കിലും പ്രതിഷേധം പ്രകടി-

(ശേഷം 12-ാം പേജിൽ)

### വിഷയവിവരം

സി. നാരായണപിള്ള — പട്ടം താണുപിള്ള
പൊൻകുന്നം വർക്കി — തൊഴിലാളി
ഏ. ബാലകൃഷ്ണപിള്ള — നമ്മുടെ നോവൽപ്രസ്ഥാനം
ഇ.എം.എസ് നമ്പൂതിരിപ്പാട് — ഭൂസ്വത്തുപ്രശ്നം
ആർ. സുഗതൻ — മെയ്ദിനം
അക്കമ്മ ചെറിയാൻ — മറിയാമോണ്ടിസോറി
തകഴി ശിവശങ്കരപ്പിള്ള — പഴയതും പുതിയതും
സി. ജെ. തോമസ് — "സമരകവി"

പ്രസന്നകേരളം
മെയ് 5, 1946
പുസ്തകം 18
ലക്കം 1
വില 2 അണ

# കുറിപ്പുകൾ

## തകരുന്ന ലോകസംഘടന

സർവരാജ്യസഖ്യത്തിന്റെ ചിതാഭസ്മത്തിൽനിന്ന് ഉദിച്ചുയർന്നതാണ് ഐക്യരാജ്യസംഘടന. സർവരാജ്യസഖ്യത്തിനു സംഭവിച്ച വിധിതന്നെ ഈ സംഘടനയ്ക്കും ഭവിക്കുമോ എന്ന പ്രശ്നം രാഷ്ട്രീയചിന്തകന്മാരുടെ ഇടയിൽ ഇന്ന് ഒരു വാദവിഷയമായിത്തീർന്നിട്ടുണ്ട്. സംഘടനയുടെ പൊതു അച്ചടക്കത്തിൽനിന്ന് ഒഴിയുവാൻ പല പ്രമുഖരാഷ്ട്രങ്ങളും ഇന്നു ചെയ്യുന്ന പരിശ്രമങ്ങളാണ് ഈ ആശങ്കയ്ക്ക് ആധാരം. പേർഷ്യൻപ്രശ്നം പ്രതിപാദിക്കുന്നതിൽനിന്ന് ഒഴിയുവാൻ സോവിയററ്‌യൂണിയൻ പരിശ്രമിക്കുന്നു. ബ്രിട്ടൻ ഗ്രീസിന്റെ വിഷയം വരുമ്പോൾ കതറുന്നു. ജപ്പാനിലെ ഇന്നത്തെ ഭരണത്തെ വിമർശിക്കുന്നത് അമേരിക്കയ്ക്ക് അരോചകമാണ്. സ്വയം സൃഷ്ടിച്ച സംഘടന, താനേ നിർമ്മിച്ച നിയമാവലി; അതിൽനിന്ന് ഒഴിഞ്ഞുമാറുവാനുള്ള തിടുക്കം—ഇതൊരു വിരോധാഭാസമായിത്തോന്നാം. ഇതെങ്ങനെ സംഭവിച്ചു?

ഒരു സാർവലൗകിക സംഘടനയ്ക്കുള്ള ആഗ്രഹം അത്ര പുതിയതല്ല. ലോകചരിത്രത്തിന്റെ പുരോഗതിയിൽ കാണുന്നത്, ചെറിയരാജ്യങ്ങൾ പലകാരണങ്ങൾകൊണ്ടും യോജിച്ച് വലിയ രാഷ്ട്രങ്ങളായിത്തീരുന്നതാണ്. ഏകവർഗ്ഗരാഷ്ട്രങ്ങൾ ഭിന്നവർഗ്ഗരാഷ്ട്രങ്ങളായി ഉയർന്നു. വിവിധ ഭൂമിശാസ്ത്രവിഭാഗങ്ങൾ ഏകീകരണത്തിനുവേണ്ടി യോജിച്ചുചേർന്നു. അടുത്തപടിയായി ഒരു സാർവലൗകിക രാഷ്ട്രത്തിനുള്ള ആകാംക്ഷയും ഉണ്ടായി. ഹേയ്ഗിലെ കോടതി എന്നറിയപ്പെടുന്ന സ്ഥാപനമാണ് ഈ ചിന്താഗതിയുടെ പ്രകടമായ പ്രത്യക്ഷരൂപം. യുദ്ധം, വാണിജ്യം, ഗതാഗതം മുതലായവയിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള സഞ്ചാരത്തിലും സമ്പർക്കത്തിലും പാലിക്കേണ്ട മര്യാദകൾ നിയമനിർമ്മാണം ചെയ്യുകയായിരുന്നു, ഈ കോടതിയുടെ ജോലി. ആവശ്യമായിരുന്നു, അതിനുള്ള പ്രേരകശക്തി. ആവശ്യത്തെ മതിമറന്നു പ്രവർത്തിക്കുന്ന രാഷ്ട്രങ്ങൾ ഉണ്ടായതോടുകൂടി ഹേയ്ഗിലെ കോടതിയുടെ കാലം കഴിഞ്ഞു. ഒന്നാം ലോകമഹായുദ്ധം പിന്നെയും ഈ പ്രശ്നം മുന്നോട്ടുകൊണ്ടുവന്നു. അതിന്റെ ഫലമായിരുന്നു സർവരാജ്യസഖ്യം. അതും പൊളിഞ്ഞു. രണ്ടാംലോകമഹായുദ്ധം ഉണ്ടായി. ചരിത്രം ആവർത്തിച്ചു. അതിൽനിന്നുണ്ടായ സംഘടനയും ഇന്ന് ആപത്തിനെ അഭിമുഖീകരിക്കുന്നു. അതിനു കാരണമെന്ത്?

കാരണം പഴയതുതന്നെ. ഇതുപോലെ ഒരു സംഘടനയിൽ സംഘടിതഘടകങ്ങൾ തമ്മിൽ സമത്വവും പരസ്പരവിശ്വാസവും കൂടിയേ കഴിയൂ. അതു് ഇന്നു നിലവിലില്ല; ഉണ്ടാകുവാൻ തരവുമില്ല. ബ്രിട്ടനും ഫ്രാൻസുംകൂടി സർവരാജ്യസഖ്യത്തെ പിടിച്ചടക്കി അവരുടെ പാവയാക്കിത്തീർത്തു. ആദ്യം, പരാജിതയായ ജർമ്മനിയെ ദ്രോഹിക്കാനും പിന്നീട് ഉയർന്നുവരുന്ന സോവിയററിനെ ഒതുക്കാനും അതു വിനിയോഗിച്ചു. ജർമ്മനിയെ അവർ അംഗമാക്കി. സോവിയററിന് അംഗത്വം നിഷേധിച്ചു. ജപ്പാനു ചൈനയെ ആക്രമിക്കുവാൻ മൗനാനുവാദം നൽകി. അബിസീനിയയിലെ ഇററാലിയൻപട്ടാളത്തിന്റെ നേരെ കണ്ണടച്ചു. ഫ്രാങ്കോയെ പ്രത്യക്ഷമായി സഹായിച്ചു. അപ്പോൾ തന്നെ മരിച്ച ആ സംഘടനയുടെ സംസ്കാരകർമ്മം ജർമ്മനി ആസ്ട്രിയായെ വിഴുങ്ങിയതോടുകൂടി കഴിഞ്ഞു. ഇതെല്ലാം സാമ്രാജ്യതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്, ചെയ്തതു്. ഇന്നത്തെ നിലയും അതുതന്നെയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിനു സോവിയററ യൂണിയൻ ഇന്നും ശത്രുതന്നെയാണ്. പേർഷ്യൻ പ്രതിനിധികൾ പരാതി പിൻവലിച്ചിട്ടുപോലും അവർ ഉന്നയിച്ച പ്രശ്നം ആലോചനയ്ക്ക് എടുക്കണമെന്ന് ബ്രിട്ടൻ വാദിക്കുന്നതിന്റെ അർത്ഥം, ഗ്രീസിന്റെയും ഇൻഡ്യയുടെയും ഇൻഡോനേഷ്യായുടെയും കാര്യങ്ങൾ ആലോചനയ്ക്കു വന്നാൽ ഒട്ടാപ്പോക്കു പറയുന്നതിനാണെന്ന് വ്യക്തമായിരിക്കുന്നു. പേർഷ്യൻപ്രശ്നം ആലോചനയ്ക്ക് എടുക്കരുതെന്നു പറയാൻ സോവിയററിനു് അവകാശമില്ല. സോവിയററിന്റെ ഉദ്ദേശ്യം സാമ്രാജ്യസമ്പാദനമല്ല എന്നതും ഒരു ന്യായമായ ഒഴിവുകഴിവല്ല. സർവരാജ്യസഖ്യത്തിലേതുപോലെതന്നെ ഐക്യരാജ്യസംഘടനയിലും പ്രമുഖാംഗങ്ങൾക്കു സംരക്ഷിക്കേണ്ട ന്യായമല്ലാത്ത സ്ഥാപിതതാല്പര്യങ്ങളുണ്ട്. ആ താല്പര്യങ്ങൾ വിട്ടിട്ട്, സംഘടനപ്രവർത്തനം തുടരാത്തപക്ഷം ഇതൊരു മൂന്നാംലോകമഹായുദ്ധത്തിന്റെ നാന്ദിയായി മാത്രമേ പരിണമിക്കയുള്ളൂ.

ഐക്യരാജ്യസംഘടന എന്ന പ്രഹസനത്തിനു് ഇനിയൊരു യുദ്ധം തടയുവാൻ ശക്തിയില്ല. യുദ്ധങ്ങൾ സൃഷ്ടിക്കുന്ന അമേരിക്കൻമുതലാളിമാരും ബ്രിട്ടീഷ് അധികാരിവർഗ്ഗവുമാണ് അതിലെ പ്രധാന വേഷക്കാർ. സമാധാനപരമായ ഒരു ഭാവിലോകം സൃഷ്ടിക്കുവാൻ ലോകതൊഴിലാളിവർഗ്ഗത്തിനു മാത്രമാണ് ശക്തിയുള്ളതു്. ഇൻറർനാഷനൽ പിരിച്ചുവിട്ടുവെങ്കിലും ലോകതൊഴിലാളി സംഘടന ഉണ്ടായിട്ടുണ്ട്. സംഘടിതമായ അതിന്റെ പ്രവർത്തനത്തിൽ മാത്രമേ ആശയ്ക്കു വഴിയുള്ളൂ.

## ഗാന്ധിജിയുടെ അതിഥികൾ

ഗാന്ധിജി മുതൽ കീഴോട്ടുള്ള നേതാക്കന്മാരെല്ലാം കാബിനററമിഷ്യനു സ്തുതിഗീതങ്ങൾ പാടുന്നുണ്ട്. കോൺഗ്രസ്സും ലീഗും തമ്മിലുള്ള ഭിന്നിപ്പിന്റെ മറപിടിച്ചു കൂപ്പ്‌ലണ്ടപദ്ധതി ഇന്ത്യയുടെ മേൽ അടിച്ചേൽപ്പിക്കുവാൻ വന്നിരിക്കുന്ന നമ്മുടെ യജമാനന്മാരെ അതിഥികളായി സ്വീകരിക്കുക എന്നതു് ആത്മാർത്ഥതയോടുകൂടി ചെയ്യുവാൻ വിഷമമുള്ള കാര്യമാണ്. ഒഴിഞ്ഞുമാറുവാനുള്ള വിദ്യകളുള്ള നയതന്ത്രപ്രഖ്യാപനങ്ങൾ കളഞ്ഞിട്ട് അവർ ഇൻഡ്യ വിടുന്ന തീയതി തുറന്നു പറയട്ടെ. അന്ന് ആതിഥ്യത്തിനു സ്ഥാനമുണ്ട്. ചർച്ചിലിന്റെ സോവിയററ വിരോധസഖ്യത്തിനു കോൺഗ്രസ്സിനെ കക്ഷിചേർക്കാൻ ക്യാബിനററമിഷ്യൻ വ്യാമോഹിക്കേണ്ടാ. ഒന്നോ രണ്ടോ വെകിളിപിടിച്ച നേതാക്കന്മാർ എന്തു പുലമ്പിയാലും കോൺഗ്രസ്സ് ഒരു സോവിയററ വിരോധസഖ്യത്തിൽ പങ്കാളിയാവുകയില്ല. വിളിക്കാതെ വന്നുകയറിയ ഈ അതിഥികളോടു് ഒന്നുമാത്രമേ പറയാനുള്ളൂ. ഇരുനൂറുവർഷത്തെ ഭരണത്തിനുശേഷവും ഇന്ത്യ എന്താണെന്നു മനസ്സിലാക്കുവാൻ നിങ്ങൾക്ക് ഒന്നിനു പിറകെ ഒന്നായി പല ദൗത്യസംഘങ്ങൾ വേണ്ടിവന്നിരിക്കുന്നു. നിങ്ങളുടെ ദയയ്ക്കു നന്ദി. തല്ക്കാലം "ക്വിററ് ഇന്ത്യാ".

## പ്രകാശത്തിന്റെ പ്രശ്നം

പ്രകാശത്തിന്റെ വിജയത്തിൽ അദ്ദേഹത്തെ അനുമോദിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ത്രിപുരിയിലെ സുബാഷിനെ അന്നത്തെ ഭാരതം അഭിനന്ദിച്ചു. സുബാഷിനു പററിയ തോൽവിതന്നെ പ്രകാശത്തിനും സംഭവിക്കുകയില്ലേ എന്നു ഭയപ്പെടുവാൻ ന്യായമുണ്ട്. ഉത്തരവാദിത്വമുള്ള കോൺഗ്രസ്സുകാർ ചെയ്ത ഒരു തീരുമാനത്തെ ഹൈക്കമാണ്ട് റദ്ദുചെയ്യുന്നതു ന്യായീകരിക്കാവുന്നതല്ല. പക്ഷെ ഈ കുഴപ്പത്തിനെല്ലാം അടിയിൽ ബ്രാഹ്മണവിരോധം, ആന്ധ്ര—തമിഴ് മത്സരം, ഉദ്യോഗഭ്രാന്തു് മുതലായ താല്പര്യങ്ങൾ ഒളിഞ്ഞുകിടക്കുന്നില്ലേ എന്ന് ഇന്നത്തെ വിജയികൾ കാര്യമായി ആലോചിക്കേണ്ടതാണ്. ഒന്നുകൂടി.—എതിരാളികളോടുള്ള സമരത്തിൽ ഗാന്ധിജിയുടെ നാമം സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിച്ച് വിജയം നേടിയുള്ള പ്രകാശം സ്വന്തം താല്പര്യം വന്നപ്പോൾ ഗാന്ധിജിയെ എതിർക്കുന്നതു വളരെ രസാവഹമായിരിക്കുന്നു. ചുരുക്കത്തിൽ പല പഴയ നേതാക്കന്മാർക്കും ഗാന്ധിജിയുടെ ദിവ്യത്വം സ്വന്തം താല്പര്യങ്ങളുടെ ആഴം മാത്രമുള്ള ഒരു പ്രചരണതന്ത്രമാണ്.

രാജാജിയുടെ ഭരണം മുസ്ലീംകൾക്കു മാത്രമല്ല അസുഖകരമായിരുന്നതെന്നു പ്രകാശം തെളിയിച്ചു. അദ്ദേഹത്തിന്റെ ഒരംശംമാത്രം ധിഷണാശക്തിയുള്ള പ്രകാശം 1937-നെക്കാൾ വളരെ വിഷമകരമായ ഒരു പരിതഃസ്ഥിതിയിലാണ ഭരണം ഏറെറടുത്തിരിക്കുന്നതു്. ചരിത്രം ആവർത്തിക്കാതിരിക്കട്ടെ.

## മധുരയിലെ കുഴപ്പം തീർക്കുക

എഴുനൂറമ്പതു് അംഗങ്ങൾ മാത്രമുള്ള മോട്ടോർ തൊഴിലാളിയൂണിയൻ പണിമുടക്കിയിട്ട് മുന്നൂറോളം ആളുകളെ ഇതേവരെ അറസ്റ്റു ചെയ്തതായി കാണുന്നു. പിക്കററിംഗിനെക്കാളും പണിമുടക്കു വിജയകരമാക്കാൻ അറസ്റ്റു സഹായിക്കുന്നുണ്ടെന്നു തോന്നുന്നു. ഇതിൽ തമിഴ്നാട്ടു കോൺഗ്രസ്സ് കമ്മിററി ഇടപെട്ടു കാണുന്നില്ല. തൊഴിലാളികൾക്ക് ആവശ്യമുള്ള സന്ദർഭങ്ങളിൽ എതിർകക്ഷിയിൽ ചേരുകയോ മൗനം ദീക്ഷിക്കുകയോ ചെയ്തിട്ടു തൊഴിലാളികൾ പിടിവിട്ടു പോകുന്നു എന്നു പരാതിപ്പെടുന്നതുകൊണ്ടു പ്രയോജനമില്ല. തൊഴിലാളിപ്രവർത്തകനായി ഉയർന്നുവന്ന ഗിരി ഇംഗ്ലണ്ടിലെ തൊഴിലാളിമന്ത്രിമാരെപ്പോലെ ഒരു അൽഭുത പരിണാമത്തിന് ഇരയായിട്ടില്ലെങ്കിൽ ഉടൻതന്നെ അദ്ദേഹം ഇടപെട്ടു മധുരയിലെ കുഴപ്പം തീർക്കേണ്ടതാണ്.

## ഐ. എൻ. എ. ഫണ്ട്

ഐ എൻ എ-യുടെ പേരു പറഞ്ഞു ചവറുപുസ്തകങ്ങൾ എഴുതി പലരും ഉണ്ടാക്കിയ പണത്തിന്റെ ഒരംശംപോലും ഫണ്ടിലേക്കു കിട്ടിയിട്ടില്ലെന്ന് മാറിയൻപത്രം ഖേദിക്കുന്നു. ഐ എൻ എ-യുടെ പേരുപറഞ്ഞു കാട്ടിക്കൂട്ടിയതിലെല്ലാം രാഷ്ട്രീയ ഉണർവുണ്ടെന്ന് ആ മാന്യസഹജീവി വ്യാമോഹിക്കുന്നുണ്ടെങ്കിൽ അതു നിർഭാഗ്യകരമാണ്. ഐ എൻ എ-യാണ് ഇന്ന് ഇൻഡ്യയിൽ ഉള്ളതിലേക്കും നല്ല ബിസിനസ്. പുസ്തകം എഴുത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. പോരെങ്കിൽ പലരോടും വിരോധം തീർക്കുകയും ചെയ്യാം. ഇന്നത്തെ ഗതി തുടരുവാനനുവദിച്ചാൽ അനതിവിദൂരമായ ഭാവിയിൽ ഐ എൻ എ ഒരു ഫലിതമായിത്തീരുന്നതാണ്.

## ഞങ്ങൾ

പ്രസന്നകേരളം ഒരു പുതിയ ജന്മം എടുത്തിരിക്കയാണെന്നു പ്രത്യേകം പറയാതെ മനസ്സിലാക്കുവാനുള്ള ലക്ഷണങ്ങൾ ഈ ലക്കത്തിലുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ കുറവുകളെപ്പററി വ്യക്തമായ ബോദ്ധ്യം ഉണ്ട്. സഹായകരമായ നിർദ്ദേശങ്ങൾ ഞങ്ങൾ സാദരം സ്വാഗതംചെയ്യുന്നതാണ്.

പ്രസന്നകേരളത്തിൽ പ്രസിദ്ധംചെയ്യുന്ന ലേഖനങ്ങളിൽ കാണുന്ന ആശയങ്ങൾ എല്ലാം പത്രാധിപസമിതിയുടേതായിരിക്കണമെന്നു നിർബന്ധമില്ല. ഭിന്നാഭിപ്രായങ്ങൾക്ക് ഞങ്ങളുടെ പംക്തികളിൽ സ്ഥലമനുവദിക്കുന്നതുമാണ്.

**പ്രസന്നകേരളം**

ആഫീസ്

കളരിക്കൽബസാർ, കോട്ടയം

വരിസംഖ്യ

ഒരാണ്ടത്തേക്ക് 6 ക.
6 മാസത്തേക്ക് 3 ക.
3 മാസത്തേക്ക് ഒന്നരരൂപ

മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തേക്കു വരിസംഖ്യ സ്വീകരിക്കുന്നതല്ല.

പരസ്യക്കൂലി

സിംഗിൾകോളം 1 ഇഞ്ച് 1 രൂ.
ഫുൾപേജ് 48 രൂപ

ദീർഘകാലത്തേക്ക് പ്രത്യേകനിരക്ക്

4 ക.-യിൽ കുറഞ്ഞ പരസ്യങ്ങൾ ചേർക്കുന്നതല്ല

മാനേജർ.

# തൊഴിലാളി

പൊൻകുന്നം വർക്കി

അൻപതുമടല് ഓലയേ വേണ്ടൂ; ആ പുര കെട്ടാൻ; എന്നാലും പത്രോസിന് അതു സാധിക്കുന്നില്ല. മഴ നല്ലു മഴക്കാറു കാണുമ്പോൾ അവന്റെ ഭാര്യ റോസയ്ക്കു പേടിയാകും. കണ്ട പാളയും പഴയോലയുമൊക്കെ ശേഖരിച്ച് ചോരുന്നതെല്ലാം അവർ തിരുകാറുണ്ട്. നല്ല മഴ വന്നാലുണ്ടോ ആ തിരുകൽ വല്ലതും നില്ക്കുന്നു. വെയിലടിച്ചു കരിഞ്ഞാൽ വെള്ളിത്രപ്പായുടെ എന്തെല്ലു ചിത്രങ്ങൾസൂര്യൻ ആ കുടിൽത്തറയിലേക്ക് എറിയുകയായി. റോസ ഭർത്താവിനോടു പറയാറുണ്ട്—"മനുഷനേ, പുരകെട്ടും കരംകെട്ടും പെണ്ണുകെട്ടും കടം ഇട്ടേക്കരുതേ."

റോസയുടെ വർത്തമാനം കേട്ടാൽ പത്രോസ് ഇതൊന്നും അറിയാത്ത ഒരാളാണെന്നു തോന്നിപ്പോകും. ദിനംപ്രതി വെളുത്താൽ ഒരു പാത്രം കട്ടംകാപ്പി കുടിക്കേണ്ട താമസമേയുള്ളൂ" അയാൾ പണിക്കിറങ്ങാൻ. ഒരു നാളും അയാൾ പാഴായി ചെലവാക്കുന്നില്ല. അഞ്ചെട്ടു സിങ്കിൾ ചായയാണ് അയാളുടെ അനാവശ്യച്ചെലവ്. ഓടിയോടി വലഞ്ഞുകൊണ്ടു കുളരുന്ന ആ റിക്ഷാക്കാരന് കറഞ്ഞപക്ഷം അതെങ്കിലും കുടിയേ തീരൂ. ഒരിക്കൽ രണ്ടു കരിമീൻ അവൻ വീട്ടിൽ കൊണ്ടുചെന്നു. സാധാരണ ഉണക്കമീൻ വല്ലതുമാണു കൊണ്ടുചെല്ലുക. പെട്ടെപെടെ പിടയ്ക്കുന്ന പുള്ളിക്കരിമീൻ കണ്ടപ്പോൾ അവന്റെ നാക്കിൽ വെള്ളം വയ്യാറായി. വരുന്നതു വരട്ടെ എന്നുവച്ചു രണ്ടെണ്ണം അവൻ വാങ്ങി. റോസ അതിനു തല്ലില്ലാത്തതെല്ലാം കഴിച്ചു. ആ ചക്രംകൂടെയിട്ടു പത്തു മടൽ ഓല വാങ്ങരുതോ എന്നായിരുന്നു അവളുടെ വാദം. ഭാഗ്യദോഷത്തിന് അന്നു സന്ധ്യയ്ക്കുതന്നെ ആന്ത്രനോവിന്റെ ഉപദ്രവം അവനു് ആരംഭിക്കുകയുണ്ടായി.

അന്നു റോസയ്ക്കു പള്ളിയിൽപോകാനുള്ള തിടുക്കമാണ്. പത്രോസിനു് ആ കട്ടംകാപ്പികിട്ടാനും. "കാപ്പിക്കു ചക്കരയില്ല, പഞ്ചാരയില്ല" റോസ പറഞ്ഞു. പഞ്ചാര റേഷനായതുകൊണ്ടു നേരെ ചൊവ്വേ പാവപ്പെട്ടവർക്കു കിട്ടാറില്ല. ഒരുപൊതി ചക്കരയ്ക്കാണെങ്കിൽ അണ പതിന്നാലു്. കിരിയാത്തുവെള്ളംപോലെ, ഒരു പാത്രം കാപ്പി റോസ ഭർത്താവിനു നൽകി. മററപ്പിടുത്തത്തിനു് അയാൾ അതു തിക്കയും ചെയ്തു.

"മൂന്നാലു ചക്രംകൂടെ ഇങ്ങോട്ടു താ"—റോസ ഭർത്താവിനോടപേക്ഷിച്ചു. പത്തുപന്ത്രണ്ടു ചക്രം അവളുടെ കയ്യിലുള്ളതു പത്രോസിനറിയാം. അത്താഴപ്പട്ടിണിക്കാരനു് പള്ളിയിൽ ഇത്രയധികം ചക്രമെന്തിനെന്നു് അവൻ അൽഭുതപ്പെട്ടു.

"ങേ്ഉം" അവൻ ചോദിച്ചു.

"മൂന്നാലു ചക്രം താ ാൻ."

"എന്തിനു്"

"ഇന്നു് ഒരു കലം മേടിക്കണം."

"ഉള്ളതുകൊണ്ടു മേടിച്ചാ മതി"

"ഓ ഉള്ളതു്" അവൾ പറഞ്ഞു.- ചക്രം പതിന്നാലു വേണം ഒരു കലത്തിനു്. രണ്ടുചക്രം കൊടുത്തു ചെറുക്കനു് ഒരു അരഞ്ഞാണച്ചരടു വാങ്ങണം. നേർച്ചയിടാനും വേണം ഒരു ചക്രം.

"നേർച്ചയോ" ദൈവത്തിനെന്തിനാടീ ചക്രം. ഞാൻ പറഞ്ഞിരിക്കയാ ദൈവത്തിനോട്; മരഞ്ഞു്വരുപാ വഴിക്കെടന്നു കിട്ടാൻ. പകുതി പള്ളിക്കു കൊടുത്തേക്കാമെന്നു്. വിശ്വാസക്കുറവാണെങ്കിൽ പകുതിയെടുത്തോണ്ടു പകുതി തന്നാ മതിയെന്നു്."

റോസയ്ക്കു് അതൊന്നും കേൾക്കണമെന്നില്ല. അവൾ പറഞ്ഞു—"ഇതൊക്കെ എന്തൊരു വർത്താനം ചുമ്മാതാണോ അത്താഴത്തിനു നല്ലനേരം നോക്കുന്നെ. ചക്രത്തേ മൂന്നാലുതാ. നേരം പോയി. മൂന്നാം മണിയടിച്ചു. എനിക്കു പോകണം.

"അതെതെ, മൂന്നാമ്മണി!! കൊണ്ടുവാ കൊണ്ടുവാന്നു പറേന്നുണ്ടു്."

"എന്റെ കയ്യിലെങ്ങും ചക്രമില്ല. ഏഴ ചക്രമേ ഉണ്ടു്. അതിനു ഞങ്ങടെ മാസവരി കൊടുക്കണം. പത്രോസു മുററത്തേക്കിറങ്ങി നടന്നുകഴിഞ്ഞു.

"നേർച്ചയിടുന്നതാണോ മാസവരി കൊടുക്കുന്നതാണോ കാര്യം" റോസ വെറുപ്പോടുകൂടി ചോദിച്ചു.

"മാസവരി" നടന്നുപോകുന്നതിനിടയ്ക്കു പത്രോസു മറുപടി പറഞ്ഞു. റോസ നിരാശയോടുകൂടെയാണു് അന്നു പള്ളിയിൽ പോയതു്. പള്ളിയിൽ അവൾ ഒരിടത്തുചെന്നു മുട്ടുകുത്തി. അവളുടെ മകനു് അവിടെയൊക്കെ ഓടി നടക്കണം. കുടെക്കൂടെ വായ് പൊത്തിക്കൊണ്ടു് അമ്മ അവനെ അനങ്ങാതിരിക്കാൻ ശാസിച്ചു. ദൈവത്തിന്റെ കോപത്തെപ്പററി വല്ലതുമുണ്ടോ അവൻ അറിയുന്നു. മ ളികയിൽ തങ്കമ്മയാണു് ആ പാവപ്പെട്ടവളുടെ അടുക്കൽ മുട്ടുകുത്തിയിരിക്കുന്നതു്. അവരുടെ ഓമനമകൻ കഴുത്തിൽ കിടന്ന സ്വർണ്ണമാല ഊരി കയ്യിൽ ചുഴററിക്കൊണ്ടു് അങ്ങനെ ഓടിനടക്കുന്നു. ഒരുപക്ഷെ അവനു് അതൊക്കെ ആകാം. നാട്ടിലെ ഏററവും വലിയ ഒരു പണക്കാരന്റെ മകൻ, സഞ്ചരിക്കുവാൻ കാറുണ്ടു്. റോസയുടെ മകൻ അവന്റെ അമ്മയുടെ എളിയിലിരുന്നിരുന്നു ഇടകൾക്കുണ്ടാക്കിയ ചൂടു് ഇനിയും ആറിയിട്ടില്ല. ഭാരം ചുമക്കുന്നവരാണു പള്ളിയിലേക്കു വരേണ്ടതെങ്കിൽ റോസയുടെ വരവു ശരിയാണു്. അതുപോലെ ആ ഷെവർലേ കാറിന്റെയും.

റോസയുടെ മകൻ വഴക്കുകൂട്ടുന്നു, തങ്കമ്മയുടെ മകന്റെ കയ്യിലിരിക്കുന്ന ഓറഞ്ചു കണ്ടു. റോസ എന്തുചെയ്യും; അവൾ പ്രാർത്ഥന തുടരുന്നോ; ഓറഞ്ചുകാര്യം ശരിപ്പെടുത്തുന്നോ. പണ്ടു് ഇസ്രയേൽ ജനങ്ങൾക്കു "മന്നാ" പൊഴിച്ച ദൈവം ഇപ്പോൾ തീരെ ഉദാസീനനായിരിക്കുകയാണു്. മകന്റെ വഴക്കുകൊണ്ടു ഗതിമുട്ടിയപ്പോൾ റോസ അവന്റെ തുടയ്ക്കു രണ്ടു തിരുമ്മുകൊടുത്തു. ഓറഞ്ചു ചോദിച്ചപ്പോൾ തിരുമ്മുകൊടുത്ത ദൈവത്തിനെ സാക്ഷിനിറുത്തി അവളുടെ മകൻ ആ ഓറഞ്ചു തട്ടിപ്പറിച്ചു. കൊതികൊണ്ടു പൊറുതിമുട്ടിയ അവനു മററു ഗതിയുണ്ടായിരുന്നില്ല. അവനു പിടിച്ചുപറിക്കൽ എന്ന തൊഴിൽ ആദ്യം പള്ളിയിൽവച്ചുതന്നെ ആരംഭിക്കേണ്ടിവന്നു. അതിൽ തങ്കമ്മയുടെ വെറുപ്പിനേക്കാൾ എത്രയോ വലുതായിരുന്നു റോസയുടെ അവമാനഭാരം.

പള്ളിയിലെ കർമ്മങ്ങളവസാനിച്ചു. റോസ മുട്ടിൽനിന്നു നിവർന്നു. അവളുടെ മകനു് തിരുമ്മുമേടിച്ചു മാറി നടക്കയാണു്. തങ്കമ്മ നോക്കുമ്പോൾ മകന്റെ കയ്യിലിരുന്ന സ്വർണ്ണമാല കാണുന്നില്ല. മൂന്നുപവൻ തൂക്കമുള്ള ഒന്നാന്തരമൊരു കോതമ്പുമാല. "അയ്യോ എന്റെ കുഞ്ഞിന്റെ മാല എവിടെ?" അവിടെയൊരു ബഹളം. റോസ അച്ചന്റെ അടുക്കൽ ചെല്ലേണ്ടതായി വന്നു. സ്ത്രീകളിൽ ചിലർ അവളെ രഹസ്യമായി പരിഭാഷിക്കാതിരുന്നില്ല. ഒരു ചെറിയ മാല ഒളിച്ചുവയ്ക്കാൻ ഒരു സ്ത്രീയ്ക്കു വലിയ വിഷമമൊന്നുമില്ലെന്നായിരുന്നു പണ്ഡിതകളായ ആ സ്ത്രീസമാജക്കാരുടെ അഭിപ്രായം. പാപം, പുണ്യം, സ്വർഗ്ഗം, നരകം മുതലായ കണ്ടുപിടിക്കലുകളുമായി ഒത്തുനോക്കുമ്പോൾ അച്ചനു് ഒരു മാല എത്ര നിസ്സാരമായ കണ്ടുപിടുത്തം! അദ്ദേഹം റോസയെ ശരിയായി വിസ്തരിച്ചു. എന്തായിട്ടും റോസ വഴങ്ങുന്നില്ല. അദ്ദേഹം പറഞ്ഞു, "വേഗം സത്യംപറഞ്ഞു. അല്ലെങ്കിൽ ഞാൻ പോലീസിനെ അറിയിക്കും." പതിനൊന്നു ചക്രവും പൊട്ടാറായ ഒരു ഏദയവും അവൾ വഹിക്കുന്നു. ഒരു നിസ്സാരകാര്യത്തിനുവേണ്ടി കാത്തുനിൽക്കുന്നതു കുറച്ചിലായതുകൊണ്ടു തങ്കമ്മയും മകനും കാറിൽ കയറി. റിക്ഷായുമായി ഓടിനടന്ന പത്രോസു വിവരമറിഞ്ഞു. തിരുനക്കരക്കവലയിൽനിന്നു് അവനൊരോട്ടം. ആ അവമാനഭീതി നോക്കുമ്പോൾ ആളുകളുടെ നടുക്കു കോപഭരിതനായി നിൽക്കുന്ന അച്ചന്റെ മുമ്പിൽ കുനിഞ്ഞ തലയോടുകൂടി കളിയുടെ പാത്തു കൈകോർത്തുകൊണ്ടു് റോസ അങ്ങനെ നിൽക്കുന്നു. ഒരു കാട്ടുതീ അവന്റെ ഉള്ളിൽനിന്നു് ആളിക്കത്തി. "എടീ" അല്പം ദൂരെനിന്നുകൊണ്ടു് അവൻ വിളിച്ചു. നിറഞ്ഞ കണ്ണുകളോടുകൂടെ റോസ ഭർത്താവിനെ നോക്കി.

"ഇവിടെ വാരാൻ" ആത്മാഭിമാനത്തോടും മനുഷ്യത്വത്തിന്റെ ഏററവും വലിയ ഗൗരവത്തോടുംകൂടി അവർ വിളിച്ചു. ആ സ്വരം പള്ളിയുടെ ഭിത്തിയെയും കടന്നു ചക്രവാളത്തിലേക്കു പോയി. ആർക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. റോസ അവളുടെ ഭർത്താവിന്റെ പുറകേ വീട്ടിലേക്കു നടന്നു.

പിറ്റേന്ന് പിരിക്കൽ പത്രോസിന്റെ റിക്ഷായിലിരുന്നുകൊണ്ടു് അച്ചൻ ഇങ്ങനെ ഉപദേശിക്കുകയുണ്ടായി. മററു സംഘടനകളിലൊന്നും ചേരരുതു്. അവരൊക്കെ ദൈവമില്ലാത്ത കൂട്ടരാണു്. ഞാനൊരു സംഘടനയുണ്ടാക്കുന്നുണ്ടു്. നിനക്കു് അതു മതി. ഒരു വലിയ കയററം കേറിക്കൊണ്ടിരുന്നതിനാൽ ശ്വാസം ഒതുക്കി വിക്കിവിക്കി അയാൾ പറഞ്ഞു—"അച്ചോ ഞാൻ ഉത്തരം പറയാം, ഈ കേററം ഒന്നുകഴിഞ്ഞോട്ടെ."

II

പത്രോസിനെപ്പററി അവന്റെ റിക്ഷായിൽ കയറുന്നവർ പലരും പരാതി പറഞ്ഞു. അത്തരം പരാതികളെപ്പററി അവനു കൂസലില്ല. വേലചെയ്താൽ കൂലിവാങ്ങാൻ ആരുടെയും ശരമാത്രം ആവശ്യമില്ലെന്നാണു് അവന്റെ അഭിപ്രായം. ഒരു ഹെഡ്കോൺസ്റ്റബിൾ അവനോടു പറഞ്ഞു, "നിന്നെ എന്റെ കയ്യിലൊന്നു കിട്ടട്ടെ"യെന്നു്. അക്കാലമൊക്കെ കഴിഞ്ഞുപോയെന്നാണു് പത്രോസു മറുപടി പറഞ്ഞതു്. ഒരിക്കൽ ഒരു പണക്കാരൻ പത്രോസുമായി വാക്കുതർക്കത്തിലേർപ്പെട്ടു. അന്നു് ആ മനുഷ്യനുവേണ്ടി ഒരു ബാങ്കിന്റെയും പടിവാതിൽക്കൽ റിക്ഷായുമായി കാത്തുനിന്നതാണു്. ഒടുവിൽ യൂണിയനിൽനിന്നു നിശ്ചയിച്ചിരുന്ന കൂലിയും വെയിററിംഗ്ചാർജ്ജും അയാൾ ആവശ്യപ്പെട്ടു. വെറുപ്പുതോന്നിയ പണക്കാരൻ ചോദിച്ചു:- "എടാ വേറെ ആവശ്യത്തിനുവേണ്ടി കാത്തുനിൽക്കേണ്ടതു് നിന്റെ കടമയാണു്. അതിനു വെയിററിംഗ്ചാർജ്ജ് വേണമോ" പത്രോസിനു് ആദ്യമായി ആ സംബോധനതന്നെ പ്രതിഷേധിക്കേണ്ടിവന്നു. അയാൾ പറഞ്ഞു:- "നിങ്ങൾ ആദ്യമായി മര്യാദയോടുകൂടെ സംസാരിക്കു. ജോലിക്കാരെ ജോലിക്കുവിടാതെ പിടിച്ചുനിറുത്തുന്നതിനുള്ള ശിക്ഷയാണു വെയിററിംഗ്ചാർജ്ജ്. യൂണിയനിൽനിന്നു നിശ്ചയിച്ചിട്ടുള്ള കൂലിയേ ഞാൻ ചോദിക്കുകയുള്ളു.

"എന്തെടാ?"—

"എടാ പോടാ-എന്നൊന്നും എന്നെ വിളിക്കരുതു്"

"പിന്നെ എങ്ങനെ വിളിക്കണം. നീ ഇവിടത്തെ ദിവാൻ പേഷ്കാരോ? അമ്പടാ!! യൂണിയൻ. എന്തു യൂണിയൻ! ഗവമെന്റു നിശ്ചയിച്ചതാണെന്നു തോന്നുന്നു യൂണിയൻ. നിനക്കു വേണമെങ്കിൽ ഞാൻ തരുന്ന കൂലി വാങ്ങിച്ചോ?

പത്രോസിനു് ഒരു ചിരിവന്നു. അവൻ പറഞ്ഞു.—"ഈ ഗവമെന്റെന്നു പറയുന്നതു മനുഷ്യർ ചേർന്നുണ്ടാകുന്നതാ. ചങ്ങാതീ എന്റെ കൂലി താ. അതു മേടിക്കാൻ എനിക്കറിയാം. എനിക്കൊന്നും മനസ്സിലാകുന്നില്ല. നിങ്ങളുടെ വലുപ്പമൊന്നും എനിക്കറിയണമെന്നില്ല." പത്രോസിന്റെ സ്വരം ഇടറുള്ളതായിരുന്നു. റഹിമാനും കുഞ്ഞൻകുട്ടിയും അയാളുടെ അടുക്കൽ ഓടിയെത്തു. അവരും റിക്ഷാത്തൊഴിലാളികളായിരുന്നു.

"എന്താടാ സഖാവെ" റഹിമാൻ പത്രോസിനോടു ചോദിച്ചു.

"ഓ ഒന്നുമില്ല; നമ്മുടെ യൂണിയൻ ഗവമെന്റിൽനിന്നു് അനുവദിച്ചിട്ടില്ലെന്നു്"

പത്രോസിന്റെ നീട്ടിയ കരതലത്തിലേക്കു് ആ പണക്കാരൻ പണം എണ്ണി.

ആ മുഷ്ടി ഉയർത്തിക്കൊണ്ടു് അയാൾ തന്റെ ഏററവും നല്ല സ്വരത്തിൽ വിളിച്ചുപറഞ്ഞു. "യൂണിയൻ"—

റഹിമാനും കുഞ്ഞൻകുട്ടിയുംകൂടി മേഘങ്ങൾ ഞെട്ടുമാറു് അതു മുഴക്കിപ്പിച്ചു. "സിന്ദാബാദ്!"—

പ്രസ്സിൽ അക്ഷരം നിരത്തിക്കൊണ്ടുനിന്ന വേലായുധൻ ചെവി ഓർത്തു. ബീഡി തെറുത്തുകൊണ്ടിരുന്ന പാപ്പി തലയുയർത്തി. ബസ്സിൽ ടിക്കററു് എഴുതിക്കൊണ്ടിരുന്ന കണ്ടക്ടറുടെ പെൻസിൽ നിശ്ചലമായി. ബ്രഷിൽസോപ്പു പതുത്തുകൊണ്ടുനിന്ന ബാർബർ നിരത്തിലേക്കു കണ്ണോടിച്ചു. അവർക്കെല്ലാം ഒരുപോലെ പ്രിയപ്പെട്ടതായിരുന്നു അതു്.

...ത്തിന്റെ മാഹാത്മ്യത്തെപ്പററിയായിരുന്നു ഉയർന്ന മുഷ്ടിയോടുകൂടെ പത്രോസു വിളിച്ചുപറഞ്ഞതു്. അയാൾ വീണ്ടും സ്വരമുയർത്തി "യൂണിയൻ"—"സിന്ദാബാദ്" "യൂണിയൻ സിന്ദാബാദ്" ഒരേ കണ്ഠത്തിൽ നിന്നെന്നവണ്ണം ആ ആരവം അന്തരീക്ഷത്തിൽ ഉയർന്നു.

## III

പണി കിട്ടിയില്ലെങ്കിൽ പത്രോസ് റിക്ഷായുമായി ആ മൈതാനത്തിന്റെ മൂലയിൽ റോഡരുകിൽ അങ്ങനെ ഇരിക്കും. ഒന്നുകിൽ അയാൾ ആ റിക്ഷാ മിനുക്കിക്കൊണ്ടിരിക്കും അഥവാ ഇഷ്ടമുള്ള ഏതെങ്കിലും പുസ്തകം വായിക്കും. പത്രോസിന്റെ റിക്ഷാ എന്നും പുത്തനാണ്. അതിലെ മെത്തയും വിരിയുമെല്ലാം എപ്പോഴും വൃത്തിയായിരിക്കും. അതിന്റെ പിത്തളക്കമ്പികളിൽ സൂര്യകിരണങ്ങൾ കനകപ്രഭയിൽ കത്തിയെരിഞ്ഞുകൊണ്ടിരിക്കും.

പത്രോസ് അവന്റെ റിക്ഷായിൽ ഏതോ പുസ്തകം വായിച്ചുകൊണ്ട് അങ്ങനെ ഇരിക്കുകയാണ്. ഒരു കൈനോട്ടക്കാരൻ അയാളുടെ അടുക്കൽ ചെന്നു പറഞ്ഞു—"എനിക്കു കൈനോട്ടം അറിയാം. വേണമെങ്കിൽ ഞാൻ നിങ്ങളുടെ കൈ പരിശോധിക്കാം."

"ഓഹോ നിങ്ങൾ കൈനോട്ടക്കാരനാണോ, നിങ്ങളുടെ കൂലിയെന്തു്?"

"നിങ്ങൾക്കു് ഇഷ്ടമുള്ളതു തന്നാൽ മതി."

"എങ്കിൽ ഞാൻ ഒന്നു ചോദിക്കട്ടെ," കൈപ്പത്തി നീട്ടിക്കാണിച്ചുകൊണ്ടു പത്രോസ് പറഞ്ഞു.-"രാജ്യം ഭരിക്കുന്ന രേഖ വല്ലതും എന്റെ കൈയിലുണ്ടോ."

"രാജ്യം ഭരിക്കുന്ന രേഖയോ? ഹസ്തരേഖ വിദഗ്ദ്ധൻ സൂക്ഷിച്ചുനോക്കി. അതിൽ ശംഖും ആനയും തോട്ടവും ഒന്നും ഇല്ലായിരുന്നു. കാണാൻ സാധിച്ചടത്തോളം ദാരിദ്ര്യയോഗം മാത്രമാണു് അതിൽ ഉണ്ടായിരുന്നതു്".

"കാണുന്നുണ്ടോ"? പത്രോസ് വീണ്ടും ചോദിച്ചു.

"കാണുന്നില്ലല്ലോ" ഒരു മന്ദഹാസത്തോടുകൂടി കൈനോട്ടക്കാരൻ അറിയിച്ചു. അയാൾ അടുത്തതായി നോക്കിയതു് ആ റിക്ഷാക്കാരനു് കിടക്കണ്ടേ എന്നാണു്.

"നിങ്ങൾ കാണുന്നില്ല."?

"ഇല്ല"

"ഇല്ല",

"അശേഷം അങ്ങനെ ഒരു രേഖ വല്ലതും നമ്മുടെയെല്ലാം കൈയിൽ കാണുമോ.."

"എന്തുകൊണ്ടു കണ്ടുകൂടാ. എങ്കിൽ തനിക്കു കൈനോട്ടം അറിഞ്ഞുകൂടാ. ഇടത്തു കൈയുടെ ചൂണ്ടാണി വിരലുംകൊണ്ടു വലത്തുകൈയിലെ ചട്ടിത്തഴമ്പു് ചൂണ്ടിക്കാണിച്ചുകൊണ്ടു പത്രോസ് പറഞ്ഞു—"ഇതാ ഇതാണു് അതിനുള്ള രേഖ. വേല ചെയ്യുന്നവനുള്ളതാണു് രാജ്യം. ഭരിപ്പാനുള്ള അവകാശവും അയാൾക്കാണു്. വേലക്കാരന്റെ ജീവിതം [illegible] പോകുന്നു. ഇതൊന്നും തനിക്കു് അറിഞ്ഞുകൂടേ? താൻ പ്രമാണിന്റെ കൈയിൽ നോക്കിയതു് ശംഖും ചക്രവുമൊക്കെയായിരിക്കും അല്ലേ. പോകൂ. അതൊന്നും ഇനി മനുഷ്യരുടെ കൈയിൽ ഉണ്ടായിരിക്കയില്ല. താൻ കൈനോട്ടക്കാരനല്ല. വയറുനോട്ടക്കാരനാണു് പോകൂ. പോയി വല്ലതും പണിയെടുക്കൂ" പത്രോസ് അയാളെ പിരിച്ചുവിട്ടു.

കൃഷ്ണൻകുട്ടിക്ക് സന്നിപാതജ്വരം. പത്രോസും റഹിമാനും മററു ചില കൂട്ടുകാരുംകൂടി അയാളെ ഒരു കട്ടിലിൽ കിടത്തി ചുമന്നുകൊണ്ടു ആസ്പത്രിയിൽ ചെന്നു ആ രോഗിക്ക് ആംബുലൻസിനു് പണമില്ല. ഡോക്ടർ പറഞ്ഞു. ഇനി ഇവിടെ പേവാർഡ് മാത്രമേയുള്ളു. മററുള്ള സ്ഥലത്തു സൂചിയിടാൻപോലും സൗകര്യമില്ല.

"ഡോക്ടർ"—പത്രോസ് പറഞ്ഞു. "പേവാർഡുണ്ടാക്കിയതു ഞങ്ങളുടെ കററംകൊണ്ടല്ല. പേവാർഡിൽ ഒന്നു കിടന്നുപോയാൽ ഈ പാവപ്പെട്ടവനു് എന്താണു് അവമാനം."

അന്നു വൈകിട്ടു പട്ടിണിക്കാരായിത്തീർന്ന കൃഷ്ണൻകുട്ടിയുടെ കുടുംബാംഗങ്ങളുടെ അടുക്കലേക്ക് ഇരുന്നാഴി അരിയുമായി പത്രോസ് ഓടിച്ചെന്നു. പക്ഷെ റഹിമാൻ നേരത്തെതന്നെ അതു് അവിടെ എത്തിച്ചിട്ടുണ്ടായിരുന്നു.

ഒരിക്കൽ പള്ളിയിലെ അച്ചൻ പത്രോസിനെ വിളിച്ചു ഗുണദോഷിച്ചു.—"പത്രോസേ നിന്റെ കൂട്ടുകെട്ടുകൊണ്ടു നീ നരകത്തിനു ചേർന്നവനായിപ്പോയി. ലോകം മുഴുവൻ നേടിയാലെന്തു്? സ്വർഗ്ഗം നഷ്ടപ്പെട്ടാൽ നിനക്കെന്തു ഫലം? നീയാകുന്ന പാറമേലാണു് നമ്മുടെ പള്ളി പണിതിരിക്കുന്നതു്. നിന്റെ ഭാര്യ പോലും ഇപ്പോൾ പള്ളിയിൽ വരുന്നില്ലല്ലോ. കഷ്ടം."!!!

"അച്ചോ" പത്രോസ് പറഞ്ഞു. "ആളുകൾ വർദ്ധിച്ചുപോയി. ആ പഴയ പള്ളിക്ക് സ്ഥലസൗകര്യമില്ല. ആ പാറ തല്ലിപ്പൊട്ടിച്ചു എല്ലാവർക്കും ഒരുപോലെ താമസിക്കാൻ കൊള്ളാവുന്ന മനുഷ്യത്വത്തിന്റെ ഒരു പുതിയ പള്ളി ഞങ്ങൾ പണിതുകൊണ്ടിരിക്കുകയാണ്. സ്വർഗ്ഗം മുഴുവൻ ഞങ്ങൾ ആ പള്ളിയിലേക്ക് കൊണ്ടുവരും."

നേരം സന്ധ്യയാകാറായി. പത്രോസ് ബോട്ടുജട്ടിയിലാണ്. ഏഴരയ്ക്കുള്ള ആലപ്പുഴ ബോട്ടു വന്നുചേർന്നിട്ടില്ല. റിക്ഷായിൽകയറുന്നതിനു ആരെങ്കിലും അതിൽ കണ്ടെന്നു വരാം. അതാണു് അയാളുടെ പ്രതീക്ഷ.

അയാളുടെ കുടിൽ ഇനിയും മേഞ്ഞുകഴിഞ്ഞിട്ടില്ല ഏതാണ്ടു അഞ്ചുരൂപായോളം അയാൾക്കു സമ്പാദിക്കാൻ സാധിച്ചു. എത്ര കുറഞ്ഞാലും ഇനിയും വേണം അഞ്ചുരൂപായോളം. ദൂരെ കായലിൽ മുട്ടിനിൽക്കുന്ന ചക്രവാളച്ചെരുവിൽ തെളിഞ്ഞ മിന്നലുകളോടൊപ്പം ശിഥില ചിന്തകൾ അയാളുടെ ഹൃദയാകാശത്തിലും പ്രകാശിച്ചുകൊണ്ടിരുന്നു. ഒരു ബീഡി കത്തിച്ചു അതിന്റെ പുക ആസ്വദിച്ചാസ്വദിച്ചു അയാൾ അങ്ങിനെ ഇരിക്കുകയാണ്. "ഡ്ധും, ഡ്ധും, ഡും ഡും" അതാ ഒരു ബോട്ടു് ഓടിയടുക്കുന്നു.

ബോട്ടിൽനിന്നു ആളുകൾ കരക്കിറങ്ങി. ഒരാൾ പത്രോസിന്റെ റിക്ഷായിലേക്ക് കയറി പത്രോസ് ഓട്ടം തുടങ്ങി. മദ്ധ്യവയസ്കനായ ഒരു യുവാവാണ് റിക്ഷായിൽ. ഉള്ളിലെ കൈയില്ലാ ബനിയൻ പ്രകാശിപ്പിക്കുന്ന ധാക്കാ മസ്ലിൻ ഷർട്ട്, വിരലുകളിൽ മോതിരം, കഴുത്തിൽ ഒരു ചെയിൻ, കാലിൽ ഷൂസ്—അയാൾ ഒരു മാന്യനായിരുന്നു. നഗരത്തിലെ പ്രധാന ഹോട്ടലുകളിൽ ഒന്നിന്റെ പടിക്കൽ ആ റിക്ഷാക്കാരൻ നിൽക്കേണ്ടിവന്നു.

"വല്ലതും കഴിക്കട്ടെ. താൻ ഇവിടെ നിൽക്ക്", ആ മദ്ധ്യവയസ്കൻ ഹോട്ടലിലേക്കു കയറി. ഉദ്ദേശം ഒന്നര മണിക്കൂർ നേരത്തോളം ആ റിക്ഷാക്കാരൻ കാത്തുനിന്നു. അപ്പോഴേക്ക് ആ മനുഷ്യൻ എത്തി. വീണ്ടും റിക്ഷായിൽ കയറി ഇരുന്നുകൊണ്ടു അയാൾ പറഞ്ഞു. "മനോരമക്കവല" മനോരമക്കവലയിൽ ചെന്നപ്പോൾ, "നാഗമ്പടം റോഡിൽകൂടി"

പത്രോസ് ഓടി. മദ്യത്തിന്റെയും സിഗററിന്റെയും ഇടകലർന്ന ഒരു ഗന്ധം റിക്ഷായിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു അവിടെ ഒരു വീടിന്റെ പടിക്കൽ റിക്ഷാ നിറുത്തുവാൻ പത്രോസിനു അറിയിപ്പുകിട്ടി. അപ്പോൾതന്നെ ആ മനുഷ്യൻ ഒരു "ജന്റിൽമേൻ" തന്നെയെന്നു പത്രോസിനു ബോദ്ധ്യമായി. പക്ഷെ എന്തു ചെയ്യാം, ചിലർക്ക് അതൊക്കെ ആവശ്യമാണ്. അയാൾ റിക്ഷാ നിറുത്തി. റിക്ഷായിൽനിന്നിറങ്ങിയ മാന്യൻ പത്രോസിനോടു പറഞ്ഞു. "താൻ കുറെ അങ്ങോട്ടുമാറി നിൽക്ക്. എന്റെ കുട റിക്ഷായിൽതന്നെ ഇരിക്കുന്നു."

---

അടുത്ത ലക്കത്തിൽ

**'അത്ഭുതമനുഷ്യൻ',**

ശ്രീ: കാരൂർ നീലകണ്ഠപ്പിള്ളയുടെ

(ചെറുകഥ)

---

വീണ്ടും അയാൾ റിക്ഷായിൽ കയറി. പത്രോസ് പിന്നെയും ഓടി. ഒടുവിൽ ആ ഹോട്ടലിലേക്കുതന്നെ അവർ തിരിച്ചു. സിനിമാ സെക്കൻഡ് ഷോ കഴിഞ്ഞു് ആളുകൾ പിരിഞ്ഞുകഴിഞ്ഞു. നഗരവിളക്കുകൾ അണഞ്ഞു. മങ്ങിയ ഒരു നിലാവുണ്ട്. ഇരുവശവുമുള്ള കെട്ടിടങ്ങളുടെ നിഴൽപ്പാടുകളിൽ റോഡു മിക്കവാറും അവ്യക്തംതന്നെ. ഹോട്ടലിലെ ഇലനക്കികളായ പട്ടികൾ സുഖനിദ്രയ്ക്കുവേണ്ടി വഴിയിൽ അവിടവിടെ കിടക്കുന്നു. സൂക്ഷിച്ചുപോയില്ലെങ്കിൽ അവയുടെ കടികൊള്ളുമെന്നുള്ള കാര്യം പത്രോസിനറിയാം. ഒരു കെട്ടിടത്തിന്റെ നെടിയ വരാന്തയിൽനിന്ന് ആരോ രണ്ടുമൂന്നു ഷർട്ടുകാർ ഒരു ഇടവഴിയിലേക്ക് ഓടി മറയുന്നു. ആ വരാന്തയിൽ ഒന്നുരണ്ടു സ്ത്രീകൾ മാത്രം ശേഷിച്ചു. റിക്ഷായിൽ ഇരുന്നയാൾ ടോർച്ചടിച്ചു. പെട്ടെന്നു അയാൾ റിക്ഷായിൽനിന്നിറങ്ങി. ശയ്യാവലംബികളായ ആ സ്ത്രീകളെ വെളിച്ചം അടിച്ചു സൂക്ഷിച്ചു നോക്കി. വീണ്ടും റിക്ഷായിൽ കയറിയിരുന്നുകൊണ്ടു അയാൾ പറഞ്ഞു, "ഹോപ്പ്‌ലസ്സ്"

റിക്ഷാ ആ ഹോട്ടലിന്റെ വാതിൽക്കൽനിന്നു. ആ മാന്യൻ താഴെയിറങ്ങി. ജുബ്ബായുടെ തൂങ്ങിക്കിടക്കുന്ന കീശയിലേക്കു കൈയിട്ടു് അയാൾ പത്രോസിനോടു ചോദിച്ചു "തനിക്കെന്തു വേണം"

"രാത്രിയിൽ ഒട്ടുംകുറെ ഓടി. രണ്ടു രൂപാ തന്നേക്ക്"—പത്രോസ് പറഞ്ഞു. ആ മാന്യന്റെ കൈകൾ കീശയിലേക്കു പാഞ്ഞു. പരിഭ്രമത്തോടുകൂടി അയാൾ ടോർച്ചടിച്ചു കാൽചുവട്ടിലെ സ്ഥലമെല്ലാം പരിശോധിക്കയായി "അയ്യോ എന്റെ പേഴ്സെവിടെ?

"പേഴ്സോ? അത്ഭുതത്തോടുകൂടി പത്രോസ് ചോദിച്ചു

"അതേ, എന്റെ പേഴ്സ്"!!!

റിക്ഷാ മുഴുവൻ പരിശോധിക്കപ്പെട്ടു. ആ മാന്യന്റെ ഷർട്ട് വിയർപ്പുകൊണ്ടു നനഞ്ഞു വീണ്ടും അയാൾ റിക്ഷായിലേക്കു കയറി. പോയ സ്ഥലത്തെല്ലാം അയാൾക്ക് ഒന്നുകൂടി പോകണമത്രെ.

"വേഗമാകട്ടെ. അയാൾ തിടുക്കം പൂണ്ടു. "എന്തോ ഉണ്ടു തുക"? ഓടുന്നതിനിടയ്ക്കു പത്രോസ് ചോദിച്ചു.

"ഉം—ഉം—ഉണ്ടു—"

നേരം വെളുത്തപ്പോൾ മൈതാനത്തിനു സമീപമുള്ള റോഡരികിൽ പത്രോസ് റിക്ഷായോടുകൂടി നിൽക്കുന്നു. ആ മാന്യനും അവിടെയുണ്ട്. കിഴക്കെ ദിക്കിന്റെയും ആ ഷർട്ടുകാരന്റെയും മുഖം ഒരുപോലെ വിളറിയിട്ടുണ്ട്.

പോയ സ്ഥലങ്ങളെപ്പററിയുള്ള വിവരണമൊ പേഴ്സിന്റെ നഷ്ടത്തെപ്പററിയുള്ള വാർത്തയോ അന്യരെ അറിയിക്കുവാൻ അയാൾ ഇഷ്ടപ്പെടുന്നില്ല.

"ഞാൻ നശിച്ചു" ഇടയ്ക്കിടയ്ക്കു് ആ വാക്യം മാത്രം അയാൾ മന്ദമായി ഉച്ചരിച്ചു. ഹോട്ടലിൽനിന്നു മൂന്നു രൂപാ വാങ്ങി അയാൾ പത്രോസിനു കൊടുത്തു. ഒരു സഹോദരന്റെ മാനസിക വ്യഥയിൽ ആ റിക്ഷാക്കാരനും അൽപ്പം ത്യാഗം സഹിച്ചു.

അന്നു റിക്ഷായിലിരുന്നു ഉറക്കം തൂങ്ങുന്ന പത്രോസിനെക്കണ്ടു റഹിമാൻ ചോദിച്ചു. എന്താ പത്രോസേ ഇന്നലെ എവിടെയായിരുന്നു. പത്രോസ് ആ കഥയെല്ലാം റഹിമാനെ അറിയിച്ചു. അവർ തീരുമാനിച്ചു. അതു് അവൾ അടിച്ചെടുത്തതുതന്നെ. പത്രോസ് ആ ഷർട്ടുകാരനോടു് അതു പറയാതിരുന്നില്ല. പക്ഷെ അയാൾ സമ്മതിച്ചില്ല. അവിടെ നിന്നിറങ്ങിയപ്പോഴും പേഴ്സുണ്ടായിരുന്നെന്നു അയാൾ വാദിച്ചു.

കക്ഷി എവിടത്തുകാരനാ—റഹിമാൻ. കാഞ്ഞിരപ്പള്ളിക്കാരൻ—പത്രോസ് തുടർന്നു. എന്താ, പുതുപ്പറമ്പിൽ പി. സി. വർക്കി. ഹോട്ടലുകാരൻ കണക്കെഴുതിയതു ഞാൻ കണ്ടു.

"പാവം അയാൾ പൊട്ടി." റഹിമാൻ സഹതാപം പ്രകടിപ്പിച്ചു.

ഉറക്കം തൂങ്ങിക്കൊണ്ടിരുന്നപ്പോൾ പത്രോസിനു് ഒരു സംശയം തോന്നി. ആ മനുഷ്യൻ മുഖം കഴുകാനിറങ്ങിയപ്പോൾ മീൻ വെട്ടിമറിയതായി കേട്ട ആ ശബ്ദം ഒന്നു പരിക്ഷിക്കണമെന്ന്. അവിടെ ഒരു മീൻ തുടിച്ച ചെറിയ ശബ്ദം മാത്രമെ ഉണ്ടായുള്ളത്രെ.

അവിടെച്ചെന്നു അയാൾ മുങ്ങി; അതേ, ആ പേഴ്സുമായിത്തന്നെ അയാൾ ഉയർന്നു. വെള്ളം തുടച്ചശേഷം ആ ദരിദ്രൻ അതൊന്നു തുറന്നു നോക്കി. രണ്ടായിരത്തിൽപ്പരം രൂപയുടെ കറൻസിനോട്ടുകൾ അടക്കിവച്ചിരുന്ന ഒരു അറ. കൊപ്രായുടെയും കുരുമുളകിന്റെയും വിലയായി കിട്ടിയ രണ്ടായിരത്തിൽപ്പരം നോട്ടുകൾ.

(ശേഷം 9-ാം പേജിൽ)

എ. ബാലകൃഷ്ണപിള്ള

# നമ്മുടെ നോവൽ പ്രസ്ഥാനം

പതിനെട്ടാം ശതാബ്ദത്തിലെ ഒരു പ്രസിദ്ധകവിയും നാടകകർത്താവുമായ മെററസ്റ്റാസിയൊ എന്ന ഇററാലിയൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:— “ജീവിതത്തിൽ ഭൂതവും, വർത്തമാനവും, ഭാവിയുമായ കാലങ്ങൾ അടങ്ങിയിരിക്കുന്നു. ഭൂതകാലം കഴിഞ്ഞുപോയതിനാൽ അതു നിസ്സാരമാണ്. ഭാവിവന്നിട്ടില്ല; ഇതുവരാതെയിരുന്നേക്കാം; തൻനിമിത്തം ഇതും നിസ്സാരമത്രെ. നാം സ്ഥിതിചെയ്യുന്നതു കാലത്തിന്റെ ഒരു ചെറിയ അംശമായ വർത്തമാനകാലത്തിലാണ്. അതുകൊണ്ടു നിസ്സാരമായ ഭൂതകാലവും നിസ്സാരമായ ഭാവിയും നാം സ്ഥിതിചെയ്യുന്ന ചെറിയ വർത്തമാനകാലവും കൂടിയതാണു ജീവിതം.” ഇതിനെ ആസ്പദിച്ചു കാലത്തിനു പ്രാധാന്യം നൽകി നോവലുകളെ ചരിത്രപരം (ഹിസ്റ്റോറിക്കൽ) സാദൃശ്യാത്മകം, അഥവാ, യഥാർത്ഥ (റീയലിസ്റ്റിക്ക്) യഥേഷ്ടകല്പിതം (കൺസ്ട്രക്ഷണിസ്റ്റ്) എന്നു മൂന്നുതരമായി വിഭജിക്കാവുന്നതാണ്. ചരിത്രനോവലിനെയും സാധാരണയായി സാമുദായിക നോവലെന്നു പറഞ്ഞുവരുന്ന സമകാലിന റിയലിസ്റ്റിക്ക് നോവലിനെയും വിവരിക്കേണ്ട ആവശ്യമില്ലല്ലൊ. ഒരു സിദ്ധാന്തത്തെ ആസ്പദിച്ചു സമകാലീന സമുദായത്തെ പുതുതായി വാർത്തുവരുന്നതിനെ ചിത്രീകരിക്കുന്ന ഒന്നാണു ഒരു കൺസ്ട്രക്ഷണിസ്റ്റ് നോവൽ. അതുകൊണ്ടു വർത്തമാനം ഭാവി എന്നീ കാലങ്ങൾക്കു ഇതിൽ സ്ഥാനമുണ്ട്. ഗ്ലാഡ്കോവിന്റെ “സിമിൻറ്” കടയേവിന്റെ കാലമെ, മുമ്പോട്ട്” ഷോലൊക്കോവിന്റെ “പുതുനിലംകിളച്ചതു” പാൻഫെറോവിന്റെ “ബ്രുസ്കി” എന്നീ സോവിയററ് നോവലുകൾ കൺസ്ട്രക്ഷണിസ്റ്റ് നോവലുകൾക്കു ഉദാഹരണങ്ങളാണുതാനും.

പിന്നെയും നോവലുകളെ വിഷയത്തെ ആസ്പദിച്ചു മഹാകാവ്യാത്മകം (എപ്പിക്കൽ) പരിതസ്ഥിത്യാത്മകം (ബിഹേവിയറിസ്റ്റിക്ക്) മാനസികാപഗ്രഥനപരം (സൈക്കോളജിക്കൽ) എന്നു മൂന്നായി തരംതിരിക്കാം. എപ്പിക്കൽ നോവലിനു രണ്ടുശാഖകളുണ്ട്. ചരിത്രനോവൽ സമകാലീന വീരചരിതനോവൽ എന്നിവയാണു പ്രസ്തുത രണ്ടുശാഖകൾ. പൂർവ്വകാലങ്ങളിലെ യുദ്ധങ്ങളൊ വീരന്മാരുടെ മത്സരങ്ങളൊ പ്രധാന ചരിത്ര സംഭവങ്ങളൊ ആയിരിക്കും പ്രായേണ ചരിത്രനോവലുകളുടെ വിഷയം. എപ്പിക്കൽ നോവലിന്റെ രണ്ടാമത്തെ ശാഖയിൽ ഇന്നത്തെ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ സിവിൾ നിയമലംഘന സത്യഗ്രഹ പ്രസ്ഥാനങ്ങൾ ഐ എൻ എ-യുടെ സ്വാതന്ത്ര്യ സമരപ്രസ്ഥാനം നാട്ടുരാജ്യങ്ങളിലെ സ്റ്റേററ് കോൺഗ്രസ്സ് പ്രസ്ഥാനങ്ങൾ എന്നിവയെപ്പോലെയുള്ള സമകാലിന വീരചരിത പ്രസ്ഥാനങ്ങൾ വിഷയമായിട്ടുള്ള നോവലുകളാണു അടങ്ങിയിരിക്കുന്നതു. സമകാലീനവീരചരിത നോവലുകളെ കൺസ്ട്രക്ഷണിസ്റ്റ് നോവൽ ശാഖയിലും ഒരു വിധത്തിൽ കൊള്ളിക്കാം. പ്രണയവും സാമുദായിക പരിതസ്ഥിതിയുമാണു ബിഹേവിയറിസ്റ്റിക്ക് നോവലിന്റെ വിഷയം. പ്രണയവും വ്യക്തിയുടെ മാനസിക പരിതസ്ഥിതിയുമാണു സൈക്കോളജിക്കൽ നോവൽ പ്രതിപാദിക്കുന്നതു.

സമകാലീന വീരചരിത നോവലുകളാണ് ഇന്നുവേണ്ടതെന്നുള്ള റാൽഫ് ഫോക്സിന്റെ അഭിപ്രായം ഇവിടെ പ്രസ്താവയോഗ്യമാണ്. യുവാവായിരിക്കുമ്പോൾതന്നെ സ്പെയിനിലെ ആഭ്യന്തര യുദ്ധത്തിൽ ലച്ചു വീരസ്വർഗ്ഗമടഞ്ഞ മഹാനായ ഫാക്സിന്റെ ലോകപരിചയക്കുറവ് ഈ അഭിപ്രായം സ്പഷ്ടമാക്കുന്നുണ്ട്. “സമകാലീനവീരചരിത നോവലുകൾക്കുവേണം കലങ്ങിമറിഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ പ്രാമുഖ്യമുണ്ടായിരിക്കേണ്ടതു” എന്നു അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ അതു സ്വീകാര്യമായിരുന്നേനെ. കൂടുതൽ ലോകപരിചയമുള്ള മാക്സിംഗോർക്കിയുടെ അഭിപ്രായം ഇതായിരുന്നു. ഒരിക്കൽ മാക്സിംഗോർക്കിയുടെ ആദ്ധ്യക്ഷതയിൽ മോസ്ക്കോയിൽ വച്ചുകൂടിയ അഖില സോവിയററ് സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ വാസനാനുഗ്രഹീതനായ സോവിയററ് സാഹിത്യകാരൻ ഇല്യഎഹ്റെൻബർഗ് ഇപ്രകാരം പറയുകയുണ്ടായി:—“ബൂർഷ്വാനോവൽ കഥാനായകന്റെ ഒരു വശംമാത്രമെ ചിത്രീകരിച്ചിരുന്നുള്ളു; പ്രണയത്തെക്കുറിച്ചല്ലാതെ മറെറാന്നും അയാൾക്കു അറിയാൻപാടില്ല. നമ്മുടെ സാഹിത്യലോകത്തെ മറെറാരുകുറവു കാണാം. നമ്മുടെ കഥാനായകനെ വർക്ക്ഷാപ്പിൽവച്ചൊ കൊൽഖോസി ഓഫീസിൽ വച്ചൊ മാത്രമെ നാം കാണാറുള്ളു. പ്രോലിട്ടേറിയൻ കഥാനായകനു ദിവാസ്വപ്നങ്ങൾ പാടില്ലെന്നുണ്ടൊ? പ്രണയവും ജാരശങ്കയും അയാൾ പ്രകടിപ്പിക്കരുതെന്നുണ്ടൊ? ഒരു കായലിന്റെ സ്ഫടികതുല്യമായ ജലത്തിൽ നോക്കുന്ന വിശ്രമവേളകളിൽ അയാളിൽ ജനിക്കുന്ന ചിന്തകൾ നമ്മുടെ സാഹിത്യകാരന്മാർ നമ്മെ ഗ്രഹിപ്പിക്കേണ്ടതാണ്-” ഫോക്സിന്റെ അഭിപ്രായത്തിലുള്ള കുറവു ഇതിൽനിന്നു മനസ്സിലാക്കാം. റഷ്യയിലെ വായനക്കാർ റൊമാൻറിക്ക് പ്രണയകഥകളും പഴയ ക്ലാസിക്ക് പ്രസ്ഥാന കൃതികളും വായിക്കുന്നതിൽ പ്രത്യേക താല്പര്യം കാണിച്ചു വരുന്നുണ്ടെന്നു സോവിയററ് ലൈബ്രറികളുടെ സ്ഥിതിവിവരക്കണക്കുകൾ സ്ഥാപിച്ചിട്ടുള്ളതും ഫോക്സിന്റെ അഭിപ്രായത്തിലുള്ള അതിശയോക്തി സുസ്പഷ്ടമാക്കുന്നുണ്ട്.

മുകളിൽ വിവരിച്ചതരം നോവലുകൾക്കു പുറമെ വെറും സമയംകൊല്ലികളും സാഹിത്യത്തിൽ പ്രാധാന്യം ഇല്ലാത്തവയുമായ പ്രക്ഷോഭനോവലുകൾ (സെൻസേഷൻ നോവൽ) എന്നൊരുതരം നോവലുമുണ്ട്. ഈ തരത്തിൽ ചരിത്രനോവലുകൾ ചെയ്യുന്ന സംഭവത്തിന്റെ കാവ്യാത്മകമായ പ്രതിപാദനമൊ സാമുദായിക നോവലുകൾചെയ്യുന്ന ക്യാരക്ടറിന്റെ സത്യാത്മകമായ പ്രതിപാദനമൊ കാണാറില്ല. അത്ഭുതംമുഖേന ക്ഷോഭം ജനിപ്പിക്കുന്നതിനു മാത്രമെ ഇവ യത്നിക്കുന്നുള്ളു. പാശ്ചാത്യലോകത്തു ചരിത്രനോവൽപ്രഭവത്തിൽനിന്നു ബിഹേവിയറിസ്റ്റിക്ക് നോവൽ ജനസാമാന്യത്തിൽ (പ്രോലിട്ടേറിയററിൽ)നിന്നും സൈക്കോളജിക്കൽ നോവൽ ഇടത്തരക്കാരിൽ (ബൂർഷ്വാക്കളിൽ)നിന്നു ജനിച്ചുവെന്നുംകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ആധുനിക കേരളീയ ഭാഷാസാഹിത്യത്തിൽ ചരിത്രനോവലുകളുടെ പെരുപ്പവും (ഇവയിൽ മുക്കാലേമുണ്ടാണിയും കലാമഹിമ കുറഞ്ഞവയാണു) മററുതരം നോവലുകളുടെ അരുപ്പവും കുപ്രസിദ്ധമാണല്ലൊ. ഇതിന്റെ കാരണങ്ങളെപ്പററി ഇനി സാമാന്യമായി ചിന്തിക്കാം. ഒന്നാമത്തേതു കേരളീയരുടെ നരവംശപരമായ മാനസ്സിക ഘടനയാണ്. കേരളീയരുടെ പൂർവ്വികരായ സെമിററിക്ക് നരവംശത്തിന്റെ മാനസ്സിക ഘടന ഒരു ബോംബെ മലയാളി വാർഷികത്തിൽ ഞാൻ വിവരിച്ചിരുന്നു. ശക്തിയാതി വ്യക്തിമുദ്ര പതിഞ്ഞിട്ടുള്ള വ്യക്തികളെയും, മലപോലെ പൊന്തിച്ചുനിൽക്കുന്ന സംഭവങ്ങളെയുംമാത്രം കാണുകയും ആരാധിക്കുകയുംചെയ്യുക, സാധാരണമനുഷ്യരെയും ദൈനന്ദിനസംഭവങ്ങളെയും പുച്ഛിച്ചുകാണാതിരിക്കുക, തീഷ്ണവികാരത്തിൽ ആറാടുക, ആരംഭശൂരത്വം, ചിന്താശീലത്തിന്റെയും പരിശ്രമശീലത്തിന്റെയും അഭാവം, വിശകലനശക്തിയുടെ കുറവ്, എന്നിവയെ അവരുടെ മാനസികഘടനയിൽ കാണാം. ഇവ ഭാവഗീതങ്ങൾ, മഹാകാവ്യങ്ങൾ, ചരിത്രനോവലുകൾ, ചെറുകഥകൾ എന്നീ സാഹിത്യരൂപങ്ങളുടെ സൃഷ്ടിക്കു പററിയവയും ബിഹേവിയരിസ്റ്റിക്ക് നോവലുകൾ സൈക്കൊളോജിക്ക് നോവലുകൾ എന്നിവയുടെ സൃഷ്ടിയെ തടസ്സപ്പെടുത്തുന്നവയുമാകുന്നു. പ്രസ്തുത മാനസികഘടന സമകാലീനവീരചരിത നോവലുകളുടെ സൃഷ്ടിക്കും പററിയവയാണ്. പ്രാചീന ചെന്തമിഴ് സാഹിത്യത്തിലെ സുപ്രസിദ്ധ പഞ്ചമഹാകാവ്യങ്ങളായ ചിലപ്പതികാരം, മണിമേഖല, ജീവകചിന്താമണി, കുണ്ഡലകേശി, വളൈയാപ്പതി എന്നിവ കേരളീയരായ സാഹിത്യകാരന്മാരൊ ചേരരാജാക്കന്മാരുടെ പ്രേരണയാൽ മററു തമിഴ് രാജ്യക്കാരായ സാഹിത്യകാരന്മാരൊ രചിച്ചവയാണെന്നു വിചാരിക്കുവാൻ ഞാൻ കാരണങ്ങൾ കാണുന്നുണ്ട്. ഇവയിൽ ചിലതു ചരിത്രമഹാകാവ്യങ്ങളും ശേഷിച്ചവ സമകാലീന വീരചരിതമഹാകാവ്യങ്ങളുമാണ്. തങ്ങളുടെ മാനസികഘടനയെ ഉപയോഗപ്പെടുത്തി പ്രായേണ ചരിത്രനോവലുകൾമാത്രം ഇന്നത്തെ കേരളീയർ രചിച്ചുവരുന്നു. ഇതുതന്നെ പ്രയോഗിച്ച് അവർ സമകാലീന വീരചരിതനോവലുകൾ രചിക്കാതെയിരിക്കുന്നതിന് കാരണം ഇന്നത്തെ സ്വേച്ഛാഭരണപരമായ രാഷ്ട്രീയപരിതസ്ഥിതിയാകുന്നു.

ആധുനികകേരളത്തിലെ സമുദായത്തിന്റെയും അധികാരികളുടെയും യാഥാസ്ഥിതികമനസ്ഥിതിയാണു രണ്ടാമത്തെ കാരണം. ചരിത്രേതരനോവലുകൾ പ്രായേണ സാമുദായികപരിവർത്തനത്തിനു പ്രേരകമായി ഭവിക്കാറുള്ളതിനാൽ ഇവർ അവയെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിച്ചുവരുന്നില്ല. ചരിത്രേതരനോവലുകളുടെ സൃഷ്ടിക്കു ആവശ്യാവശ്യമായ ഒരു ഘടകം കേരളീയരുടെ മാനസികഘടനയിൽ ഇല്ലാതില്ല. മുകളിൽ പ്രസ്താവിച്ച ഘടകങ്ങൾക്കുപുറമെ അതിൽ ആക്ഷേപവാസനയും ഉൾക്കൊള്ളുന്നുണ്ട്. പക്ഷെ ഏറിയ കൂറും ഇതിന്റെ ലാക്കു വ്യക്തികളും വർഗ്ഗങ്ങളും മതങ്ങളും ജനസാമാന്യവുമാണ്. ഈ ഘടകത്തെ സമുദായത്തിൽ പ്രചരിച്ചുവരുന്ന തത്വങ്ങളുടെയും സാമ്പത്തികവർഗ്ഗങ്ങളുടെയും സമുദായനായകവർഗ്ഗത്തിന്റെയും നേർക്കു തിരിച്ചുവിടുകയും കുറെയധികം പരിശ്രമശീലവും നിരീക്ഷണശീലവും ആർജ്ജിക്കുകയുംചെയ്താൽ കേരളീയർക്ക് ചരിത്രേതരനോവലുകൾ രചിക്കുവാൻസാധിക്കും. കേരളീയരുടെ ചരിത്രനോവൽഭ്രമം കുറയുന്നതിനു മറെറാരുമാർഗ്ഗവും ഇവിടെ നിർദ്ദേശിച്ചുകൊള്ളുന്നു. സുപ്രസിദ്ധ അമേരിക്കൻ ഹാസസാഹിത്യകാരനായ മാർക്ക്ട്വയിൻ രചിച്ച “ആർതർ രാജാവിന്റെ രാജധാനിയിലെത്തിയ ഒരു അമേരിക്കക്കാരൻ” എന്ന കൃതിയെപ്പോലെ ഭൂതകാലത്തിലെ കുറവുകളും അക്രമങ്ങളും അസമത്വങ്ങളും മർദ്ദനങ്ങളുംമാത്രം ചിത്രീകരിക്കുന്ന ആക്ഷേപാത്മക ചരിത്രനോവലുകൾ കുറെയധികം രചിക്കുന്നതാണു പ്രസ്തുതമാർഗ്ഗം. ശ്രീ വൈക്കം മഹമ്മദ്ബഷീറിന്റെ സ്മരണീയമായ “അനർഘനിമിഷം” ഇത്തരത്തിൽപ്പെടുന്ന ഒരു സിംബോളിക്ക് കൃതിയാണ്. വൈഷമ്യമേറിയ സിംബോളിക്ക് സാങ്കേതികമാർഗ്ഗം


## ഞങ്ങളുടെനോവൽപംക്തി

സുപ്രസിദ്ധസോവിയററ സാഹിത്യകാരനായ

**ലിയോനിഡ്സോളോവ്യോവ്**

എഴുതിയ

**ഐവാൻ നിക്കുലിൻ**

എന്ന സമരനോവൽ

5—ാംലക്കം (ജൂൺ 2) മുതൽ പ്രസന്നകേരളത്തിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നതാണ്.

പ്രയോഗിക്കാതെയും ഇത്തരം കൃതികൾ രചിക്കാം.

പത്രസ്ഥലത്തിന്റെ കാർശ്യം മുൻനിർത്തി ഇന്നത്തെ പത്രപ്രവർത്തകർ ചെറുകഥാകാരന്മാരെ മാത്രം പ്രോത്സാഹിപ്പിച്ചുവരുന്നതാണ് മൂന്നാമത്തെ കാരണം. മുമ്പ് അവർ നോവലെഴുത്തുകാരെ പ്രോത്സാഹിപ്പിച്ചുവന്നിരുന്നു പല പ്രസിദ്ധ ഫ്രെഞ്ച് നോവലുകളും പത്രങ്ങളിലൂടെയാണ് ആദ്യം പുറത്തുവന്നതു്. ഇന്നും വാരികകളുടെ പ്രവർത്തകർ സമർത്ഥരായ നോവലെഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നു. ഇതിനു കൂടുതലായി വേണ്ടിവരുന്ന സ്ഥലം അവർ സ്മോൾപൈക്കാ അക്ഷരം കുറെയധികം ഉപയോഗിച്ചു നേടണം. വാരികകളിൽ സ്ഥിരമായ സമുദായനോവൽ കോളങ്ങളും, സ്ഥിരമായ ചെറുകഥ, അഥവ ഏകാങ്കനാടക കോളങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. സൗകര്യമുള്ളപ്പോഴെല്ലാം ദിനപത്രപ്രവർത്തകർക്കു ചെറുകഥകൾ പ്രസിദ്ധപ്പെടുത്തി ചെറുകഥാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന വാരികാപ്രവർത്തകരുടെയും മാസികാപ്രവർത്തകരുടെയും ഭാരം കുറയ്ക്കാവുന്നതാണ്

ചെറുകഥകൾക്ക് ഒരിക്കലും നോവലുകളുടെസ്ഥാനം അപഹരിക്കുവാൻ സാധിക്കുന്നതല്ല. രണ്ടും രണ്ടുതരം സാഹിത്യരൂപങ്ങളാണ്. "ചെറുകഥയുടെ അനനേയതയും പ്രായേണ സീമയററ വിഷയവ്യാപകത്വവും അനുഭാവവും അതിന്റെ ദൈർഘ്യമില്ലായ്മയുംനിമിത്തം ഹീറോയിക്ക് ഈരടികൾ മഹാകവി പോപ്പിന്റെ കാലത്തിനു യോജിച്ചിരുന്നതുപോലെ അതു് ഇന്നത്തെ കാലത്തിനുചേർന്ന ഒരു സാഹിത്യരൂപമായി ഭവിച്ചിട്ടുണ്ട്. അതു് അസ്വാസ്ഥ്യവും വിശ്വാസമില്ലായ്മയും ശങ്കയുംനിറഞ്ഞ നമ്മുടെ ഇന്നത്തെ കാലത്തിന്റെ ആത്മാവിന്റെ പ്രകടനത്തിനു നോവലിനെയും പദ്യകവിതയെയുംകാൾ അധികം യോജിച്ച ഉപകരണമാണെന്നു ഞാൻ വിചാരിക്കുന്നു. ഇങ്ങനെയാണ് ഒരു പ്രസിദ്ധ ചെറുകഥാകാരനായ എച്ച്. ഈ. ബേററ്സ് എന്ന ഇംഗ്ലീഷ്കാരൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്". നമ്മുടെ ഇന്നത്തെ കാലത്തു വ്യാപകമായ സമുദായപ്ലാനിങ്ങ് പദ്ധതികൾകൂടി നടപ്പിൽ വരുത്തുവാൻതുടങ്ങിയിരിക്കുന്നു എന്നുള്ള വസ്തുത ഈ ചെറുകഥാകാരൻ തന്റെ വാക്കിന്റെ ഭംഗികണ്ടു മറന്നുപോയിരിക്കുന്നു. ഇത്തരം പ്ലാനിങ്ങിനു ചെറുകഥകളല്ലാ സാമുദായികനോവലുകളാണു സഹായകരമായി ഭവിക്കുന്നതു്.

ഇന്നത്തെ വിദ്യാഭ്യാസപദ്ധതികളുടെ കുറവുകളാണു നാലാമത്തെ കാരണം. ആദർശങ്ങൾക്കു കാലാനുസൃതമായ പരിവർത്തനം വന്നേമതിയാവൂ എന്ന പരമാർത്ഥം ഈ പദ്ധതികളിൽ ഉൾക്കൊണ്ടിട്ടില്ല. ഇന്നു് ഏതാനും ശ്രേഷ്ഠ ചെറുനോവലുകൾ പുറത്തു വന്നിട്ടുണ്ട്. ഇതുപോരാ. ദീർഘചരിത്രേതര നോവലുകൾകൂടി ഉണ്ടായേമതിയാവൂ.

—o—

തകഴി ശിവശങ്കരപ്പിള്ള

# പഴയതും പുതിയതും

'പുരോഗമനസാഹിത്യം-ആർഷഭാരതത്തെ അപകടത്തിലാക്കാൻ അവതരിച്ചിരിക്കുന്ന ഒരു പുതിയ പ്രസ്ഥാനം—പാണ്ഡിത്യമോ ചമൽക്കാരമോ തൊട്ടുതേച്ചിട്ടില്ലാത്ത സാഹിത്യാഭാസം. എന്നിങ്ങനെയുള്ള നിശിതവിമർശനങ്ങളുടെ കൊടുങ്കാററിൽ ഉലഞ്ഞുപോകാതെ ഉറച്ചുനിൽക്കുന്ന അഥവാ കാലത്തിനൊപ്പിച്ചു പുരോഗമിക്കുന്ന പ്രസ്ഥാനമാണ് പുരോഗമനസാഹിത്യം. 80 കൊല്ലങ്ങൾക്കുമുമ്പുണ്ടായ കാറൽമാക്സിന്റെതത്വചിന്താശാസ്ത്രത്തിന്റെ അല ഓണംകേറാമൂലയിൽപോലും അടിച്ചുയർന്നു. അതിന്റെ ഫലമായി ജീവിതത്തെ ചില പ്രത്യേക മാനദണ്ഡങ്ങൾകൊണ്ടു് അളന്നുനോക്കുവാൻ തുടങ്ങി. പെട്ടെന്നു സ്വേച്ഛാധിപത്യവും മുതലാളിത്വവും ഞെട്ടിവിറച്ചു. പ്രാചീനങ്ങളായ പലതും അപ്രത്യക്ഷങ്ങളായി.

പഴയ സാഹിത്യകാരന്മാരുടെപേനത്തുമ്പത്തുനിന്നു പുറപ്പെട്ടിരുന്നതിൽ ഏറിയ പങ്കും അതിശയോക്തികളും വക്രോക്തികളും കലർന്ന ഈശ്വരസ്തോത്രങ്ങളും ദേവന്മാരെയുംദേവികളെയും വൈദികന്മാരെയും കുറിച്ചുള്ള വർണ്ണനകളുമായിരുന്നു. എന്നാൽ ജീവിതത്തെ നെറികുനിവരുത്തുന്നതിനു പര്യാപ്തമായ തത്വശാസ്ത്രത്തിന്റെ അലകൾ മനുഷ്യഹൃദയങ്ങളെ തട്ടിത്തുടങ്ങിയതിനോടുകൂടെ രാഷ്ട്രീയജീവിതത്തിൽ വിപ്ലവമുണ്ടായി. അതോടൊപ്പം സാഹിത്യത്തിനും സമൂലപരിവർത്തനം വരുത്തേണ്ടതാണെന്നുള്ള ചിന്താവെളിച്ചം വീശി. ഭഗവൽഗീതയിലെ കർമ്മയോഗം മനുഷ്യജീവിതത്തെ ക്രമപ്പെടുത്തുന്നതാണെന്ന് ഗാന്ധിജിതൊട്ടുള്ള മഹാരഥന്മാർപോലും പറയുന്നു. എന്നാൽ മാക്സിന്റെ സിദ്ധാന്തം സാധാരണക്കാരായ ആളുകളുടെ ചിന്തകളെ തട്ടിയുണർത്തിയതോടുകൂടെ ജീവിതത്തെപ്പററി പുതിയ ഉണർവും സ്വാതന്ത്ര്യബോധവും വിപ്ലവപ്രബുദ്ധതയും ഉണ്ടായി. മുതലാളിത്വത്തിന്റെയും സ്ഥാപിതതാല്പര്യങ്ങളുടെയും കീഴിൽ എക്കാലത്തും അമർന്നിരുന്നുകൊള്ളണമെന്നുള്ള പ്രാചീനതത്വശാസ്ത്രത്തിനു വ്യതിയാനം സംഭവിച്ചു. ചിന്താസ്വാതന്ത്ര്യശൂന്യമായി, നുകത്തിൻകീഴിൽ അമർന്നിരിക്കുന്ന വണ്ടിക്കാളകളെപ്പോലെ ജീവിച്ചിരുന്ന മനുഷ്യനു ചിന്താസ്വാതന്ത്ര്യത്തിന്റെയും വിപ്ലവത്തിന്റെയും പ്രബുദ്ധതയുണ്ടായി. അതിന്റെ ഫലമായി തദനുരൂപമായ സാഹിത്യകൃതികൾ രംഗപ്രവേശംചെയ്തു. പ്രാചീനസാഹിത്യം അന്നത്തെ പരിതസ്ഥിതിയിൽ മതിയായിരുന്നെങ്കിലും ഇന്നു് തികച്ചും അപര്യാപ്തമാണ്. ഇന്നത്തെ ചുററുപാടിനനുസരിച്ചുസാഹിത്യത്തിനുമാത്രമെ ഇന്നുസ്ഥാനമുള്ളൂ.

സുഭിക്ഷമായി ഊണുകഴിഞ്ഞു് സുഖമായി ഉറങ്ങുന്നവർ ഉറക്കത്തിനു ശല്യമുണ്ടാക്കുന്ന പട്ടിണിപ്പാവങ്ങളുടെ ദീനശബ്ദം ഇല്ലാതാക്കാൻ ചില ധർമ്മസ്ഥാപനങ്ങൾ ഉണ്ടാക്കി തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾ അഭംഗം പരിരക്ഷിക്കുവാൻ ശ്രമിക്കുന്നു. ഇതു് താൽക്കാലികോപശാന്തിക്കുമാത്രമെ പര്യാപ്തമാകുന്നുള്ളു. എന്നാൽ സമുദായ ശരീരത്തിൽ വ്യാപിച്ചിരിക്കുന്ന സുഖക്കേടിന്റെ ബാഹ്യപ്രകടനമായ സാമൂഹ്യദോഷങ്ങളും പട്ടിണിയും സമൂലം ഇല്ലാതാക്കാൻ ഈദൃശങ്ങളായ താൽക്കാലികചികിത്സ പര്യാപ്തമല്ല. ശരീരത്തിന്റെ മർമ്മസ്ഥാനത്തുണ്ടാകുന്ന വ്യാധിയുടെ ഉപശാന്തിക്കു് ബാഹ്യലേപനങ്ങൾകൊണ്ടു് താൽക്കാലികമായ ആശ്വാസമുണ്ടായാലും രോഗം നിശ്ശേഷം നിങ്ങുന്നില്ല. ഇതുപോലെ സമുദായഗാത്രത്തിന്റെ മർമ്മസ്ഥാനത്തു് ബാധിച്ചിരിക്കുന്ന മഹാവ്യാധിയാകുന്ന വഴി പിഴച്ച വ്യവസ്ഥിതി നീക്കി തൽസ്ഥാനത്തു് നീതിപരമായ ഒരു വ്യവസ്ഥിതി പ്രതിഷ്ഠിക്കാനുള്ള പ്രചോദനംനൽകുന്ന സാഹിത്യമായിരിക്കണം ഇന്നത്തെ കൃതികളെന്നാണ് പുരോഗമനക്കാരൻ പറയുന്നതു്. കേവലം രസാത്മകങ്ങളായ ചമൽക്കാരകൃതികളാകുന്ന ബാഹ്യതൈലലേപനംകൊണ്ടു് സമുദായത്തിന്റെ ഉള്ളിൽ വ്യാപിച്ചിരിക്കുന്ന രോഗം ഭേദപ്പെടുകയില്ല. അതിനു ശസ്ത്രപ്രയോഗംതന്നെ ആവശ്യമാണ്. സാമൂഹ്യദോഷങ്ങളെടുത്തു കാണിക്കുകയും പരിഹാരം കണ്ടെത്തുന്നതുവരെ അതു് ആവർത്തിക്കുകയും ചെയ്യുകയാണ് പുരോഗമനസാഹിത്യകാരൻ ചെയ്യുന്നതു്. സാമൂഹ്യദോഷങ്ങളുടെ ചില നഗ്നമായ വശങ്ങൾ എടുത്തുകാണിക്കുമ്പോൾ ചിലർ നെററി ചുളിച്ചേക്കാം. ചിലർക്ക് വെറുപ്പുതോന്നിയേക്കാം. പക്ഷെ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിയുണ്ടാകുന്നതിന് ഇന്നത്തെ ദോഷങ്ങളുടെയും അനീതിയുടെയും തനിരൂപം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനുള്ള ഉപാധിയാണ് പുരോഗമനസാഹിത്യം. സ്വപ്നസുന്ദരമായ വർണ്ണനാവൈഭവം പുരോഗമനക്കാരനില്ല. പ്രത്യുത സമത്വസുന്ദരമായ സാഹോദര്യബന്ധത്തിന്റെ അടിത്തറകെട്ടിയുറപ്പിക്കുവാൻ അവൻ യത്നിക്കുന്നു. അതിലാണ് അവന്റെ ആനന്ദം. ആർഷഭാരതസംസ്കാരത്തെ തകിടംമറിക്കുവാൻ അവൻ ശ്രമിക്കുന്നില്ല. പാട്ടുപാടുകയല്ല അവന്റെ കർമ്മപരിപാടി. വികാരനിർഭരമായ ഹൃദയത്തിൽ ഓളംവെട്ടുന്ന ചില ചിന്താശകലങ്ങൾ അവൻ എഴുതും-പറയും-അതു് മനുഷ്യസമുദായ ചിന്താശക്തിയെ ഉണർത്തുകയും കർമ്മപഥത്തിലേക്കു തള്ളിവിടുകയും ചെയ്യും. പുരോഗമനസാഹിത്യകാരനു് പാണ്ഡിത്യമില്ലെന്നുള്ള ഒരു കുററം വിമർശനബുദ്ധികൾ പലപ്പോഴും കുത്തിപ്പൊക്കിക്കാണിക്കാറുണ്ട്. എന്നാൽ പുരോഗമനസാഹിത്യം ജീവിതയാഥാർത്ഥ്യങ്ങളോട് അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് അതു് കേവലം ഭൗതികമായ ഒരു തത്വശാസ്ത്രമായിമാത്രം കരുതിയാൽമതി— സാമാന്യജനങ്ങളെ തട്ടിയുണർത്താനും സാമുദായികവും സാംസ്കാരികവും സമ്പത്തികവുമായ പരിവർത്തനത്തിനുള്ളമാർഗ്ഗം ചൂണ്ടിക്കാണിക്കാനും പുരോഗമനസാഹിത്യകാരൻ പരിശ്രമിക്കുമ്പോൾ ചമൽക്കാരസുന്ദരമായ തങ്കത്തകിടുകൊണ്ടു പൊതിഞ്ഞതും സാമാന്യജനങ്ങൾക്കു സുഗ്രാഹ്യമല്ലാത്തതുമായ സാഹിത്യവിഭവങ്ങൾ സംഭാവന ചെയ്യാൻ അവനു കഴിഞ്ഞില്ലെന്നുവരാം. പക്ഷെ സമത്വസുന്ദരവും സാഹോദര്യപ്രധാനവുമായ ഒരഭിനവ വ്യവസ്ഥിതിയുണ്ടാകുക എന്നതു് അനിവാര്യമായ ഒരാവശ്യമായി ഇന്നത്തെ ലോകം കരുതുന്നു. കേവലം ക്ഷണികമായ ആനന്ദാനുഭൂതി നൽകുന്ന പ്രാചീന സാഹിത്യത്തെക്കാൾ കാലത്തിനൊപ്പിച്ചു പുരോഗമിക്കുന്ന ഇന്നത്തെ സാഹിത്യം എത്രതന്നെ വിമർശനാർഹമായിരുന്നാലും അതിന്റെ ആദർശത്തെ അപലപിക്കുവാൻ ആർക്കും കഴിയുകയില്ല

(കോട്ടയം തൊഴിലാളി സംഘടനകളുടെ വാർഷികസമ്മേളനത്തോടനുബന്ധിച്ചു നടന്ന സാഹിത്യ സമ്മേളനത്തിൽ ചെയ്ത പ്രസംഗം)


# അച്ചടിച്ചുതയാറായിരിക്കുന്നു

മനുഷ്യാലയമഹാചന്ദ്രിക [4—ാംപതിപ്പ്]
വ്യാഖ്യാനത്തോടുകൂടിയതു് വില ക. 2—4—0
[വ്യാഖ്യാതാ: ജോൽസ്യൻ കെ. നീലകണ്ഠനാശാരി]

[ശ്രീമദ് ഭഗവദ്ഗീത 8-ാംപതിപ്പ്]
ഗൂഢഭാവാർത്ഥ കൗമുദി എന്ന വ്യാഖ്യാനത്തോടുകൂടിയതു്
വില ക. 1—0—0
[വ്യാഖ്യാതാ: ടി. എൻ. നാണുപിള്ള ആശാൻ]

ശില്പിരത്നം [3—ാംപതിപ്പ്]
അർത്ഥത്തോടുകൂടിയതു് വില ക. 1—2—0
ഇംഗ്ലീഷ് ഭാഷാസഹായി (ഒന്നാംഭാഗം) വില ക. 0—7—6

ഞങ്ങളുടെ വലിയ കാററലോഗിനാവശ്യപ്പെടുക
എസ്. ററി. റെഡ്യാർ ആൻഡ് സൺസ്
വിദ്യാഭിവർദ്ധിനി മുദ്രാലയം, കൊല്ലം.

ആർ. സുഗതൻ

# മെയ്ദിനം

## തൊഴിലാളിവർഗ്ഗത്തിന്റെ രക്തത്തിൽ രേഖപ്പെടുത്തിയ ചരിത്രം

1884-ൽ അമേരിക്കയിലെ ചിക്കാഗോ നഗരത്തിലുള്ള തൊഴിലാളികൾ താഴെ ചേർക്കുന്ന മൂന്നാവശ്യങ്ങൾ ഉന്നയിച്ചു. (1) എട്ടുമണിക്കൂർ വേല. (2) എട്ടുമണിക്കൂർ വിനോദം. (3) എട്ടുമണിക്കൂർ വിശ്രമം. ആവശ്യങ്ങൾ അന്ന് സാധിച്ചുകിട്ടാനുള്ള ന്യായങ്ങളെപ്പറ്റി അവർ വാദിച്ചു. ഒരു കൊല്ലക്കാലം അവർ ഇതിനുവേണ്ടി കാത്തുനിന്നു.

എന്നാൽ അമേരിക്കയിലെ മുതലാളിവർഗ്ഗം ഇതിനെ നിരുപാധികം നിരസിച്ചു. ഈ നിരാകരണത്തെ അമേരിക്കൻ തൊഴിലാളിവർഗ്ഗം ഒന്നടങ്കം നിഷേധിച്ചു. 1885 മെയ്മാസം 1-ാംതീയതി അവർ പണിമുടക്കി. പണിമുടക്കുപ്രകടനത്തിൽ പങ്കെടുത്ത തൊഴിലാളികളെ അമേരിക്കൻ മുതലാളിമാരും അവരുടെ ഗവൺമെൻറുംകൂടി ആയിരക്കണക്കിനു വെടിവച്ചുവീഴ്ത്തി.

തൊഴിലാളികളുടെ രക്തം പുഴപോലെ ഒഴുകി. പിടയുന്ന ശവങ്ങൾകൊണ്ട് തെരുവീഥികൾ നിറഞ്ഞു. അങ്ങനെ 60 വർഷങ്ങൾക്കുമുമ്പേ അമേരിക്കൻ മുതലാളിത്തവും, അധികാരശക്തിയുംകൂടി അഴിച്ചുവിട്ട കൂട്ടക്കൊലയുടെ അനുസ്മരണയാണ് മെയ്ദിനാചരണത്തിന്റെ ബീജം.

രക്തത്തിലും, കണ്ണീരിലും, വിയർപ്പിലും പീഡാനുഭവങ്ങളിലുംകൂടിയാണ് തൊഴിലാളിവർഗ്ഗം മുമ്പോട്ടുപോകുന്നതു്. ഈ പോക്കിൽ അവർക്കു പ്രചോദനം നൽകുന്നതു് ഈ പീഡാനുഭവങ്ങളാകുന്നു. സാമ്പിൾ രക്തസാക്ഷികളല്ല തൊഴിലാളികൾ. അങ്ങനെയുള്ളവരുടെ പുറകെ പോകുന്ന കുഞ്ഞാടുകളുമല്ല അവർ. സമൂഹമായി രക്തസാക്ഷിത്വം വരിച്ച ചരിത്രമാണ് മെയ്ദിനത്തിനുള്ളിൽ ഉള്ളതു്.

1889 ജൂലൈ 14-ാംനു പാരീസിൽവച്ചുകൂടിയ അഖിലലോക തൊഴിലാളി സമ്മേളനം മെയ് 1-ാംനു സർവ്വരാജ്യതൊഴിലാളിദിനമായി അംഗീകരിച്ചു. 1927-ൽ ഡൽഹിയിൽവച്ചു കൂടിയ അഖിലേന്ത്യാ തൊഴിലാളിസമ്മേളനം മെയ് ഒന്നാംതീയതി സർവ്വരാജ്യദിനമായി പ്രഖ്യാപനംചെയ്തു. അന്നുമുതൽ ഇൻഡ്യൻ തൊഴിലാളിവർഗ്ഗവും മെയ് ഒന്നാംതീയതിയെ കാര്യമായി ആചരിച്ചുവരുന്നു.

മെയ്ദിനം 60 കൊല്ലത്തെ പഴക്കംചെന്ന രക്തസാക്ഷിത്വം വഹിക്കുന്നതാണ്. ഈ സമരശൗര്യംതികഞ്ഞ ദിവസത്തെ സർവ്വരാജ്യദിനമായി ആചരിക്കാൻ തുടങ്ങിയിട്ട് 57 വർഷത്തോളമായി. ഇൻഡ്യൻ തൊഴിലാളികൾ ആചരിക്കാൻ തുടങ്ങിയിട്ട് 19 കൊല്ലമേ ആയുള്ളു.

മതസമുദായവ്യവസ്ഥകളുടെ പ്രാതിനിധ്യം വഹിക്കുന്ന സങ്കുചിതമായ സ്മാരകദിനങ്ങളെക്കാളും സാർവ്വദേശീയമായ പ്രാധാന്യവും, അംഗീകാരവും, ഈ ദിനത്തിനു ലോകത്തിലെ സ്വാതന്ത്ര്യപ്രേമികൾ നൽകിവരുന്നു.

ലോകചരിത്രത്തിൽ, രക്തസാക്ഷികളായ ചില വ്യക്തികളെ കാണാൻ കഴിയും. എന്നാൽ സമൂഹത്തിന്റെ സംഘടിതപ്രവർത്തനംകൊണ്ടുണ്ടായ രക്തസാക്ഷികളുടെ ഒരു കൂട്ടത്തെയാണ് മെയ്ദിനത്തിൽ കാണുന്നതു്. വ്യക്തിത്വമുണ്ടോ സാമൂഹ്യപുരോഗതിയെ നിയന്ത്രിക്കുന്നതു്? അതോ, സാമൂഹ്യമായ കഴിവും, നിസ്സ്വാർത്ഥതയുമാണോ, വ്യക്തിത്വത്തെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും, ഭരിക്കുകയും, ചെയ്യുന്നതു്? ഈ ചോദ്യത്തിനു സാമൂഹ്യാധിപത്യസിദ്ധാന്തം മുൻനിറുത്തി പറയാനുള്ള ഉത്തരമാണ് മെയ്ദിനത്തിന്റെ ഉള്ളിലുള്ളതു്.

ഇങ്ങനെയുള്ള കൂട്ടപ്രവർത്തനങ്ങളുടെ നേട്ടമായി ലോകത്തു് ഉയർന്നുനിൽക്കുന്ന ഏകരാജ്യമാണ് സോവിയറ്റുയൂണിയൻ. മുതലാളിത്തത്തിനെതിരായി അമേരിക്കയിലെ ആദ്യത്തെ കാൽവയ്പാണ് മെയ്ദിനസംഭവം.

ലോകതൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം, ഇത്തവണത്തെ മെയ്ദിനം എത്രയും പ്രാധാന്യമുള്ളതാണ്. കരാളമായ ലോകമുതലാളിത്തത്തിന്റെ ആക്രമണരൂപം കൈക്കൊണ്ട ഫാസിസം; ലോകനാഗരികതയ്ക്കും സ്വാതന്ത്ര്യത്തിനും എതിരായി അഴിച്ചുവിട്ട യുദ്ധം, ഇന്നു തൊഴിലാളിവർഗ്ഗത്തിന്റെ ഐക്യശക്തികൊണ്ട് അവസാനിച്ചുകഴിഞ്ഞു.

അമേരിക്ക, ബ്രിട്ടൻ, സ്പെയിൻ, എന്നീ മുതലാളിത്ത സാമ്രാജ്യഫാസിസ്റ്റുകോയ്മകൾ ഒഴികെയുള്ള; മറ്റിതരരാഷ്ട്രങ്ങളിലെല്ലാം ഇന്നു ജനാധിപത്യം ഉദിച്ചുയർന്നുകഴിഞ്ഞു.

സോവിയറ്റുയൂണിയന്റെ അജയ്യമായ ശക്തിയുടെ പ്രാതിനിധ്യം വഹിക്കുന്ന, മദ്ധ്യയൂറോപ്പിലെ ചെറുരാജ്യങ്ങളും, ചൈനയും, ഇന്നു ജനാധിപത്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു.

ഇൻഡ്യ, ഇൻഡോനേഷ്യ, ബർമ്മാ, തുടങ്ങിയ ഏഷ്യാറ്റിക്ക് രാജ്യങ്ങൾ—സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഫലനിർണ്ണായകമായ വിലപേശലിൽ കഴിയുന്നു. ഫാസിസത്തിന്റെ കൂടെപ്പിറപ്പായ ഭക്ഷണപ്പഞ്ഞം, തുണിപ്പഞ്ഞം, തൊഴിൽപ്പഞ്ഞം, വിലക്കയറ്റം, രോഗം, ആഭ്യന്തര കലഹം എന്നീ വിപത്തുകൾ ഇപ്പോൾ നമ്മുടെ മാതൃഭൂമിയിൽ തല ഉയർത്തി നിൽക്കുന്നു. ഇൻഡ്യയിലെ വെളുത്ത മുതലാളിയും കറുത്ത മുതലാളിയും തൊഴിലാളി വർഗ്ഗത്തിന്റെ ഉത്തമ താല്പര്യങ്ങളെ ദേശീയതയുടെ പേരിൽ തട്ടിപ്പറിക്കാൻ ശ്രമിക്കുന്നു. തൊഴിലാളി വർഗ്ഗത്തെ രാഷ്ട്രീയാധികാരത്തിൽനിന്നു അകററി നിറുത്താൻ ഇവർ ശ്രമിക്കുകയാണ്. ബ്രിട്ടന്റെ കൊള്ളപ്പട്ടാളത്തെ "ദേശീയസേന" എന്നു പേരിട്ടു ഇൻഡ്യൻ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാൻ തക്കം നോക്കുന്നു.

തൊഴിലാളികളുടെ പണിമുടക്കിനെത്തന്നെ, ഐ എൻ എ ഭടന്മാർ ഗാന്ധിതൊപ്പിയും ഇട്ടു എതിർത്തു തോൽപ്പിക്കുന്നു. ബോംബയിലെ തോട്ടി തൊഴിലാളികളുടെ പണിമുടക്കിനു് ഇതാണല്ലോ ഇപ്പോൾ അനുഭവം.

പ്രത്യേക ഉടമയിൽ അധിഷ്ഠിതമല്ലാത്തതും, ലാഭത്തിനുവേണ്ടി മാത്രം ഉല്പാദനം നടത്താത്തതുമായ വ്യവസായീകരണവും കൂട്ടുകൃഷി സമ്പ്രദായവും ഉള്ള ഒരു സോഷ്യലിസ്റ്റ് സ്റ്റേറ്റാണ് തൊഴിലാളി വർഗ്ഗത്തിന്റെ പരമലക്ഷ്യം.

മെയ്ദിനം ഉൾക്കൊണ്ട ആവശ്യങ്ങൾ ഇന്നു ലോകതൊഴിലാളിവർഗ്ഗം സാധിച്ചുകഴിഞ്ഞു. ഇനി സാമ്രാജ്യത്വം ഒഴിയണം. മുതലാളി, ജന്മി, ബാങ്കർ തുടങ്ങിയ സമുദായത്തിലെ ഇത്തിക്കണ്ണികൾ ഒക്കെ ഒഴിവാക്കപ്പെടണം.

ഇതിനു മെയ് ദിനം പഠിപ്പിച്ച സന്നദ്ധത തൊഴിലാളി വർഗ്ഗം സ്വീകരിക്കണം.

ജാലിയൻ വാലാബാഗും ചൗരിചൗരായിലെ വെടിവയ്പും, ഭഗത്സിങ്ങ് കൂട്ടരുടെ വധവും കയ്യൂർ സഖാക്കളുടെ കാര്യവും മററും നമുക്കു മറക്കാനാവില്ല. രക്തത്തിലൂടെയല്ലാതെ—സ്വാതന്ത്ര്യബീജം മുളച്ച ചരിത്രമില്ല.

കൊള്ള, പട്ടിണി, യുദ്ധം, അജ്ഞത, രോഗം, അടിമത്തം ഇവ ഇല്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടി ഉയർത്തിയതു് പുഷ്പമെത്തയിൽനിന്നല്ല.

നട്ടെല്ല് പൊട്ടിയും ചോര ചിന്തിയും, ഭാരം ചുമന്നും പട്ടിണി കിടന്നുമത്രേ ക്ലേശത്തിന്റെ മുനകളെ കടന്നു ആക്രമിച്ചതിന്റെ നേട്ടം മാത്രമായിരുന്നു. രണ്ടു പ്രാവശ്യം മരിച്ചവരേയും ഒരിക്കലും മരിക്കാത്തവരേയുംപററി കേട്ടിട്ടില്ല. ജീവിച്ചു മരിക്കലല്ല, മരിച്ചു ജീവിക്കയും ജീവിപ്പിക്കയും ചെയ്യുക. അതാണ് മെയ് ദിനം ലോകത്തോടും, തൊഴിലാളിവർഗ്ഗത്തോടും വിളിച്ചു പറയുന്നതു്.

സോവിയററ് സംസ്കാരം എല്ലാ പഴയ ഗോത്രസംസ്കാരങ്ങളേയും കടപുഴക്കി എറിയുന്ന കാഴ്ച, ഇൻഡ്യൻ തൊഴിലാളികൾക്കും ജനങ്ങൾക്കും പ്രചോദനത്തിനു പര്യാപ്തമാകട്ടെ. നിന്നിടത്തു നിൽക്കാൻ പറയുന്ന പഴമക്കാർ പിറകോട്ടു നോക്കാൻപറയുന്ന പഴയ പഴമക്കാർ—മുമ്പോട്ടുപോയാൽ ആപത്താണെന്നു പറയുന്ന അവസരസേവകർ, ഇവരെയെല്ലാം ഞെട്ടിച്ച ദിനമാണ് മെയ് ദിനം.

1871-ൽ പാരീസിൽ തൊഴിലാളികളും കർഷകരും ഉയർത്തിയ കൊടിയുടെ പിറകെ അമേരിക്കയിൽ കണ്ട ജനകീയ പ്രവർത്തനമാണ് മെയ് ദിനം കുറിക്കുന്നതു്.

ലോകത്തിലെ ഒന്നാംകിടശക്തിയായി സോവിയററ് നാടു ഉയരുന്നു. തൊഴിലാളി വർഗ്ഗവും ജനതാസമൂഹത്തിൽ ഇതേനിലയിൽ ഉയരുന്നു. സ്വർഗ്ഗസുഖം വർണ്ണിച്ച കൂട്ടർ, ഇതുകണ്ടു പേടിച്ച് അരിക്ഷാമപരിഹാരം വിവരിക്കാൻ ഇറങ്ങുന്നു. പാരീസ് കമ്മ്യൂൺ, മേയ് ദിനം, റഷ്യൻ വിപ്ലവം ഇവയെ എല്ലാം ക്രമമായി മെയ്ദിനചരിത്രത്തോടൊപ്പം പഠിക്കുക. അപ്പോൾ ചിന്താക്കുഴപ്പം മാറും. മനുഷ്യവർഗ്ഗത്തിന്റെ കഴിവിന്റെ അനന്തതയിൽ എത്താം. സുഖവും സമാധാനവും, സ്വാതന്ത്ര്യവും എന്താണെന്നു അറിയാറാവും. മെയ് ദിനചരിത്രം എല്ലാ ചരിത്രത്തേയും മാററി മറിക്കാൻ കഴിവുള്ള പുതുമയുടെ മുന്നോടിയത്രേ. "അഖിലലോകതൊഴിലാളികളെ സംഘടിക്കുക. നിങ്ങൾക്ക് അടിമത്തച്ചങ്ങലയല്ലാതെ ഒന്നും നഷ്ടപ്പെടാനില്ല. കിട്ടുന്നതോ ലോകം മുഴുവനും"—എന്നു തീർത്തു പറഞ്ഞ മഹാനായ മാർക്സ് ദർശിച്ച ലോകത്തിലേക്ക് എല്ലാ തടസ്സങ്ങളേയും തള്ളി നീക്കി കുതിച്ചു പായുകയെന്ന സന്ദേശം ഈ മെയ്ദിനം നൽകട്ടെ.

—+—


## പുസ്തകങ്ങൾ

1 പുരോഗമനസാഹിത്യം എന്തിന്?
(ഹരീന്ദ്രനാഥൻ, എം പി പോൾ, മുണ്ടശേരി മുതലായവരുടെ ഒമ്പതു പ്രസംഗങ്ങൾ) 1 4 0

2 തകഴിയുടെ കഥകൾ
(തകഴിശിവശങ്കരപ്പിള്ളയുടെ 8 പുതിയകഥകൾ) 1 4 0

3 അനശ്വരതയിലേക്കുള്ള ക്ഷണം
കെ അഹമ്മദ് അബ്ബാസിന്റെ നാടകം 0 12 0

4 പോയതലമുറ
[സി നാരായണപിള്ള]
[പട്ടം എ ബാലകൃഷ്ണപിള്ള, മന്നം, സി വി കുഞ്ഞുരാമൻ, മാമ്മൻമാപ്പിള മുതലായവരുടെ തൂലികാചിത്രങ്ങൾ] 1 0 0

വി. പി അയ്യപ്പവാൻ എഴുതുക

നാഷനൽ ബുക്ക് സ്റ്റാൾ

കുരിക്കൽ ബസാർ, കോട്ടയം

മിസ്സ് അക്കമ്മചെറിയാൻ

# മറിയാ മോണ്ടിസോറി

ആധുനികവനിതയിലുള്ള ഒരഭ്യുദയ സമ്പ്രദായത്തിന്റെ ജനയിത്രി എന്ന നിലയിൽ സർവലോകസമാരാധ്യയായിത്തീർന്നിട്ടുള്ള ഡോ. മറിയ മോണ്ടിസ്സോറി 1870 ആഗസ്റ്റ് 31-ാംതീയതി ഇററലിയിൽ ജാതയായി. വനിതാലോകത്തിൽ സമുന്നതമായ ഒരു സ്ഥാനം സമാർജ്ജിക്കണമെന്നുള്ള അഭിലാഷം ഡോ. മോണ്ടിസ്സോറിക്കു കുട്ടിക്കാലം മുതൽക്കെയുണ്ടായിരുന്നു. പെൺകുട്ടികളെ പള്ളിക്കൂടത്തിലയച്ചു് പഠിപ്പിക്കുക എന്ന പതിവു് നിശ്ശേഷമില്ലാതിരുന്ന അക്കാലത്തു് ഇററലിയിലുണ്ടായിരുന്ന ഒരു വിദ്യാലയത്തിൽ ചേർന്നു് അധ്യയനമാരംഭിച്ച ആ വനിത സങ്കുചിതബുദ്ധികളായ സമകാലീനരുടെ നിശിതവിമർശനത്തിനു് പാത്രമായി. അന്നുണ്ടായിരുന്നവർ അശേഷം അനുമതി നൽകാത്ത ഒരപൂർവകാര്യമായിരുന്നു പെൺകുട്ടികളെ പള്ളിക്കൂടത്തിലയയ്ക്കുകയെന്നതു്. ഏതായാലും പാരമ്പര്യത്തിന്റെ കരിങ്കൽഭിത്തികളെ തട്ടിനീക്കി ആ ധീരവനിത അധ്യയനം തുടർന്നു. അച്ഛന്റെ പ്രകടമായ അനിഷ്ടത്തെപ്പോലും വകവയ്ക്കാതെ ഡോ. മോണ്ടിസ്സോറി സർവകലാശാലാ വിദ്യാഭ്യാസമാരംഭിച്ചു. തൽഫലമായി അനേക വർഷങ്ങൾ അച്ഛൻ പുത്രിയോടു് സംസാരിക്കുവാൻപോലും ഇഷ്ടപ്പെട്ടില്ലത്രെ. 1896—ൽ റോമിലെ സർവകലാശാലയിൽനിന്നും കന്യകയായ ആ വനിത ഡോക്ടർ ബിരുദം സമ്പാദിച്ചു. ഉന്നതമായ ഒരു ബിരുദം സമാർജ്ജിച്ച ഇററലിയിലെ ഒന്നാമത്തെ വനിതയായിരുന്ന ഡോ. മോണ്ടിസ്സോറി ഒരു വിദ്യാർത്ഥിനിയായിരിക്കുമ്പോൾത്തന്നെ വനിതാപ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ പ്രബുദ്ധമായി പങ്കെടുത്തിരുന്നു. സർവകലാശാലാബിരുദം നേടി അധികം കഴിയുന്നതിനു് മുമ്പു് ബർലിൻ വനിതാസമ്മേളനത്തിലെ ഇററലിയൻ വനിതാപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. പ്രതിഭാശാലിനിയായ ഈ വനിതയുടെ പ്രഭാഷണപടുതയും യുക്തിവാദസാമർത്ഥ്യം ആകാരസൗന്ദര്യം ഇവ ആരെയും അത്ഭുതപ്പെടുത്തിയിരുന്നതിനാൽ ഉത്തരയൂറോപ്പിലെ വർത്തമാനപ്പത്രങ്ങൾ "സൂര്യരശ്മി" [Sunray] എന്നായിരുന്നു വിളിച്ചുവന്നിരുന്നതു്. അങ്ങനെ ലോകമഹാവേദിയിൽ മാന്യമായ ഒരു സ്ഥാനം ആ മഹതി കരഗതമാക്കി.

1897—ൽ റോമിലെ ജനറലാസ്പത്രിയിൽ ഒരു ഡോക്ടറായി നിയമിക്കപ്പെട്ടു. ഇങ്ങനെയുള്ള ഒരു ഉദ്യോഗത്തിൽ നിയമിക്കപ്പെട്ട ഒന്നാമത്തെ പാശ്ചാത്യവനിതയായിരുന്നു ഡോ. മോണ്ടിസ്സോറി. ആ കൊല്ലം ട്യൂറിനിൽ കൂടിയ മെഡിക്കൽ കോൺഗ്രസ്സിൽ അംഗഭംഗം സംഭവിച്ച അവശരെ പരാമർശിച്ചുള്ള പ്രസംഗം ആ വനിത അവതരിപ്പിക്കുകയുണ്ടായി. ജനസമൂഹത്തെ പൊതുവെയും വൈദ്യലോകത്തെ പ്രത്യേകിച്ചും ഡോ. മോണ്ടിസ്സോറി കുററാരോപണം ചെയ്തു. ആസ്ത്രിയായിലെ എലിസബേത്തു രാജ്ഞി ഒരു ഭ്രാന്തനാൽ വധിക്കപ്പെട്ട കഥ അവർ ഉദ്ധരിച്ചു. "നിങ്ങളാണു് എലിസബേത്തു് രാജ്ഞിയെ വധിച്ചതു്" എന്നു് സദസ്യരോടു് ആ മഹതി പ്രസ്താവിച്ചു. ആ വാക്കുകൾ അവരുടെ ഹൃദയത്തിൽ ശക്തിയായി തറഞ്ഞു. യൂറോപ്പിലെ സകല പത്രങ്ങളും ഡോ. മോണ്ടിസ്സോറിയുടെ അന്യാദൃശമായ ഈ ആശയത്തിനു് വിപുലമായ പ്രസിദ്ധി നൽകി. തന്മൂലം ഇററലിയിൽ ആദ്യമായി അധഃസ്ഥിതശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ ആവിർഭൂതമായി. റോമിൽ സ്ഥാപിക്കപ്പെട്ട ഒരു ധർമ്മസ്ഥാപനത്തിന്റെ അധിപയായി ആ വനിത ഉദ്യോഗിക്കപ്പെട്ടുവെന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്. 1899-ൽ റോമിലെ വനിതാ സർവകലാശാലയിലെ ആരോഗ്യവകുപ്പിന്റെ അധ്യക്ഷയായി. 1900-ത്തിൽ ലണ്ടനിൽവച്ചു നടന്ന ഒരു വനിതാസമ്മേളനത്തിൽ പങ്കെടുത്ത ഇററലിയിലെ വനിതാ പ്രതിനിധി ഡോ. മോണ്ടിസ്സോറിയായിരുന്നു. പാവപ്പെട്ട കുട്ടികളുടെ ആരോഗ്യവിഷയത്തിലും സംസ്കാരവിഷയത്തിലും ഡോ. മോണ്ടിസ്സോറി അന്യാദൃശമായ ശ്രദ്ധ പതിപ്പിച്ചിരുന്നതിൽ അയത്നം തികച്ചും സഫലകരമായിരുന്നു. അതിന്റെശേഷം ആ മഹിളാമണി സാധാരണ കുട്ടികളുടെ വിദ്യാഭ്യാസ വിഷയത്തിൽ ശ്രദ്ധ പതിപ്പിച്ചു. അതിനായി ജീവിതം പ്രതിഷ്ഠിക്കുകയും ചെയ്തു.

1904-ൽ റോം സർവകലാശാലയിൽ മനുഷ്യദേഹശാസ്ത്രത്തിന്റെ ലക്‌ചററായി നിയമിതയായി. ഇതിനിടയ്ക്കു ഒരു കർമ്മകുശലയായ ഡോക്ടർ എന്ന നിലയിൽ റോമിൽ വിഖ്യാതയായിത്തീർന്നു. 1906-ൽ ഒന്നാമത്തെ ശിശുമന്ദിരം ഉൽഘാടനം ചെയ്തു. അന്നു മുതൽ തന്റെ സർവകഴിവുകളും ആ സംരംഭത്തിനു വേണ്ടി അർപ്പണം ചെയ്തു.

ഒന്നാമത്തെ ശിശുമന്ദിരം തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടിയുള്ളതായിരുന്നു. ഇററലിയിലെ വൃത്തികെട്ട തെരുവീഥികളിൽ സാമുദായിക ചട്ടങ്ങളാകുന്ന മതിൽക്കെട്ടിനു വെളിയിൽ നിരക്ഷരകുക്ഷികളായ ഷാവങ്ങളിൽനിന്നുണ്ടായിട്ടുള്ള സന്താനങ്ങളായിരുന്നു ഡോ. മോണ്ടിസോറിയുടെ ഒന്നാമത്തെ ശിശുമന്ദിരത്തിലെ കുട്ടികൾ. ഈ കുട്ടികൾക്കുണ്ടായ അഭിവൃദ്ധിയും പരിവർത്തനവും ലോകത്തെ മുഴുവനും അത്ഭുതപരതന്ത്രമാക്കി. അമേരിക്കാ, ആസ്ത്രേലിയാ, ആസ്ത്രേലിയ, ചൈനാ, ജപ്പാൻ ആഫ്രിക്കാ മുതലായ രാജ്യങ്ങളിലെ പത്രങ്ങളും മാസികകളും. ഡോ. മോണ്ടിസ്സോറിയുടെ ഈ പുതിയ സംരംഭത്തെക്കുറിച്ചുള്ള ലേഖനങ്ങളും ചിത്രങ്ങളും പ്രസിദ്ധീകരിച്ചു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും അനേകം ആളുകൾ ഈ ശിശു മന്ദിരം സന്ദർശിക്കുവാൻ വരികയും ആ മഹതിയുടെ സേവനത്തെ പ്രകീർത്തിക്കുകയും ചെയ്തു.

ഇങ്ങനെ "മോണ്ടിസ്സോറി പദ്ധതി" എന്ന വിശ്വവിശ്രുതമായ നവീനവിദ്യാഭ്യാസ സമ്പ്രദായം രൂപമെടുത്തു. മഹത്തരമായ ഈ പദ്ധതിയോടൊപ്പം ഡോ. മോണ്ടിസ്സോറിയുടെ നാമധേയം ലോകചരിത്രത്തിൽ സ്വർണ്ണാങ്കിതമാകുകയുംചെയ്തു. ഈ പദ്ധതിയുടെ മാഹാത്മ്യം മനസ്സിലാക്കിയവർ ആ മഹിളാമണിയുടെ ചുററും ഒരു പ്രവാചകന്റെ ചുററും ശിഷ്യഗണങ്ങളെന്നപോലെ വന്നുകൂടി. ലോകോത്തരമായ ഈ നവീന കണ്ടുപിടുത്തം നശ്വരമാകാതിരിക്കാൻ ഇതേപ്പററി പുസ്തകങ്ങളെഴുതണമെന്നും, അധ്യാപകരെ പരിശീലിപ്പിച്ചു് ഈ പദ്ധതി അഭിവൃദ്ധിപ്പെടുത്തണമെന്നും അവർ മോണ്ടിസ്സോറിയോടു പറഞ്ഞു.

ഡോ. മോണ്ടിസ്സോറി എഴുതിയ ഒന്നാമത്തെ ഗ്രന്ഥം "മോണ്ടിസ്സോറിപദ്ധതി" (The Montessori Method) എന്നുള്ളതായിരുന്നു. പ്രസ്തുത ഗ്രന്ഥം 15 ദിവസംകൊണ്ടു പൂർത്തിയാക്കിയത്രെ. ഒരു ശാസ്ത്രീയഗ്രന്ഥം മാത്രമല്ലായിരുന്നു മോണ്ടിസ്സോറിപദ്ധതി. അതൊരു പ്രേമഗാനംകൂടെയായിരുന്നു. 15 ഭാഷകളിൽ പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിച്ച വർഷംതന്നെ ഭാഷാന്തരം ചെയ്യുകയുണ്ടായി. പ്രാചീനസമ്പ്രദായത്തിൽനിന്നു വിഭിന്നമായ ഒരു വിദ്യാഭ്യാസസരണി ആ മഹതി ലോകത്തിനു കാണിച്ചുകൊടുത്തു. കുട്ടികളുടെ മാനസികവും സാംസ്കാരികവും ശാരീരികവുമായ വളർച്ചയ്ക്കും വികസനത്തിനും ശോഭനമായ മാർഗ്ഗം തുറന്നു.

1909-ൽ ഒന്നാമത്തെ പരിശീലനാധ്യയനം നടത്തി. തദ്ദേശിയരെ മാത്രമുദ്ദേശിച്ചു നടത്തിയ ഒരു പരിശീലനക്ലാസ്സായിരുന്നുവെങ്കിലും അമേരിക്ക, ദക്ഷിണ ആഫ്രിക്കാ മുതലായ രാജ്യങ്ങളിൽനിന്നുള്ള പലരും ആ ക്ലാസ്സിൽ ചേർന്നു പരിശീലനം നടത്തി. ഇങ്ങനെ മോണ്ടിസ്സോറിയുടെ നൂതനമായ സേവനപരിപാടി ആരംഭിച്ചു. ഇന്നും അതു തുടർന്നുവരുന്നു.

എല്ലാ വിധി ഭാഗധേയങ്ങളെയും പ്രശാന്തഹൃദയസ്ഥിതിയോടുകൂടെ അഭിമുഖീകരിക്കുവാൻ ആ വനിതയ്ക്കു കഴിയുമായിരുന്നു. പ്രാതികൂല്യപരിതസ്ഥിതികൾ തന്റെ കർമ്മപരിപാടിക്കു വിഘ്നമായിരുന്നില്ല. ഇററലി, അമേരിക്ക, ഇംഗ്ലണ്ടു് സ്പെയിൻ ഹോളണ്ടു് മുതലായ രാജ്യങ്ങളിൽ തന്റെ സ്ഥാപനങ്ങൾ ആരംഭിച്ചു.

ഡോ. മോണ്ടിസ്സോറി 1939-ൽ ഇൻഡ്യയിൽ വന്നു. അടയാർ എന്ന സ്ഥലത്തുവച്ചു 3 പ്രാഥമിക അധ്യയനക്ലാസ്സുകൾ നടത്തി. ഇൻഡ്യയുടെ നാനാഭാഗങ്ങളിൽനിന്നുമുള്ളവർ പ്രസ്തുത പരിശീലനക്ലാസ്സുകളിൽ ചേർന്നു പഠിച്ചു. 1941-ൽ ആ മഹതി കൊഡൈക്കനാലിൽ ഒരു പരിശീലനക്ലാസ്സ് നടത്തി. ഇൻഡ്യയിൽവച്ചു നടത്തിയിട്ടുള്ള ഏററവും പ്രധാന ക്ലാസ്സ് അതായിരുന്നു. മോണ്ടിസ്സോറിപദ്ധതിയനുസരിച്ചുള്ള അധ്യയനകാലം ഒരു ശിശുവിന്റെ 3-ാമത്തെ വയസ്സുമുതൽ 18-ാമത്തെ വയസ്സുവരെയാണു്.

[മോണ്ടിസ്സോറി വിദ്യാഭ്യാസപദ്ധതിയെപ്പററി സമഗ്രമായ ഒരറിവു സിദ്ധിക്കുവാൻ പര്യാപ്തങ്ങളായ ലേഖനങ്ങൾ അധ്യാപകവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്കും അല്ലാത്തവർക്കും സ്വാഗതാർഹങ്ങളാണെന്നു വിശ്വസിക്കുന്നു. അതിനാൽ ഏതദ്വിഷയകമായി മിസ്സ് അക്കമ്മചെറിയാൻ എഴുതിയിട്ടുള്ള ലേഖനപരമ്പരകൾ തുടർച്ചയായി പ്രസന്നകേരളത്തിൽ പ്രസിദ്ധീകരിക്കുന്നതാണു്. മോണ്ടിസ്സോറിപദ്ധതിയുടെ പ്രത്യേകത എന്താണെന്നുള്ളതു് അടുത്തലേഖനത്തിൽനിന്നു ഗ്രഹിക്കാം]

പത്രാധിപർ.


## കേരളഭൂഷണം

കേരളത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളതും, ഇന്ത്യയുടെ എല്ലാ പ്രധാനകേന്ദ്രങ്ങളിലും പ്രതിനിധികളും, റോയിട്ടർ, അസോഷ്യേററഡ് പ്രസ്സ്, ഗ്ലോബ് ആദിയായ മുഖ്യവാർത്താവിതരണസംഘങ്ങളുമായി സംഘടിപ്പിച്ചിട്ടുള്ളതുമായ പ്രമുഖ ദിനപത്രം. മി: കെ. കെ. കരുവിള എം. എ. ബി. ഡി. യുടെ പത്രാധിപത്യത്തിൽ നടത്തിവരുന്ന ഈ ജനകീയ പത്രത്തിന്റെ വരിക്കാരായി ഉടൻ ചേരുക.

### വരിസംഖ്യ

| | രൂ. | ണ. |
| --- | --- | --- |
| ഏജൻസി വഴി പ്രതിമാസം | 1 | 8 |
| അഞ്ചൽമാർഗ്ഗം പ്രതിവർഷം | 18 | 0 |
| തപാൽമാർഗ്ഗം പ്രതിവർഷം | 19 | 8 |

പരസ്യനിരക്കിനും, ഏജൻസിവ്യവസ്ഥകൾക്കും മററും എഴുതി ചോദിക്കുക.

മാനേജർ,

കേരളഭൂഷണം, കോട്ടയം

തിരുവിതാംകൂർ.

ഗ്രന്ഥവിഹാരം

# സമരകവി

ഗ്രന്ഥകർത്താവ്:—പി. കേശവദേവ്.

പ്രസാധകർ:—ഉദയാപബ്ളിപ്പിംഗ്ഹൗസ്, പുനലൂർ.

പുറം 92 വില രൂപാ ഒന്നു്.

"നാടകകൃത്ത്" വായിക്കുകയും അഭിനയിച്ചുകാണുകയും, "സ്വത്തും" "ജാതിയും" കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടായ അനുഭൂതിയുടെ പശ്ചാത്തലത്തിലാണു "സമരകവി" വായിച്ചുതുടങ്ങിയതു്. ശ്രീ ദേവ് വിമർശനത്തിൽ അസഹിഷ്ണുവാണെന്നു പലരും പറഞ്ഞു കേട്ടിട്ടുള്ളതുകൊണ്ടു വിമർശനം ഒരു ദുർഘടപ്രശ്നമായിത്തീരുമെന്നു ഭയമുണ്ടായിരുന്നു. പക്ഷെ "സമരകവി" ഈ ആശങ്കകളെയെല്ലാം ദുരീകരിക്കുകയാണു ചെയ്തതു്.

സമരകവിയിൽ ആറു് ഏകാങ്ക നാടകങ്ങളാണുള്ളതു്. "ഇരുളിന്റെ മറവിൽ" ജീവിതാവശ്യത്തിനു വേണ്ട കൂലികിട്ടാതെയും എന്നാൽ ആശകളെ അമർത്താൻ കഴിയാതെയും ഒരു ചില്ലറമോഷണത്തിനു പ്രേരിതനാകുന്ന ഒരു തൊഴിലാളിയുടെ ചിത്രമാണു്. അല്പം നല്ല കറികൂട്ടി ഉണ്ണണമെന്നു ശങ്കുവിനൊരു മോഹം. പക്ഷെ പണമില്ല. എന്തു ചെയ്യാനാണു്. കാരണ്ണേട്ടന്റെവീട്ടിൽ കോഴിയുണ്ടു്. അതു മോഷ്ടിക്കുകയല്ലാതെ ഗത്യന്തരമില്ല. അധർമ്മഭീതി അയാളെ അലട്ടുന്നില്ല. കോരുവിനു സംഭവിക്കാവുന്ന നഷ്ടത്തിൽ ശങ്കുവിനു തോന്നേണ്ട സഹാനുഭൂതിയും അയാളെ തടയുന്നില്ല. അയാൾ കോഴിയെ മോഷ്ടിക്കതന്നെ ചെയ്യുന്നു. ജീവിതാവശ്യങ്ങൾ ലഭിക്കുവാൻ മാർഗ്ഗമില്ലാത്ത സമുദായവ്യവസ്ഥിതിയിൽ ധാർമ്മികചിന്തകൾ സമുദായത്തിന്റെ ഉപരിതലത്തിലുള്ള വിഭാഗത്തിൽ ജോലിയില്ലാത്ത സമയത്തേക്കുള്ള നേരമ്പോക്കുമാത്രമാണു്. അതു് ഒരു പാവം ശങ്കുവിനു മനസ്സിലാവുകതന്നെയില്ല. അതിനെപ്പററി ചിന്തിക്കാൻ അവനു സമയവും ഇല്ല. അയാൾക്കു ഭയപ്പെടാനുള്ളതു കണ്ടുപിടിക്കപ്പെട്ടുപോകുമൊ, എന്നുമാത്രമാണു്. അതു് ഇല്ലെന്നുതോന്നി. അയാൾ മോഷണവും നടത്തി. പക്ഷെ അതുകൊണ്ടും പ്രയോജനമില്ല. ഉപ്പും മുളകുമില്ലാതെ എങ്ങിനെയാണു ആ ഇറച്ചി ഭക്ഷിക്കുക അതുകൂടാതെ കഴിക്കാമെന്നുവച്ചാലുമുണ്ടു് വൈഷമ്യം. ഇതു വേവിക്കണമല്ലൊ. അതിനു വിറകുവേണ്ടെ. മോഷണംകൊണ്ടും ശങ്കുവിന്റെ പ്രശ്നം തീരുന്നില്ല. അതിനു കൈക്കൂലികൊടുക്കുകയുംവേണം. പൊറിഞ്ചുവിനും മററു മാർഗ്ഗമൊന്നുമില്ല. അയാൾക്കു പങ്കുകൊടുത്തില്ലെങ്കിൽ കുഴപ്പമാണു്. അതുമാകട്ടെയെന്നുവയ്ക്കാം. എന്നാലും ആ ഇറച്ചി നേരെ പാട്ടിനു തിന്നുന്നതിനു മാർഗ്ഗമില്ല. അതുകൊണ്ടാണു ശങ്കുവും പൊറിഞ്ചുവും "മാവുങ്കര ഭഗവതിയെയും, മാതാവിനെയും" സാക്ഷിനിറുത്തി ചർദ്ദിക്കലാണോ ഭക്ഷിക്കലാണോ എന്നു സംശയിക്കേണ്ട ആ അന്ത്യത്തിലെത്തുന്നതു്.

ഹാസ്യത്തിൽ ശ്രീ ദേവിനുള്ള പാടവം "റിഹേഴ്സൽക്യാമ്പിൽ" കാണുന്നതുപോലെതന്നെ പ്രകടിപ്പിച്ചിട്ടുള്ള ഒന്നാണു് "പുളുവൻ." ശ്രീ ബഷീറിന്റെ ജേണലിസ്റ്റിന്റെയും ശ്രീ ചെല്ലപ്പൻനായരുടെ ചൂതത്തിന്റെയും വലിയപ്പച്ചനാണു ദേവിന്റെ "കോലേത്തു്." സാധാരണജീവിതത്തിൽ നിർഭാഗ്യവശാൽ പലപ്പോഴും കാണേണ്ടതായിവരുന്ന ഒന്നാണു് ഈ ജന്തു. ഖദർ, പരസ്യം, അക്രമരാഹിത്യം, പ്രണയം, സമുദായസംഘടന എന്നിങ്ങനെ പല രംഗങ്ങളിലും ഇവരെ കാണാം. തലയുടെ ഒരുവശത്തു കൈകൾചേർത്തു തൊഴുതുകൊണ്ടു വഴിക്കുകാണുന്നവരുടെയെല്ലാം നേരെ നമസ്കാരങ്ങളുമെറിഞ്ഞു് പിടിപ്പിച്ചുകൊണ്ടു് നിരത്തിൽ കൂടിവരുന്ന ആ യോഗിയാണു് ശ്രീയുതു് കോലോത്തു്. ശ്രീദേവിന്റെ ചിത്രീകരണം വായിക്കുമ്പോൾ നമുക്കു എന്തൊ ഒരു വലിയ സഹായം അദ്ദേഹം ചെയ്തുതന്നതായിട്ടുള്ള ഒരു കൃതജ്ഞതാഭാവമാണു് നമ്മിലുണ്ടാകുന്നതു്.

"അദ്ധ്യാപിക"യെപ്പററി അഭിപ്രായഭിന്നതയുണ്ടാകാതിരിക്കയില്ല ഒരു മാതാവു് തന്റെപുത്രിയെ വ്യഭിചാരത്തിനു ഇത്രപ്രത്യക്ഷമായി പ്രേരിപ്പിക്കുമോയെന്നു് അത്ഭുതഭാവത്തിൽ ചോദിക്കുന്നവരുണ്ടാകാം. അവരൊന്നോർക്കാനുണ്ടു് വെറുതെ ന്യായമല്ലാത്ത ഒരു ലൈംഗിക ബന്ധത്തിനല്ല ആ മാതാവു് മകളെ നിർബന്ധിക്കുന്നതു്. (കമലാക്ഷിയുടെ പ്രായത്തിന്റെയും ഹൃദയത്തിന്റെയും തള്ളൽകൊണ്ടു് വഴിയിൽക്കൂടെപ്പോകുന്ന ഒരു യുവാവിനെനോക്കിയാൽ ആ അമ്മ ഭദ്രകാളി പ്രതിഷ്ഠയായി മാറുന്നതുകാണാം) നേരെമറിച്ചു കമലാക്ഷി പഠിപ്പിക്കുവാൻ പോകുന്ന വിദ്യാലയത്തിന്റെ മാനേജർ മി. പണിക്കരുടെ അടിമപ്പെടുവാനാണു് മാധവിയമ്മ ഉപദേശിക്കുന്നതു്. അതിലെന്താണു് തെററു് ഒന്നുമില്ല. പത്തൊ അമ്പതൊ കുട്ടികളെ പൂ, പൂച്ച, പൂച്ചട്ടി എന്നു പഠിപ്പിക്കുന്നതിനുമാത്രം 25 രൂപ ശമ്പളം കിട്ടുമൊ ആ പാവം തള്ളയെയും കുററപ്പെടുത്തേണ്ടതില്ല നീണ്ട ഒരു ജീവിതം നിരാശയിൽ കഴിച്ചുകൂട്ടി മരണത്തോടു് അടുത്തിരിക്കുന്ന അവർ അസംതൃപ്തയാണു്. വർഷങ്ങൾ വളരെ അവർ ജീവിച്ചു. പക്ഷെ ആഗ്രഹങ്ങൾ ഒന്നും സാധിച്ചിട്ടില്ല. അല്പംകൂടി ജീവിച്ചാൽ വല്ലതും പാറുമെന്നൊരാശയും. അതിനു വേണ്ടി അവർ മര്യാദയൊ മാനമൊ മകളെയൊ ബലികഴിക്കും. അവരുടെ അനുഭവങ്ങൾ അവരെ ഏതായാലും ആക്കുകയല്ല ചെയ്തതു്. അവരുടെ നീതിബോധം "കണ്ടുപിടിക്കപ്പെട്ടാലെ" എന്ന തത്വത്തിന്മേൽ ആശ്രയിച്ചുനില്ക്കുന്നതാണെന്നു തെളിയുന്നുണ്ടു്. അത്തരത്തിലുള്ള ഒരമ്മയും ഇരുട്ടിന്റെയും ഏകാന്തതയുടെയും മറവിൽ വിശപ്പിന്റെ പ്രേരണയിൽ ഇതും ഇതിലപ്പുറവും തുറന്നുപറയുവാൻ കഴിയും, അഥവാ കഴിഞ്ഞില്ലെങ്കിലും ചിത്രകാരനു് അതു് ചിത്രണംചെയ്യാതെ തന്റെ വിമർശനവൃത്തി നടത്താവുന്നതല്ലല്ലൊ. ഇതൊക്കെയാണെങ്കിലും അവസാനഭാഗത്തു കമലാക്ഷിയുടെ പ്രവൃത്തി സ്വാഭാവികമാണൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആ ഭയങ്കര ഭാവകം അവൾ കടിക്കുകതന്നെ ചെയ്യും. കമലാക്ഷിയെ ഒരു ദേവതയാക്കാൻ ശ്രീദേവു് ചെയ്യുന്ന ഈ പ്രയോഗം പരിപൂർണ്ണമായ പരാജയമാണു്.

വികാരത്തിന്റെ ശക്തികൊണ്ടു് "അദ്ധ്യാപിക" ഈ സമാഹാരത്തിലെ ഏററവുംനല്ല നാടകമാണെങ്കിൽ ചിത്രീകരണസാമർത്ഥ്യം അതിന്റെ പാരമ്യത്തിലെത്തുന്നതു് "ഫാക്ടറിയിലേക്കു്" എന്നതിലാണു്. സാധാരണ തൊഴിലാളികളുടെ, അതും സ്ത്രീകളുടെ ജീവിതവും, പ്രശ്നങ്ങളും ഇത്ര സ്വാഭാവികമായ രീതിയിൽ മലയാളസാഹിത്യത്തിൽ മറെറവിടെയെങ്കിലും കാണുമൊ എന്നു സംശയമാണു്. ആലുവാ, എറണാകുളം, കൊച്ചി മുതലായസ്ഥലങ്ങളിലെ ഗ്രാമ്യഭാഷയാണു് ശ്രീദേവു് പകർത്തിയിരിക്കുന്നതെന്നോർത്തിരുന്നാൽ അതിന്റെ സ്വാഭാവികത തികച്ചും മനസ്സിലാക്കുന്നതാണു്.

"വക്കീലും ഗൃഹസ്ഥനും" പല വിഷയങ്ങളെയും പ്രതിപാദിക്കുന്നുണ്ടു്. നമ്മുടെ നാട്ടുകാരുടെ അനാവശ്യമായ വ്യവഹാരഭ്രമം, ഗൃഹസ്ഥന്റെ തട്ടിപ്പു്, വക്കീലിന്റെ അറിയിച്ചുകൂടാത്ത ദാരിദ്ര്യം, മകളെ കെട്ടാമെന്നു് പറഞ്ഞു് കോളജിൽ പഠിക്കാൻ പോകുന്ന വിദ്യ, മീററിംഗിനു് പോകാനുള്ള കാറു് സ്വാതന്ത്ര്യങ്ങൾക്കു പയോഗിക്കുന്ന രീതി ഇങ്ങനെ പലതും.

അദ്വിതീയമായ ചിത്രണരീതി ഹൃദയസ്പൃക്കായ വിഷയങ്ങളും സന്ദർഭങ്ങളും, സുന്ദരമായഹാസ്യത ഇങ്ങിനെ അനവധി ഗുണങ്ങൾകൊണ്ടു് നിറഞ്ഞ ഈ ഏകാങ്കങ്ങളെല്ലാം വായിച്ചു് കഴിഞ്ഞു് "സമരകവി" വായിക്കുമ്പോഴുണ്ടാകുന്ന ചിന്താഗതി അല്പം ഭിന്നമാണു്. സമരകവി ആദ്യന്തമാനം പരാജയമാണെന്നു പറഞ്ഞാൽ അതു് ശരിയായ വിമർശനമായിരിക്കുകയില്ല. ശ്രീ ദേവിന്റെ കവികവിയെയല്ല. ഒരു ഭയങ്കരയുദ്ധരംഗത്തിന്റെ ബാഹുല്യത്തിൽ ദുരെമാറി സാന്ദ്രശീതളമായ ഒരു തരുഛായയിൽ ശാന്തമോഹനമായ ഒരു സുപ്രഭാതത്തെ നിരീക്ഷിച്ചുകൊണ്ടു് അങ്ങിനെ കഞ്ചാവു് പോലെയിരിക്കുന്നയാൾ കവിയല്ല ഭ്രാന്തനാണു്. പ്രഭാതാകാശത്തിന്റെ അരുണമയിൽ ലക്ഷങ്ങളുടെ രക്തം മാത്രമാണു് ആ സന്ദർഭത്തിൽ ഒരു കവി കാണുന്നതു്. പൊട്ടിച്ചിതറിക്കിടക്കുന്ന വൃക്ഷങ്ങളിൽ തകർന്ന ശരീരങ്ങളുടെ അസ്ഥിപഞ്ജരങ്ങളും. അവിടെ "പ്രഭാതത്തിന്റെ മനോഹാരിതയിൽ ലയിച്ചു്" ഇരിക്കുവാൻ മനുഷ്യനു് സാദ്ധ്യമല്ല. ശ്രീ ദേവ് ചിത്രീകരിക്കുവാൻ ആഗ്രഹിക്കുന്ന രീതിയിലുള്ള ഒരു കവിയും പ്രത്യേകിച്ചും. ശ്രീദേവിന്റെ കവിയും "സമരമെന്താണെന്നും വലിയ പിടിയില്ല. അഞ്ചാംപത്തിക്കാർ പരചുട്ടു് മാർഗ്ഗമിറങ്ങുന്ന ആ രംഗത്തിൽ ഒരു തോക്കുപോലും കയ്യിലില്ലാതെ, അഭിമാനപൂർവ്വം ഉയർത്തിക്കാണിക്കുന്ന തൂലികയുമായി പ്രവേശിക്കുന്ന കവിക്കു് സ്ഥാനം സബർമതിയിലാണു്. നാടകത്തിനിടയിൽതന്നെ താഴേയിറങ്ങുന്ന പാരച്യൂട്ടുകാരനെ പാട്ടുപാടി മയക്കാമെന്നാണൊ ആ കവി വ്യാമോഹിക്കുന്നതു്. പോരെങ്കിൽ പാസു് കയ്യിൽ വച്ചുകൊണ്ടു് കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഭടന്മാരെ മെനക്കെടുത്തുന്ന ആ കവിക്കു് സമുദായം സംഘടിതമായിരിക്കേണ്ടതിനെപ്പററി ഒരു ബോധവുമില്ലെന്നു് തോന്നുന്നു. അയാളുടെ അഭിമാനത്തിനു് കുറവാണു്; ആ പാസ് ഒന്നു് കാണിച്ചുകൊടുക്കുന്നതു്. ആ കവിയുടെ ജനനം നിശ്ചയമായിട്ടും രണ്ടു നൂററാണ്ടുകൾ തെററിപ്പോയിട്ടുണ്ടു്. ജനങ്ങളുടെ ജീവിതസമരത്തിന്റെ പ്രചോദകനും; സന്തതസഖാവുമായ കവിയെയാണു് ശ്രീദേവു് ചിത്രീകരിക്കാൻ ശ്രമിച്ചതെങ്കിൽ അതിൽ അദ്ദേഹത്തിനു് പരാജയം സംഭവിച്ചിരിക്കുന്നു. ശ്രീദേവിനു് ഈ ഏകാങ്കത്തിൽ യുദ്ധത്തിന്റെ അന്തരീക്ഷം ഒട്ടുംതന്നെ വരുത്താൻ കഴിഞ്ഞിട്ടില്ലെന്നും പറയേണ്ടിയിരിക്കുന്നു. ചിലപ്പോൾ നേരിട്ടു് ആ രംഗങ്ങളുമായിട്ടുള്ള പരിചയം അത്തരമൊരു ചിത്രീകരണത്തിനു് അത്യന്താപേക്ഷിതമായിരിക്കാം. അന്തർദ്ദക്കായ ആ സമരകവി ശ്രീദേവിനെ പ്രതിനിധീകരിക്കുന്നുണ്ടോ ആവോ. ഉണ്ടെങ്കിൽ എപ്പോഴും തന്നെത്തന്നെ കാണുക എന്ന ആ രീതിമാററി കവി എന്ന ഒരു പ്രത്യേക സൃഷ്ടിയെ വിഭാവനം ചെയ്യാതെ സമരഗാനം രചിക്കുന്ന ഒരു മനുഷ്യനെകണ്ടുപിടിക്കുവാൻ ശ്രീദേവിനോടു് അഭ്യർത്ഥിക്കാതെ ഗത്യന്തരമില്ല.

ഈ സമാഹാരത്തിലെ ആദ്യത്തെ അഞ്ചു ഏകാങ്കങ്ങളും കുറെ മുമ്പെഴുതിയതാണെന്നു് വിചാരിക്കാൻ ന്യായം കാണുന്നുണ്ടു്. സമരകവി പുതിയതാണെന്നും തോന്നുന്നു. അങ്ങിനെയെങ്കിൽ ശ്രീദേവന്റെ ഗതി മുന്നോട്ടോ പിറകോട്ടൊ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

ശ്രീദേവിന്റെ കൃതികൾ നല്ലകടലാസിൽ അച്ചടിച്ചു് നല്ല കവറിട്ടു് പ്രസിദ്ധീകരിക്കാൻ അർഹതയുള്ളതാണെന്നു് പ്രസാധകന്മാർ മനസ്സിലാക്കാത്തതാണൽഭുതം. തന്റെ കൃതികൾ അതർഹിക്കുന്നുവെന്നു് ശ്രീദേവ് മനസ്സിലാക്കാത്തതും.

(സി. ജെ. തോമസ്)

---

(4—ാം പേജിൽനിന്നു തുടർച്ച)

കാഞ്ഞിരപ്പള്ളി അഞ്ചലാപ്പീസിൽ ചെന്നു റിക്ഷാക്കാരൻ പത്രോസു ചോദിച്ചു.—പുതുപ്പറമ്പിൽ പി സി വർക്കി എവിടെയാണെന്നു്.

പോഴ്സ് കൈയിൽ കിട്ടിയപ്പോൾ നഷ്ടധനന്റെ കൈവിറച്ചുപോയി. കുറെനേരം അയാൾ മൂകനായി നിന്നുപോയി.

"നിങ്ങളെ കണ്ടുപിടിപ്പാൻ ഞാൻ വളരെ വിഷമിച്ചു. എനിക്കു പോകുവാൻ വളരെ തിടുക്കമുണ്ടു്. ഞാൻ പോകട്ടെ" പത്രോസു് പറഞ്ഞു.

"അയ്യോ എവിടെപ്പോകുന്നു ഒന്നു നിൽക്കണേ; നിങ്ങളുടെ പേരെന്തു്?"

"തൊഴിലാളി" ഒരു മന്ദഹാസത്തോടുകൂടി തിരിഞ്ഞുനിന്നു മറുപടി കൊടുത്തശേഷം അയാൾ യാത്രയായി.

—:o:—

# തൊഴിലാളിലോകം

## കോട്ടയം സമ്മേളനം

(ഞങ്ങളുടെ ലേഖകൻ)

കോട്ടയം പ്രസ്സ്, റിക്ഷാ, ബീഡി തൊഴിലാളിയൂണിയനുകളുടെ വാർഷികസമ്മേളനം തിരുനക്കര മൈതാനത്തുവച്ചു കഴിഞ്ഞ ശനി, ഞായർ ഈ ദിവസങ്ങളിൽ ആഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു.

ശനിയാഴ്ച വൈകുന്നേരം കൂടിയ സാഹിത്യസമ്മേളനത്തിൽ ശ്രീ കുറിശ്ശേരി കൃഷ്ണപിള്ളയാണ് അദ്ധ്യക്ഷതവഹിച്ചതു്. കെ. പൊൻകുന്നംവർക്കി, തകഴി ശിവശങ്കരപ്പിള്ള, പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരി ഇവർ പ്രസംഗിച്ചു. തൊഴിലാളികൾക്ക് എന്തിനാണ സാഹിത്യം എന്ന ചിലരുടെ സംശയങ്ങൾക്കു മറുപടിയായി അദ്ധ്യക്ഷൻ ചോദിച്ചു:—"തൊഴിലാളിക്ക് എന്തിനാണ നല്ല വസ്ത്രങ്ങൾ; തൊഴിലാളിക്കു വീടുവേണമോ, തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം ആവശ്യമാണോ; എന്നെല്ലാംകൂടി ഈ വിദ്വാന്മാർ ഇനി ചോദിക്കയില്ലേ?" ശ്രീ വർക്കിയും തകഴിയും പുരോഗമനസാഹിത്യത്തിന്റെ വിവിധവശങ്ങളെപ്പററി പ്രതിപാദിച്ചു. മി. മുണ്ടശ്ശേരി, പുരോഗമനസാഹിത്യകാരന്മാർക്കു പാണ്ഡിത്യം പോരെന്നുള്ള ചിലരുടെ കണ്ടുപിടുത്തത്തിനു ഒന്നാംതരം മറുപടിനൽകുകയുണ്ടായി.

രാത്രി ആലപ്പുഴ സാംസ്കാരികകേന്ദ്രത്തിന്റെ കലാപ്രകടനങ്ങൾ ഉണ്ടായിരുന്നു.

ഞായറാഴ്ചത്തെ സമ്മേളനം ഉത്ഘാടനംചെയ്തതു് ശ്രീ ഏ. കെ. ഗോപാലനായിരുന്നു. മി. ഗോപാലന്റെ അപ്രതീക്ഷിതമായ ആഗമനവാർത്ത അറിഞ്ഞതോടുകൂടി മൈതാനത്തു് അനേകായിരംജനങ്ങൾകൂടി. ശ്രീ പി ഭാസ്കരൻനായരുടെ സ്വാഗതപ്രസംഗത്തിനുശേഷം മി. ഗോപാലൻ സുദീർഘമായ ഒരു പ്രസംഗത്തോടുകൂടി സമ്മേളനം ഉത്ഘാടനംചെയ്തു. മി. ടി വി തോമസ് അദ്ധ്യക്ഷതവഹിച്ചു. മി. ശങ്കരനാരായണൻതമ്പി എം എൽ ഏ പ്രസംഗിച്ചു. പ്രസംഗങ്ങളുടെ ചില ഭാഗങ്ങൾ താഴെച്ചേർക്കുന്നു.

### ഏ. കെ. ഗോപാലൻ

"ഇന്നത്തെ തൊഴിലാളിപ്രവർത്തനങ്ങൾ, പൊതുവെ ഒരു രാഷ്ട്രീയപരിവർത്തനത്തെ ആശിച്ചുകൊണ്ടുള്ളതാണ്. ഭാരതമൊട്ടുക്ക് ഇങ്ങനെതന്നെ. കൂലി കൂട്ടിക്കിട്ടുവാൻ പണിമുടക്കുമാത്രമാണ, തൊഴിലാളിയുടെ ആയുധം. ഇന്നു സർവത്ര പണിമുടക്കു കാണാം. നിയമപാലിപാലനത്തിനു നിയമിതരായിട്ടുള്ള പോലീസുകാർകൂടി പണിമുടക്കുന്നു. ദൈവാരാധനയും പൂജയുമായി അമ്പലത്തിന്റെ ചന്ദനതിലുള്ളിൽ കഴിച്ചുകൂട്ടുന്ന ശാന്തിക്കാരൻകൂടി ഈയിടെ തൃശ്ശൂരിൽ പണിമുടക്കിയിരിക്കുന്നു. ഗവൺമെന്റിനോടു മാത്രമല്ല ഈശ്വരനോടുംകൂടി പണിമുടക്കായിരിക്കുന്നു. ഇതാണ് ഇന്നത്തെ ഭാരതത്തിന്റെ നില. ഒരു പരിവർത്തനദശയെ കാത്തു കഴിച്ചുപോകുന്ന ലോകത്തെ നിയമംകൊണ്ടു കെട്ടിനിറുത്താമെന്നാശിക്കുന്നതു തികച്ചും മഠയത്തരമാണ്.

ഇന്നു മുതലാളിമാരും തൊഴിലാളികളുടെ ഐക്യത്തെ ഭയക്കുന്നുണ്ട്. ഈയിടെ ബോംബയിൽ ഖർളാക്കമ്പനിയിൽ—67 ലക്ഷംരൂപാ ആദായംലഭിക്കയും 47 ലക്ഷം രൂപാ ആദായനികുതികൊടുക്കയും ചെയ്ത കമ്പനിയിൽ—തൊഴിലാളികൾ ബോണസ് ആവശ്യപ്പെട്ടതിനു ഒരു സ്ത്രീയും ഒരു കുട്ടിയും ഉൾപ്പെടെ 11 പേരെ വെടിവച്ചു കൊല്ലുകയാണുണ്ടായതു്. ഈവിധത്തിലുള്ള മുതലാളിമാരെ തൊഴിലാളികൾ മനസ്സിലാക്കേണ്ടതാണ്."

### ടി. വി. തോമസ്സ്

പണിമുടക്കുന്നതിനു 14 ദിവസം മുമ്പു നോട്ടീസ് കൊടുക്കണമെന്നുള്ള വ്യവസ്ഥ ഉടനെ മാററിക്കിട്ടണം. 11 ലക്ഷംരൂപാ ആദായനികുതി നൽകിയ ആലുവായിലെ ഒരു കമ്പനിയുടമസ്ഥൻ തൊഴിലാളികൾക്കു 27000 രൂപാ കൂടുതൽ കൂലികൊടുക്കാൻ മടിക്കുന്നു. ഒരു വിദേശകമ്പനി ഈ രാജ്യത്തുനിന്നു് ആദായമുണ്ടാക്കുകയും അതിന്റെ ന്യായമായ അംശം തൊഴിലാളികൾക്കുകൊടുക്കാൻ മടിക്കുകയുംചെയ്യുന്നതു തീരെ സഹിക്കാവുന്നതല്ല. ഈവിധമാണ് ഇവിടെ വന്നുചേരുന്ന വിദേശകമ്പനികളുടെ നയമെങ്കിൽ അതുടനെ മാററുകയാണ നന്നു്.

## വാർത്തകൾ

കൊളമ്പിലെ ആറായിരത്തോളം ഇറമുഖത്തൊഴിലാളികൾ പണിമുടക്കിയിരിക്കുകയാണ്. അവരുടെ ഒരു ഘോഷയാത്ര പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതിൽ 68 പേർക്കു പരുക്കുപററിയിട്ടുണ്ടു്.

മധുരയിലെ മോട്ടോർ തൊഴിലാളി പണിമുടക്ക് ഇതുവരെ അവസാനിച്ചിട്ടില്ല. അറസ്റ്റ്ചെയ്യപ്പെട്ടവർ മുന്നൂറോളം ആയിട്ടുണ്ടു്. ഇപ്പോൾ സ്ത്രീകളും കുട്ടികളും പിക്കററുചെയ്തുവരുന്നു.

സിലോണിലെ 2000 തോട്ടങ്ങൾക്കു അഞ്ചു ഡോക്ടറന്മാർ മാത്രമെ ഉള്ളവെന്നും നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം ഉണ്ടായിരുന്നിട്ടും 80 ശതമാനം കുട്ടികളെ സ്കൂളിൽ പോകുന്നുള്ളുവെന്നും തൊഴുത്തുപോലെയുള്ള ഷെഡ്ഡുകളിൽ വെറും തടവുകാരായിട്ടാണ അവർ ജീവിക്കുന്നതെന്നും സിലോൺഇന്ത്യൻ കോൺഗ്രസ്സ് പ്രസിഡണ്ടു് മി. തേണ്ടമാൻ പറയുന്നു.

അഖിലേന്ത്യാ റെയിൽവെ പണിമുടക്കിനുള്ള ഹിതപരിശോധനയിൽ പെറാമ്പൂർ [മദ്രാസ്] വർക്ക്ഷോപ്പിൽ 6330 തൊഴിലാളികളിൽ 6327 പേർ പണിമുടക്കു വേണമെന്നു വോട്ടുചെയ്തിരിക്കുന്നു. ജി ഐ പി, എം എസ്സ് എം, എസ്സ് ഐ ആർ, ബി ബി ആൻഡ് സി ഐ, ഈ ഐ, ബി ആൻഡ് ഏ എന്നീ റയിൽവെകളിൽ ഹിതപരിശോധന നടക്കുന്നുണ്ടു്. എൻ ഡബ്ളിയു റെയിൽവെയിൽ പണിമുടക്കു നോട്ടീസ് കൊടുത്തിരിക്കയാണ്.

രണ്ടുമാസത്തോളമായി പാപ്പിനിശ്ശേരി ആറോൺ മില്ലുകളിൽ നടന്നുകൊണ്ടിരിക്കുന്ന പണിമുടക്കം ഇതുവരെ അവസാനിച്ചിട്ടില്ല. തൊഴിലാളികളെ ഭയപ്പെടുത്താൻ ഗുണ്ടകളെ ഉപയോഗിച്ചു വരുന്നതായിട്ടാണറിവു്. പണിമുടക്കു നയിച്ചുകൊണ്ടിരിക്കുന്ന സഖാവു് പി കൃഷ്ണപിള്ള [ കേരള സംസ്ഥാന കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി]യെ ഗവൺമെന്റ് മലബാർ ജില്ലയിൽനിന്നു് പുറത്താക്കിയിരിക്കുന്നു. അദ്ദേഹത്തെ കാനറാ ജില്ലയിലേക്കു കൊണ്ടുപോയി.

ബോമ്പയിലെ ഗുമസ്തന്മാരുടെ പണിമുടക്ക് പൊളിക്കുവാൻ പട്ടാളത്തെ ഉപയോഗിക്കുന്നതിനെ നിശിതീകരിച്ചുകൊണ്ടു മഹാത്മഗാന്ധി ഹരിജനിൽ എഴുതിയ ലേഖനത്തെ ഇന്ത്യൻ ലേബർ ഫെഡറേഷൻ സെക്രട്ടറി മിസ്സ് മണിബൻകാര വിമർശിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിൽ തൊഴിലാളികളെ വെടിവയ്ക്കുവാൻ ഉപയോഗിച്ച പട്ടാളത്തെ സ്വരാജിൽ കരിങ്കാലന്മാരായി കൂടി ഉപയോഗപ്പെടുത്തുമെന്ന് അവർ അഭിപ്രായപ്പെടുന്നു.


തങ്കം
പവൻ
സ്വർണ്ണം
കട്ടികൾ

ഇവ ധാരാളമായും വിദേശമാർക്കററുകൾക്കനുസ്സൃതമായും ലഭിക്കുന്ന പ്രമുഖസ്ഥാപനം.

പി. ററി. ഏബ്രഹാം
കളരിക്കൽബസാർ. കോട്ടയം.



ഓറിയന്റ് സെൻട്രൽ ബാങ്ക് ക്ലിപ്തം
ഹെഡ് ഓഫീസ് കോട്ടയം

ബ്രാഞ്ചുകൾ:—കോട്ടയം, കോതമംഗലം, കുമരകം, പാലാ, പിറവം, ഈരാററുപേട്ട.

ഡയറക്ടറന്മാർ

1. പി. കെ. കുര്യൻ അവർകൾ ബി. എ. എൽ. എൽ. ബി. അഡ്വൊക്കേററ്, കോട്ടയം (Chairman)
2. ററി. ജേക്കബ് പുന്നൻഅവർകൾ ബി എ തേറത്താനം, കോട്ടയം.
3. പറയത്തു് ഇ. രാമനമേനോൻ അവർകൾ ലാൻഡ്ലോർഡ്, പറവൂർ.
4. കെ. ജെ. ചാണ്ടി അവർകൾ ലാൻഡ്ലോർഡ്, കൂട്ടിപ്പറമ്പിൽ വൈക്കം.
5. കെ. ഐ. വർക്കി അവർകൾ, പ്ലാൻറർ, കരിമ്പനാൽ, കാഞ്ഞിരപ്പള്ളി.
6. എം. സെയ്തമഹമ്മദ് റാവുത്തർ അവർകൾ ലാൻഡ്ലോർഡ്, മടത്തിൽ, കാഞ്ഞിരപ്പള്ളി.
7. ജോസ്സ് കള്ളിവയലിൽ അവർകൾ പ്ലാൻററർ, പാലാ.
8. ഫോർമിസ്സ് തരകൻ അവർകൾ അയ്യനാട്ടുപാറയിൽ, തൈക്കാട്ടുശേരി.
9. കെ. പി. മാത്യു അവർകൾ എം ഏ എൽ എൽ ബി (മാനേജിംഗ് ഡയറക്ടർ.)

ഈ ബാങ്കിന്റെ ഒരു ശാഖ എരുമേലിൽ 1946 ഏപ്രിൽ 27-ാംതീയതി ശനിയാഴ്ച തുറന്നു് പ്രവർത്തനം ആരംഭിച്ചിരിക്കുന്ന എന്നുള്ള വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ബാങ്കിംഗ്സംബന്ധമായ എല്ലാ ഇടപാടുകളും സൗകര്യപ്രദമായ രീതിയിൽ നടത്തികൊടുക്കുന്നതാണ്.

കെ. പി. മാത്യു, മാനേജിംഗ് ഡയറക്ടർ
സി. ജോസഫ് കൂട്ടിപ്പറമ്പിൽ സെക്രട്ടറി.
കോട്ടയം.
27—4—46

കഴിഞ്ഞ ആറു വർഷങ്ങൾ—യുദ്ധകാലം, ക്ഷാമം, യുദ്ധത്തിൽനിന്നു സമാധാനത്തിലേക്കുള്ള പരിവർത്തനത്തിന്റെ പ്രാരംഭം—ഇന്ത്യയിലെ സാമ്പത്തിക വ്യവസ്ഥിതി എത്രമാത്രം ജീർണ്ണിച്ചതാണെന്നു് (അതിനു തെളിവു കൂടിയേ തീരു എന്നാണെങ്കിൽ) അവസാനമായി കാണിച്ചുതന്നിരിക്കുന്നു.

അതിവിപുലമായ പ്രകൃതിവിഭവങ്ങളും, നമുക്കു പ്രയോജനപ്പെടുത്താവുന്ന ഭീമമായ പ്രയത്നശക്തിയും ഉണ്ടെങ്കിലും സമഗ്രമായ ഒരു യുദ്ധത്തിന്റെ ഭാരം താങ്ങാൻ നമുക്കു കെല്പില്ലെന്നു് ആ കാലം തെളിയിച്ചു.

വ്യവസായം, കൃഷി മുതലായ നമ്മുടെ സാമ്പത്തിക പ്രവർത്തനങ്ങൾ ഒരു ആധുനിക സമരത്തിനാവശ്യമായ സൈന്യസജ്ജീകരണത്തിനു യോജിച്ചതല്ലെന്നു മാത്രമല്ല സാധാരണ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, കിടപ്പിടം എന്നിവപോലും നൽകുന്നതിനു് അവയ്ക്കു കഴിവില്ലെന്നും, പ്രകടമാക്കുന്നു.

ഭക്ഷണക്ഷാമം, വസ്ത്രദൗർലഭ്യം, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണംചെയ്യുന്നതിലുള്ള അപ്രാപ്തിയും അഴിമതിയും സാധാരണക്കാരുടെ നിത്യോപയോഗസാധനങ്ങൾക്കുള്ള ദുർഭിക്ഷവും അമിതവിലയും എന്നിവ നമ്മുടെ സാമ്പത്തിക വ്യവസ്ഥിതിയെ അതിന്റെ പൂർണ്ണ നഗ്നരൂപത്തിൽ വെളിച്ചത്താക്കിയിരിക്കുന്നു.

പ്രശ്നത്തിന്റെ നിദാനം—ഭൂമി

ഈ ജീർണ്ണിച്ച സാമ്പത്തിക വ്യവസ്ഥിതിയുടെ എല്ലാം അടിയിലുള്ള പ്രശ്നം—വിദേശീയ മേധാവിത്വം കഴിഞ്ഞാൽ അടുത്ത അതിപ്രധാന പ്രശ്നം—ഭൂമിയുടെ ഉടമയാണു്.

നമ്മുടെ കൃഷി, വ്യവസായം, കച്ചവടം, ഗതാഗതം എന്നിവയിലെ പിന്നോക്കാവസ്ഥ, ഭാരതത്തെ സാമ്രാജ്യത്വത്തിന്റെ വ്യവസായത്തിനു വേണ്ട അസംസ്കൃതവിഭവങ്ങളുടെ ഉൽപ്പാദനസ്ഥാനമായും, ചരക്കുകൾ വിറ്റഴിക്കാനുള്ള വിപണിയായും, മിച്ചമൂലധനം മുടക്കുന്നതിനുള്ള രാജ്യമായും നിലനിറുത്തുവാൻവേണ്ടി അവർ കരുതിക്കൂട്ടി കൈക്കൊണ്ട നയത്തിന്റെ ഫലമാണെന്നു പറയുന്നതു് ശരിയാണെങ്കിൽ, സമുദായത്തിലെ ഏറ്റവും ജീർണ്ണിച്ച പിന്തിരിപ്പൻ ഘടകങ്ങളായ നാടുവാഴികളും ജന്മിമാരും മുഖേനയാണു് അതു വച്ചുപുലർത്തുന്നതു് എന്നുള്ളതും യഥാർത്ഥമാണു്. അവർ ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ മാത്രമല്ല, സാമുദായിക യാഥാസ്ഥിതികത്വത്തിന്റെയും നെടുംതൂണുകളാണു്. സാമ്രാജ്യവിരുദ്ധമായ എല്ലാ ജനകീയപ്രവർത്തനങ്ങളെയും അവർ എതിർത്തിട്ടുണ്ടെന്നു തന്നെയല്ല, നമ്മുടെ ജനതയെ ഉണർത്തുവാനുള്ള സാമുദായികവും, സാംസ്കാരപരവുമായ എല്ലാ പുരോഗമനപ്രസ്ഥാനങ്ങളെയും അവർ എതിർക്കുന്നുണ്ടു താനും. അവർ തങ്ങളുടെ യജമാനന്മാരെ അധികാരത്തിൽ നിലനിർത്തുവാൻവേണ്ടി പ്രവർത്തിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അനുചരന്മാർ മാത്രമല്ല, ബ്രിട്ടീഷ് ആയുധശക്തിയുടെ സംരക്ഷണമില്ലായിരുന്നെങ്കിൽ നമ്മുടെ

# ഇ. എം. എസ്. നമ്പൂതിരിപ്പാട്

# കർഷകരുടെ ദുരവസ്ഥ

## ഒരു കാര്യകാരണനിരീക്ഷണം — ഇന്ത്യയിലെ ഭൂസ്വത്തുപ്രശ്നം

ജനങ്ങൾ അടിച്ചുതെളിക്കുകയുമായിരുന്ന ഒരു സാമുദായിക വ്യവസ്ഥിതിയുടെ അവശിഷ്ടങ്ങളുമാണു്.

നമ്മുടെ ഇടയിൽ, ഈ സമുദായവിരുദ്ധശക്തി നിലനിൽക്കുന്നതുകൊണ്ടാണു് നമ്മുടെ കൃഷിയും കച്ചവടവും, വ്യവസായവും, സംസ്കാരവും ഇത്ര പിന്നോക്കം കിടക്കുന്നതു്. നമ്മുടെ ഹരിജനസോദരന്മാരെ മദ്ധ്യകാലസ്ഥാപനങ്ങളുടെ അടിമയായി ഇട്ടിരിക്കുന്നതും, നമ്മുടെ സ്ത്രീകളെ എല്ലാത്തരം അടിമത്വത്തിലും ബന്ധിച്ചിരിക്കുന്നതും, സാംസ്കാരിക നവോത്ഥാനത്തെ സർവ്വവിധത്തിലും പ്രതിരോധിക്കുന്നതും ഇതുതന്നെയാണു്. അവരുടെ യജമാനന്മാരെ 'ഇന്ത്യ വിടുവാൻ' നാം നിർബന്ധിതരാക്കുന്നതോടുകൂടിത്തന്നെ ഈ പിന്തിരിപ്പൻ ശക്തികളെ അവരുടെ അധികാരസ്ഥാനങ്ങളിൽനിന്നു മാറ്റാത്തപക്ഷം, ഏതു സാമ്പത്തികപുനഃസംവിധാനപദ്ധതികളും, സമുദായപരിഷ്കരണ പ്രവർത്തനങ്ങളും, സാംസ്കാരികപ്രസ്ഥാനങ്ങളും നമ്മുടെ ജനങ്ങളെ നവീകരിക്കുവാൻ ഉപകരിക്കുകയില്ല.

നാടുവാഴികൾ-വാഴ്ത്തപ്പെട്ട ജന്മികൾ

ജന്മികളെപ്പറ്റി ഞാൻ പറയുന്നതു് എല്ലാം പൊതുവെ നാടുവാഴികളെയും ബാധിക്കുന്നതാണു്. കാരണം, അവർ വാഴ്ത്തപ്പെട്ട ജന്മികൾ മാത്രമാണു്. നമ്മുടെ ജനങ്ങൾക്കു സ്വാതന്ത്ര്യവും; ജനാധിപത്യപരവുമായ ഒരു ജീവിതം സൃഷ്ടിക്കുന്നതിനു ജന്മിത്വം ഉന്മൂലനംചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് എനിക്കു സ്ഥാപിക്കാൻ കഴിയുമെങ്കിൽ (ഈ ലേഖനത്തിൽ അതു സാധിക്കുമെന്നാണു് എന്റെ വിശ്വാസം) ഒരു പ്രജായത്തഭരണം സൃഷ്ടിക്കുന്നതിനു നാടുവാഴികളുടെ ഏകാധിപത്യം നീക്കംചെയ്യുന്നതു് ആവശ്യമാണെന്നും അതിൽനിന്നു തെളിയും.

ജന്മിത്വത്തെ പാടെ വിപാടനം ചെയ്യണമെന്നു വാദിക്കുന്നവർ കമ്മ്യൂണിസ്റ്റുകാരുടെയും, സോഷ്യലിസ്റ്റുകാരുടെയും തീവ്രവാദികളുടെയും മാത്രം ഇടയിൽ കാണപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു അധികം പണ്ടല്ല. കാർഷികവിപ്ലവവാദികളെ 'അപകടം പിടിച്ച വിപ്ലവകാരി'കളായി, ഉദ്യോഗസ്ഥമേധാവിത്വവും, 'അക്രമപ്രസക്തരെന്നു്' ഗാന്ധിജിയും, അദ്ദേഹത്തിന്റെ ശിഷ്യന്മാരും, 'ഭാരതീയസംസ്കാരത്തിന്റെ ശത്രുക്കളെന്നു' മിതവാദികളും 'അപ്രായോഗിക സ്വപ്നജീവികളെന്നു്' എല്ലാവരും ഗണിച്ചിരുന്നു.

1943—ലെ ബംഗാൾക്ഷാമം ഈ അഭിപ്രായത്തിനു് ഒരു ആഘാതമായിരുന്നു. ഇന്ത്യയുടെ 70 ശതമാനം ജനങ്ങളുടെയും ഏകതൊഴിൽ കൃഷിയായിരുന്നിട്ടും കൃഷി ചെയ്യപ്പെടുന്ന സ്ഥലത്തിൽ 81 ശതമാനവും ഭക്ഷ്യോൽപ്പാദനത്തിനു് വിനിയോഗിക്കപ്പെട്ടിരുന്നിട്ടും ബഹുലക്ഷം ബംഗാളികളെ കൊന്ന ഒരു ക്ഷാമത്തെ തടയുവാൻ ഭക്ഷണദൗർല്ലഭ്യം അനുവദിച്ചില്ലെന്നു അതു് തെളിയിച്ചു. ഈ ഭീകരയാഥാർത്ഥ്യത്തിന്റെ മുമ്പിൽ ഇന്ത്യൻ കാർഷികരംഗത്തു് എല്ലാം സ്വച്ഛമാണെന്ന ആത്മസംതൃപ്തിയോടുകൂടി ഒരുവനും വിശ്വസിക്കാൻ കഴിഞ്ഞില്ല.

### എന്തുകൊണ്ടു കൃഷി പിന്നോക്കമായിരിക്കുന്നു

ബംഗാൾ മുതലായ ക്ഷാമങ്ങൾക്കു് കാരണം ബർമ്മായിൽനിന്നുള്ള ഇറക്കുമതി നിലച്ചുപോയതാണെന്നു പറഞ്ഞു് ഒഴിഞ്ഞു കളയാൻ നിവൃത്തിയില്ല. ഇന്ത്യ സർവ്വപ്രധാനമായി ഒരു കാർഷിക രാജ്യമാണു്: ഇന്ത്യയിലെ മുഖ്യകൃഷി ഭക്ഷണസാധനങ്ങളാണു് ഈ രണ്ടു കാര്യങ്ങളുണ്ടായിട്ടും ഇന്ത്യയ്ക്കു ഭക്ഷണസാധനങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്നില്ലെന്നതന്നെയല്ല, സ്വന്തം ജനങ്ങളെ തീറ്റിപ്പോറ്റാൻകൂടി കഴിവില്ലെന്നു വന്നാൽ കൃഷിയിൽ എന്തോ തകരാറുണ്ടെന്നു മനസ്സിലാക്കാം.

ഇന്ത്യ കാർഷികരാജ്യമാണെങ്കിലും ഭൂമിയുടെ ശരാശരിവിളവു വളരെ താണതായതുകൊണ്ടാണു് ആവശ്യത്തിനു ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയാത്തതെന്നു സാധാരണ പറയാറുണ്ടു്. അമേരിക്ക, ബ്രിട്ടൻ, സോവിയറ്റ് യൂണിയൻ മുതലായി വളർച്ചപ്രാപിച്ചിട്ടുള്ള രാജ്യങ്ങളിലെ വിളവു് ഇന്ത്യയുടെ മൂന്നുനാലിരട്ടിയാണു്. ഇതിന്റെ അർത്ഥം ഈ പറഞ്ഞ രാജ്യങ്ങളെപ്പോലെ സാങ്കേതികപുരോഗതി ഉണ്ടായിരുന്നെങ്കിൽ നമുക്കു ബംഗാൾക്ഷാമംപോലെയുള്ള ദുർഘടഘട്ടങ്ങൾ തരണംചെയ്യാമായിരുന്നെന്നുമാത്രമല്ല; ബുഭുക്ഷുക്കളായ ഇതരരാഷ്ട്രങ്ങൾക്കു വളരെ ഭക്ഷണസാധനങ്ങൾ കൊടുക്കുവാനും നമുക്കു കഴിയുമായിരുന്നു.

പക്ഷെ എന്തുകൊണ്ടാണു നമ്മുടെ വിളവു ഇത്ര കുറഞ്ഞിരിക്കുന്നതു; നമ്മുടെ കൃഷിക്കാർക്കു് അന്യരാജ്യങ്ങളിലെ അവരുടെ സഹോദരന്മാരെപ്പോലെ ഉല്പാദിപ്പിക്കാൻ കഴിയാത്തതെന്താണു് കൃഷിശാസ്ത്രത്തിലെ കണ്ടുപിടുത്തങ്ങളെ മനസ്സിലാക്കുന്നതിൽ നമ്മുടെജനങ്ങൾ പിന്നോക്കം നില്ക്കുന്നു, എന്നാണു സാധാരണ ഉത്തരംലഭിക്കാറുള്ളതു്.

ഇന്ത്യൻകർഷകന്റെമടയത്തമാണു, നൂതനവിദ്യകൾ പ്രയോഗിക്കുവാനുള്ള പ്രാപ്തിക്കുറവാണു്, അവന്റെ ജീവിത യാഥാസ്ഥിതികത്വമാണു്, അന്യരാഷ്ട്രങ്ങളിലെ കർഷകരെക്കാൾ അവനെ കഴിവുകുറഞ്ഞവനാക്കുന്നതു്.

### സാങ്കേതികം മാത്രമല്ല

800 പുറങ്ങളുള്ള ഒരു റിപ്പോർട്ടു് തയ്യാറാക്കിയ ലിൻലിത്ഗോ കമ്മീഷന്റെ പുറകിലുണ്ടായിരുന്ന ചിന്താഗതി ഇതായിരുന്നു. ഇന്ത്യൻ കർഷകനെ നവീന സാങ്കേതികരീതികൾ സ്വീകരിപ്പിക്കുന്നതിനെപ്പറ്റി വളരെനിർദ്ദേശങ്ങൾ ആ റിപ്പോർട്ടിലുണ്ടു്. (കമ്മീഷനു ജന്മിത്വത്തെപ്പറ്റി പര്യവേഷണം നടത്തുവാൻ അനുവാദമില്ലായിരുന്നെന്നും അതും കാർഷിക സാങ്കേതികരീതികളുമായി ബന്ധമില്ലെന്നു അവർ ഗണിച്ചിരുന്നെന്നും ഇവിടെ എടുത്തു പറയേണ്ടതുണ്ടു്.)

ഇതുതന്നെയാണു് ഗവർമ്മെന്റിന്റെ കർഷക ഡിപ്പാർട്ടുമെന്റിന്റെയും മനോഭാവം. അതിലെ ഉദ്യോഗസ്ഥന്മാരുടെ ജോലി കൃഷി ചെയ്യാൻ കർഷകനെ പഠിപ്പിക്കുകയാണു് കർഷകന്റെ ദൈനംദിന പ്രശ്നങ്ങളെ പരിഹരിക്കാൻ സഹായിക്കുകയില്ല.

1943-ലെ ബംഗാൾക്ഷാമം റോയൽ കമ്മീഷൻ റിപ്പോർട്ടു പ്രസിദ്ധീകൃതമായി 10 വർഷംകഴിഞ്ഞിട്ടാണു്. എല്ലാസംസ്ഥാനങ്ങളിലും കർഷകഡിപ്പാർട്ടുമെന്റുകൾ 30 വർഷമായി പൊടിപൊടിയായി പ്രവർത്തനം നടത്തിയിട്ടും കാർഷിക സാങ്കേതികരീതിയിൽ ഒരു പുരോഗമനവും ഉണ്ടായിട്ടില്ല. ഇന്നും ഇന്ത്യൻ കർഷകൻ 50 വർഷം മുമ്പായിരുന്നിടത്തോളം പിന്നോക്കമാണു്. ഈ വാസ്തവങ്ങൾ ഇന്ത്യയിൽ ക്ഷാമം ആവർത്തിക്കുന്നതു് കർഷകന്റെ യാഥാസ്ഥിതികത്വമാണെന്ന വാദഗതിയുടെ കുറവിനെ വെളിപ്പെടുത്തുന്നു. സാങ്കേതികമൊഴിച്ചു് മറ്റേതോ തെറ്റു് നമ്മുടെ കാർഷികരീതിയിലുണ്ടെന്നു് അവയെല്ലാം തന്നെ കാണിക്കുന്നു.

ഇതുകൊണ്ടാണു് ഇന്ത്യൻ ക്ഷാമാന്വേഷണകമ്മീഷൻ (1945) താഴെ കൊടുക്കുന്ന ചോദ്യം അവരുടെ പ്രശ്നാവലിയിൽഉൾപ്പെടുത്തിയതു്.

"ഇന്നു നിലവിലിരിക്കുന്ന ഭൂമിയുടമരീതിയിൽ മാറ്റങ്ങൾ ഉണ്ടാകാത്തപക്ഷം കാർഷികോല്പാദനത്തിൽ ഗണ്യമായ വർദ്ധനവോ; കാർഷികവർഗ്ഗത്തിന്റെ ജീവിതതോതിൽ ഗണ്യമായ ഉയർച്ചയോ അസാദ്ധ്യമാണെന്ന ഒരു അഭിപ്രായമുണ്ടായിട്ടുണ്ടു്. നിങ്ങൾ ഈ അഭിപ്രായത്തോടുയോജിക്കുന്നുണ്ടോ."

ഭക്ഷ്യോല്പാദനപ്രശ്നങ്ങൾ, ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണു് അതിൽനിന്നു് വേറിട്ടല്ല പരിഗണിക്കേണ്ടതെന്ന പരമാർത്ഥം സുവ്യക്തമായി കഴിഞ്ഞിരുന്നു. (തുടരും)

[12-ാംപേജിൽനിന്നും തുടർച്ച]

ച്ചതു്. ശ്രീ താണുപിള്ളയുടെ വാദഗതിക്കു പ്രതിബന്ധംനേരിട്ടു. അദ്ദേഹത്തിന്റെ വികാരാവേശം മുഖത്തു പ്രത്യക്ഷമായി. ചീഫ് ജസ്റ്റീസ്സിന്റെ ഫലിതംകേട്ടു കോടതിമുറിയിലുള്ളവർ ഉറക്കെ ചിരിച്ചു. ശ്രീ താണുപിള്ള ക്ഷോഭം അടക്കിക്കൊണ്ടു് വിനയസ്വരത്തിൽ ഇങ്ങനെ പ്രസ്താവിച്ചു. "എന്റെ കക്ഷിയുടെ അപകടപൂർണ്ണമായ അവസ്ഥയെപ്പറ്റി ചിന്തിക്കുമ്പോൾ അങ്ങയുടെ ഫലിതംകേട്ടു ചിരിക്കുവാനൊ അതു ആസ്വദിക്കുവാനൊ എനിക്കു കഴിയുന്നില്ലെന്നു ഞാൻ ഖേദപുരസ്സരം പ്രസ്താവിക്കട്ടെ." കേട്ടതിമുറി നിശ്ശബ്ദമായി. ശ്രീ താണുപിള്ള ഉന്നതഗോപുരംപോലെ ഉയർന്നുനിന്നു തന്റെ പ്രസംഗം തുടർന്നു.

Reg. No.
T. 66

# PRASANNA KERALAM

License No. 390
Dated 15 - 6 - 1939

(ഒന്നാംപേജിൽനിന്നു തുടർച്ച)

പ്പിച്ചുകൊണ്ട് ഭൂരിപക്ഷ അഭിപ്രായത്തിനു കീഴ്‌വഴങ്ങിയ ശ്രീ താണുപിള്ള ഒരു ത്യാഗമൂർത്തിയെപ്പോലെ സർവ്വസ്വവും ത്യജിച്ചതിനുശേഷം സ്റ്റേറ്റുകോൺഗ്രസ്സ് സംഘടനയെ നയിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ പട്ടംതാണുപിള്ള ഒരു സമാധാനകാംക്ഷിയാണ്. അദ്ദേഹം ഒരു വിപ്ലവകാരിയോ വിധ്വംസക പ്രവർത്തകനോ അല്ല. അധികാരശക്തികളുമായി സംഘട്ടനമുണ്ടാക്കുവാൻ ആവേശംകൊള്ളുന്നവരും തൽഫലമായുണ്ടാകാവുന്ന പ്രശസ്തിയും പ്രാമാണ്യവും പ്രക്ഷുബ്ധതയും കാംക്ഷിക്കുന്നവരും സമരനായകന്മാരെപ്പോലെ ഏതവസരത്തിലും പൊതുജനദൃഷ്ടിയിൽനിന്നു മറയാതെ നിൽക്കുവാൻ അഭിലഷിക്കുന്നവരും എവിടെയും സുലഭമാണ്. എന്നാൽ പ്രക്ഷുബ്ധത കാംക്ഷിക്കാതെ ചുററുപാടുകളുടെ സാഹചര്യംമൂലം ഒരു പ്രക്ഷോഭകാരിയായി രൂപാന്തരപ്പെട്ട പൊതുകാര്യപ്രസക്തനാണ് ശ്രീ പട്ടംതാണുപിള്ള. അദ്ദേഹത്തിന്റെ ഇതപര്യന്തമുള്ള ജീവചരിത്രം ഇതു വെളിപ്പെടുത്തുന്നുണ്ട്.

സ്റ്റേറ്റുകോൺഗ്രസ്സിന്റെ ആവിർഭാവത്തിനു മുമ്പുള്ള അദ്ദേഹത്തിന്റെ പൊതുകാര്യജീവിതം ആദർശശുദ്ധവും നിസ്സ്വാർത്ഥപരവുമായിരുന്നു എന്നു അദ്ദേഹത്തിന്റെ പ്രതിയോഗികൾപോലും സമ്മതിച്ചേ മതിയാകൂ. ശ്രീ താണുപിള്ളയുടെ നിയമസഭാജീവിതം അദ്ദേഹത്തിനും അദ്ദേഹം പ്രതിനിധീകരിച്ചിട്ടുള്ള നിയോജക മണ്ഡലത്തിനും അഭിമാനജനകം തന്നെയാണ്. പൊതുജനങ്ങളെ അഭിമുഖീകരിക്കുന്ന ജീവൽപ്രശ്നങ്ങളെപ്പററി നിയമസഭയിൽ പ്രതിപാദിക്കേണ്ടി വന്നിട്ടുള്ള ഘട്ടങ്ങളിലെല്ലാം അദ്ദേഹം സ്വാർത്ഥമോ അധികാരികളുടെ പ്രീതിയോ ഗണ്യമാക്കാതെ പൊതുനന്മയെ മാത്രം ലക്ഷ്യമാക്കി ധീരധീരം പോരാടിയിട്ടുണ്ട്. വ്യക്തിപരമായ ഉന്നമനത്തിനും സ്വകാര്യലാഭത്തിനുംവേണ്ടി ഒരിക്കലെങ്കിലും അദ്ദേഹം പൊതുജന താൽപ്പര്യങ്ങളെ ബലികഴിച്ചിട്ടുണ്ടെന്നോ സർക്കാരിന്റെയോ ഉദ്യോഗസ്ഥലോകത്തിന്റെയോ അസംതൃപ്തിയെ ഭയന്നോ അൽപ്പമെങ്കിലും ഭീരുത്വം പ്രദർശിപ്പിച്ചിട്ടുണ്ടെന്നോ ആർക്കും പറയുവാൻകഴിയുന്നതല്ല. ഏതെങ്കിലും വിഷയങ്ങളെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ തെററിയിട്ടുണ്ടെങ്കിൽതന്നെ അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെ അപലപിക്കുവാൻ ആരും തുനിഞ്ഞിട്ടില്ല. സ്വാർത്ഥവും സേവയും ഭീരുത്വവും ഒന്നിച്ചു സമ്മേളിച്ചു നാനാവശങ്ങളിലും നിരാശയും നിസ്സഹായതയുമാകുന്ന അന്ധകാരവും അദ്ദേഹത്തെ വലയംചെയ്യുമ്പോഴും ഏകനായി ധീരതയോടുകൂടി അദ്ദേഹം ചെറുത്തുനിന്നു പോരാടിയിട്ടുള്ള രംഗങ്ങൾ നമ്മുടെ നിയമസഭാ ചരിത്രത്തിൽ ഒട്ടും അപൂർവ്വമല്ല. സാമ്പത്തികമോ സാമുദായികമോ രാഷ്ട്രീയമോ ആയ വിഷയങ്ങളെക്കുറിച്ച് കൂലംകഷമായി പഠിച്ച് അധികൃതമായ അഭിപ്രായങ്ങൾ അപ്രതിഷേധ്യമായ വാദമുഖങ്ങൾകൊണ്ടു സ്ഥാപിക്കുവാൻ ഒരുപക്ഷെ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ലെന്നു വരാം. എന്നാൽ അറിവുള്ള വിഷയങ്ങളെപ്പററി ശക്തിയേറിയ ഭാഷയിൽ യുക്തിയുക്തങ്ങളായ വാദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വികാരഭരിതനായി അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങൾ പ്രതിയോഗികളുടെ അനന്യസാമാന്യമായ ശ്രദ്ധയെ ബന്ധിച്ചു നിറുത്തിയിട്ടുണ്ട്. അങ്ങിനെയുള്ള ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ യുക്തിയുക്തമായ വിശകലനശക്തിയും അടക്കം വാദഗതിയും അന്യാദൃശമാണ്. ഉത്തരവാദഭരണം നിലവിലിരിക്കുന്ന ഒരു രാജ്യത്തായിരുന്നുവെങ്കിൽ ഇരുപത്തിനാലു മണിക്കൂറിനകം അധികാരത്തിലിരിക്കുന്ന ഗവർമെന്റിനെ തകിടംമറിക്കുവാൻ പോററിയ വിനാശകരങ്ങളായ പ്രസംഗങ്ങൾ നിയമസഭയിൽ അദ്ദേഹം ചെയ്തിട്ടുള്ളതു ചിത്രകാരൻ ഒന്നിലധികം തവണ ശ്രവിച്ചിട്ടുണ്ട്. ശ്രീ താണുപിള്ളയുടെ അത്യുന്നതമായ അഭിമാനബോധത്തെ കരുതിക്കൂട്ടിയല്ലാതെ പോലും അല്പം ഒന്നു സ്പർശിക്കുവാൻ നിയമസഭകളിലൊ കോടതിമുറികളിലൊ ആരെങ്കിലും ഉദ്യമിക്കുകയാണെങ്കിൽ അപ്പോഴാണ്, അദ്ദേഹത്തിന്റെ ഗാംഭീര്യവും അത്യുൽകൃഷ്ടമായ വചോവിലാസവും അതിന്റെ പാരമ്യത്തിലേക്കു കുതിക്കുന്നതു്. സിംഹതുല്യമായ ഉഗ്രപ്രഭാവത്തോടെ തിരിഞ്ഞുനിന്നു നിർദ്ദയമായി നിർദ്ദളിക്കുന്ന പദപ്രയോഗങ്ങൾകൊണ്ടും ആശയപ്രൗഢികൊണ്ടും അദ്ദേഹം പ്രതിയോഗികളെ അസ്വസ്ഥരാക്കുന്നു. സ്റ്റേറ്റുകോൺഗ്രസ്സ് പ്രക്ഷോഭണങ്ങളുടെ ആരംഭദശയിൽ പോലീസ് അഴിമതികളെപ്പററിയുള്ള നിയമസഭാവിമർശനങ്ങൾക്കു മറുപടിപറയുവാൻ പ്രസംഗമാരംഭിച്ച കമ്മീഷണർ സ്റ്റേറ്റുകോൺഗ്രസ്സിനെപ്പററി പ്രസ്താവിക്കേണ്ടിവന്ന ഘട്ടങ്ങളിലെല്ലാംതന്നെ The so called State Congress (സ്റ്റേറ്റുകോൺഗ്രസ്സ് എന്നു വിളിക്കപ്പെടുന്ന സംഘടന) എന്നു ഹാസ്യരസത്തിൽ ആവർത്തിച്ചു കൃതാർത്ഥതനേടി. പോലീസ് കമ്മീഷണരുടെ പ്രസംഗാനന്തരം ശ്രീ താണുപിള്ള സ്വസ്ഥാനത്തു എഴുന്നേററുനിന്നു. ഇന്നു് ഉദ്യോഗത്തിൽനിന്നു വിരമിച്ചിരിക്കുന്ന കമ്മീഷണർ [The so called Police Commissioner] "പോലീസ് കമ്മീഷണർ എന്നു പറയപ്പെടുന്ന ഉദ്യോഗസ്ഥനെ"പ്പററി ശ്രീ താണുപിള്ള അന്നുചെയ്ത പ്രക്ഷോഭജനകമായ പ്രക്ഷോഭജനകമായ പ്രസംഗം ഇപ്പോഴും വിസ്മരിച്ചിരിക്കാനിടയില്ല. എ നാരായണപിള്ളക്കേസ് എന്നു പ്രസിദ്ധമായിക്കഴിഞ്ഞിരിക്കുന്ന രാജദ്രോഹക്കേസ്സിൽ മി. നാരായണപിള്ളയുടെ ജാമ്യഹർജി അന്നു ചീഫ്ജസ്റ്റീസ്സായിരുന്ന എബ്രഹാം വറുഗീസിന്റെമുമ്പിൽ ഹൈക്കോടതിയിൽ വാദിച്ചതു മി. താണുപിള്ളയായിരുന്നു. മി. താണുപിള്ളയുടെ തീഷ്ണവും വികാരഭരിതവുമായ വാദം നടന്നുകൊണ്ടിരിക്കുമ്പോൾ മി. എബ്രഹാം വറുഗീസ് ന്യായാധിപപീഠത്തിലിരുന്നുകൊണ്ടു വിനോദസ്വരത്തിൽ അസംഗതമായി ഒരു ഫലിതം തട്ടിമൂളിച്ചു. ബ്രിട്ടീഷിന്ത്യയിൽ നടന്നിട്ടുള്ള അശ്ലീലമായ ഒരു കണ്ടികളാകേസിനെപ്പററിയും ഒരു സബ്‌രജിസ്ട്രാരുടെ വിക്രിയകളെക്കുറിച്ചുമാണ് അദ്ദേഹം പ്രസ്താവി

[ശേഷം 11-ാം പേജിൽ]

# സിനിമാ

## സുഭദ്ര

കോട്ടയം സെൻട്രൽ തീയേറററിൽ ഒരു വാരക്കാലം പ്രദർശിപ്പിച്ച് രണ്ടാംവാരത്തിലേക്കു പ്രവേശിച്ചിരിക്കുന്ന "സുഭദ്രയ്ക്കു" മററു തമിഴ് പടങ്ങളെക്കാൾ ഒരു മെച്ചമുണ്ട്. പെരുമ്പാമ്പുപോലെ അന്തമില്ലാതെ അനേക റീലുകളോടുകൂടി മൂന്നരയും നാലും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന അംബികാപതിയെ അപേക്ഷിച്ചു സുഭദ്ര തുലോം ചെറിയ പടമാണ്. മൂന്നു പാതിരാക്കുമുമ്പ് സെക്കൻസ്ഷോ കഴിഞ്ഞു വീട്ടിലെത്താമെന്നു ചുരുക്കം.

അർജ്ജുനൻ സന്യാസി വേഷത്തിൽച്ചെന്നു സുഭദ്രയെ കൃഷ്ണന്റെ സഹായത്തോടുകൂടി അപഹരിക്കുന്ന സുപ്രസിദ്ധ ഭാരതകഥ ഒരു ഡയറക്ടരുടെ തലതിരിഞ്ഞ മൂളയിൽക്കൂടി [മിക്ക തമിഴ്‌സിനിമാ ഡയറക്ടറന്മാരെയുംപോലെ] കയറിയിറങ്ങിയതാണ് "സുഭദ്ര." പുരാണകഥകൾ സ്വീകരിച്ചു സിനിമയാക്കി വഷളാക്കുന്നരീതി തമിഴ്‌സിനിമാനിർമ്മാതാക്കൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ലല്ലോ.

തമിഴ് ചിത്രത്തിലെ ഫലിതരംഗങ്ങൾക്കു അംഗിയായ കഥയോടു യാതൊരു ബന്ധവുമില്ലായിരിക്കുക എന്നൊരു പ്രത്യേകതയുണ്ടല്ലോ. ആ പ്രത്യേകത സുഭദ്രയിലും കാണാം. ഒരു രാജന്റെ ഉരതിവീർത്തവയറും മനോനർത്തികളോ അനുകരണീയമോ അല്ലാത്ത ചേഷ്ടകളും എല്ലാംകൂടി സുഭദ്രയിലെ ഫലിതം ഡയറക്ടരെ"സംബന്ധിച്ചടത്തോളം ഒരു സ്ഖലിതമായിട്ടുണ്ട്.

ശാമാ ഇതിൽ വെറും ഒരു വേഷമാണ്-ബാലദേവൻ. ഒന്നുംപറയാൻ കാണുന്നില്ല-അത്രപ്രധാനമല്ലാത്ത കഥാപാത്രം അങ്ങനെ പൊയ്ക്കൊള്ളട്ടെ.

വേഗംതീരുന്നു എന്നമെച്ചം ഏതാനും കളർരംഗങ്ങൾ കാളിയമർദ്ദനം ഡാൻസ് ഇത്രയുംകൊണ്ടു മുടക്കിയ പണം പാഴായില്ല എന്ന് ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ സുഭദ്ര തരക്കേടില്ലെന്നു അവർ പറഞ്ഞുകൊള്ളട്ടെ. നാം എന്തിനു ആ മഹാപാപം ചെയ്യുന്നു.

## മൂന്നാം വിവാഹം

രണ്ടുഭാര്യമാരും ഒട്ടേറെ സന്താനങ്ങളും ഉള്ള ബാബുറാവു പട്ടേൽ (ഫിലിം ഇന്ത്യ പത്രാധിപർ) സുശീലാറാണിയെ വിവാഹം കഴിച്ചിരിക്കുന്നു. വിവാഹം ഏററവും അനാഡംബരമായി നടത്തപ്പെട്ടു. അവർ ഇപ്പോൾ മധുവിധു കൊണ്ടാടുകയാണത്രെ; ബാബുറാവുവിന്റെ ആദ്യഭാര്യമാർ ഇരുവരും ഈ വിവാഹത്തിൽ സംബന്ധിച്ചു വധൂവരന്മാർക്ക് നിത്യകല്യാണം നേരുകയുണ്ടായി.

....0—

കാൽസിഫെറോ
(രജിസ്റ്റേർഡ്)
കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു.
അസ്ഥിവളർച്ചക്കും ശരീരപുഷ്ടിക്കും ഉത്തമം
ഫലസിദ്ധിയുള്ള പല അപൂർവ്വ ഔഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നീഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മാൾട്ടും ചേർത്തു് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്.
എല്ലാമരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

Printed and published by Anjiliparampil Kumaran at the Geo printinq works, Kottayam.